# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

നവംബർ 2024 | വാല്യം 51 ലക്കം 8 | പേജ് 12 | വില 10.00 രൂപ

UNITY Monthly | November 2024 | Volume 51 Issue 8 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


# തൊഴിലാളികൾക്കുമേൽ നിർബാധ ചൂഷണത്തിന് വഴിയൊരുക്കുന്ന ലേബർ കോഡുകൾ

**എട്ട് മണിക്കൂർ അദ്ധ്വാനം, ന്യായയുക്തമായ കൂലി (ഫെയർ വേജ്) സുരക്ഷിതമായ സ്ഥിരംജോലി എന്നീ അടിസ്ഥാന സങ്കൽപങ്ങളെ ആധാരമാക്കി സ്ഥാപിച്ചുറപ്പിക്കപ്പെട്ടതായിരുന്നു ലിബറൽ ജനാധിപത്യ കാലഘട്ടത്തിലെ തൊഴിൽനിയമങ്ങൾ. സ്ഥിരംതൊഴിലിന്റെ സ്ഥാനത്ത് ഫിക്സഡ് ടേം എംപ്ലോയ്മെന്റും രാപകൽ നീളുന്ന തൊഴിൽ സമയവും ഫെയർ വേജിന്റെ സ്ഥാനത്ത് ഫ്ലോർ വേജും(തറനിരപ്പിലുള്ള കൂലി) തൊഴിൽ സുരക്ഷാരാഹിത്യവുമാണ് പുതിയ തൊഴിൽ കോഡുകളുടെ കേന്ദ്ര ബിന്ദു. മോദി സർക്കാർ അടിച്ചേൽപ്പിച്ച തൊഴിൽ നിയമ പരിഷ്കാരങ്ങൾ കോർപ്പറേറ്റ് കാലത്തെ തൊഴിൽ സേനയുടെ രൂപകൽപനയാണ് ലക്ഷ്യംവയ്ക്കുന്നത്.**



**തൊ**ഴിലാളികളെ മരണത്തിലേക്ക് തള്ളിവിടുന്നതോ ഗുരുതര പരിക്കുകളേൽപ്പിക്കുന്നതോ ആയ വ്യാവസായിക അപകടങ്ങൾ അമ്പരപ്പുളവാക്കുന്ന വിധത്തിൽ പെരുകുകയാണ്. ആഗസ്റ്റ് 17ന് ആന്ധ്രയിലെ അനകപ്പള്ളി ജില്ലയിലെ അച്യുതപുരം സ്പെഷ്യൽ എക്കോണമിക്സോണിൽഎസൻഷ്യ അഡ്വാൻസ് സയൻസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നടന്ന അപകടത്തിൽ വിലപ്പെട്ട 17 ജീവനുകൾ നഷ്ടപ്പെടുകയും 36 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 2019 മുതൽ, വിശാഖപട്ടണം ജില്ലയിൽ മാത്രം 119 വ്യാവസായിക അപകടങ്ങളിലായി 120 മരണങ്ങളുണ്ടായതായി ആന്ധ്ര മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ആഗസ്റ്റ് 22ന് പത്രക്കാരോട് പറഞ്ഞു. സ്പെഷ്യൽ എക്കണോമിക് സോണുകളിൽ അപകടങ്ങൾ സ്ഥിരസംഭവങ്ങളായി മാറിയിരിക്കുന്നുവെന്ന് ഇത് വെളിവാക്കുന്നു. ഗുജറാത്തിൽ 2020 മുതൽ 587 വ്യാവസായിക അപകടങ്ങളിലായി 700 ഓളം തൊഴിലാളികൾ മരണമടയുകയും 213 പേർക്ക് പരിക്ക് പറ്റുകയും ചെയ്തുവെന്ന് ഗുജറാത്തിലെ 'ഡബിൾ എൻജിൻ' സർക്കാർ 2023 സെപ്റ്റംബറിൽ നിയമസഭയിൽ വെളിപ്പെടുത്തുകയുണ്ടായി. 2020-21നും 2022-23നുമിടയിൽ വ്യാവസായിക അപകടങ്ങളിൽ 17% വർദ്ധനവാണ് ഈ'ഉന്മേഷകര'മായ സംസ്ഥാനം ദർശിച്ചത്. 2018നും 2022നുമിടയിൽ ഡൽഹിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട 13,464 ഫാക്ടറികളിൽ, 118 മാരകമായ അപകടങ്ങൾ ഉണ്ടായതായി തൊഴിൽ വകുപ്പ് പുറപ്പെടുവിച്ച കണക്കുകളിൽ പറയുന്നു.

ഒക്ടോബർ 7ന് പശ്ചിമബംഗാളിലെ ബിർഭൂം ജില്ലയിൽ സ്വകാ

(ശേഷം 3-ാം പേജിൽ)

## കൊടകര കുഴൽപ്പണക്കേസ്

# ബിജെപിയുടെ ജീർണ്ണമായ രാഷ്ട്രീയം തുറന്നുകാട്ടുന്നു

**ബി**ജെപി തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ മുൻ ഓഫീസ് സെക്രട്ടറിയായിരുന്നതിരൂർസതീഷ് ഇക്കഴിഞ്ഞ നവംബർ 1ന്, പത്രസമ്മേളനത്തിൽ ബിജെപി സംസ്ഥാന നേതൃത്വത്തെ സംബന്ധിച്ച അതീവഗുരുതരമായ ചില വെളിപ്പെടുത്തലുകൾ നടത്തുകയുണ്ടായി. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് വേളയിൽ കൊടകരയിൽ കവർച്ച ചെയ്യപ്പെട്ടത് ബിജെപിക്കുവേണ്ടി എത്തിച്ച കുഴൽപ്പണം തന്നെയാണെന്നതായിരുന്നു അദ്ദേഹത്തിന്റെ വെളിപ്പെടുത്തലിന്റെ മർമ്മം. 2021 ഏപ്രിൽ 2ന് രാത്രി 11 മണിക്ക് തിരഞ്ഞെടുപ്പ് പ്രചാരണ സാമഗ്രികളെന്നപേരിൽ ബിജെപിയുടെ അനുഭാവിയും വ്യാപാരിയുമായ ധർമ്മരാജനാണ് പണമെത്തിച്ചത്. പണംകൊണ്ടുവന്നത് ജില്ലാ പ്രസിഡണ്ട് കെ.കെ.അനീഷ് കുമാറിന്റെ അറിവോടെയാണെന്നും തിരൂർ സതീഷ് വെളിപ്പെടുത്തി. മുൻ ഓഫീസ് സെക്രട്ടറിയുടെ വെളിപ്പെടുത്തലോടെ അങ്കലാപ്പിലായ ബിജെപി നേതൃത്വം, ഇദ്ദേഹത്തെ സാമ്പത്തിക തിരിമറിയുടെ പേരിൽ പുറത്താക്കിയ ആളാണെന്ന് തിരിച്ചടിക്കുകയുണ്ടായി. ഇതിനു മറുപടിയായി തന്നെ പുറത്താക്കിയതാണെങ്കിൽ അത് എന്നാണെന്നും അതിന്റെ തെളിവുകൾ കാട്ടണമെന്നും തിരൂർ സതീഷ് വെല്ലുവിളിച്ചു.ഇപ്പോൾവരെയും ഇതിനു മറുപടി നൽകാൻ ബിജെപി നേതൃത്വത്തിനു കഴിഞ്ഞിട്ടില്ല. കൊടകരകുഴൽപ്പണക്കേസുമായി ബന്ധപ്പെട്ട് തൃശ്ശൂർ സെഷൻസ് കോടതിയിൽ സമർപ്പിക്കപ്പെട്ട കുറ്റപത്രത്തിലും 2021ൽ പ്രത്യേക അന്വേഷണ സംഘം ഇഡിക്കും ആദായനികുതി വകുപ്പിനും നൽകിയ റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുള്ള വസ്തുതകളെ ബലപ്പെടുത്തുന്ന വിവരങ്ങളാണ് തിരൂർ സതീഷ് പത്രസമ്മേളനത്തിൽ പറഞ്ഞിട്ടുള്ളത്.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് വേളയിൽ 2021 ഏപ്രിൽ നാലിന് പുലർച്ചെ 4.40ന് തൃശ്ശൂർ ജില്ലയില കൊടകരയിൽ വ്യാജ അപകടം സൃഷ്ടിച്ച് പണവും കാറും കവർന്നതായി ഒരു വാർത്ത ഏപ്രിൽ 5നും 6നുമായി പത്രങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. 2021 ഏപ്രിൽ നാലിന് പണം കവർച്ചചെയ്യപ്പെട്ടിട്ടും പോലീസിൽ

(ശേഷം 5-ാം പേജിൽ)




വിനാശ പദ്ധതി സിൽവർ ലൈൻ പിൻവലിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി ആലുവയിൽ നടത്തിയ പ്രതിരോധ സംഗമത്തിൽ ഉയർത്തിയസമരമുന്നേറ്റജ്വാല.

വാർത്ത 11-ാം പേജിൽ

# മുനമ്പം: നിയമപ്രശ്നത്തെ വർഗ്ഗീയവിഭജനത്തിനുള്ള അരങ്ങാക്കരുത്

**എ**റണാകുളം ജില്ലയിലെ മുനമ്പത്ത് പ്രദേശവാസികൾ ആരംഭിച്ച സമരത്തിൽ കേരളത്തിന്റെ രാഷ്ട്രീയശ്രദ്ധ പതിഞ്ഞുകഴിഞ്ഞു. കാലങ്ങളായി കൈവശംവെച്ച് താമസിച്ചുപോന്ന ഭൂമി, വഖഫ് ആയി പ്രഖ്യാപിക്കപ്പെട്ട തിനെതുടർന്ന്, വസ്തുവിനുമേലുള്ള എല്ലാ ക്രയവിക്രയവും മരവിച്ച് വഴിമുട്ടിയപ്പോഴാണ് ജനങ്ങൾ സമരത്തിനിറങ്ങിയത്. സങ്കീർണ്ണമായ ചില നിയമവശങ്ങൾ ഉൾക്കൊള്ളുന്ന ഈ വിഷയത്തിലുള്ള കേസുകൾ ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണെങ്കിലും സർക്കാരിന് കൃത്യമായ ഇടപെടൽ നടത്തി പ്രശ്നം പരിഹരിക്കാമായിരുന്നു. എന്നാൽ സർക്കാർ ഈ വിഷയത്തിൽ ഒളിച്ചുകളി നടത്തിയതാണ് പ്രശ്നം വഷളാക്കിയത്. സമരത്തി ൽ ചില മൗലികവാദ സംഘടനകളും ബിജെപിയും അണിചേർന്നതോടെ, നിയമപ്രശ്നത്തിനുമേലുള്ള വിഷയം മതത്തിന്റെ അടിസ്ഥാനത്തിലുള്ള ചേരിതിരിവിലേക്കുവരെ നീങ്ങി. ഒപ്പം, കേന്ദ്രത്തിലെ ബിജെപി സർക്കാർ കൊണ്ടുവന്ന വഖഫ് നിയമഭേദഗതി ബിൽ അടിയന്തരമായി പാസ്സാക്കുന്നതാണ് പ്രശ്നത്തിന്റെ പരിഹാരം എന്ന തരത്തിൽ സംഘപരിവാർ നേതാക്കൾക്കൊപ്പം രൂപതകളും പരസ്യമായി മുന്നോട്ടുവന്നിരിക്കുകയാണ്. സംഘപരിവാറും ചില ക്രിസ്ത്യൻ മതമൗലികവാദ സംഘങ്ങളും പരസ്യമായും സമൂഹമാധ്യമങ്ങൾ വഴിയും



(ശേഷം 2-ാം പേജിൽ)

# മുനമ്പത്ത് തലമുറകളായി താമസിക്കുന്ന സാധാരണക്കാരെ ഒരു കാരണവശാലും കുടിയിറക്കരുത്

(1-ാം പേജിൽ നിന്ന്)

ഈ വിഷയത്തെക്കുറിച്ച് തെറ്റിദ്ധാരണയും ഭീതിയും പരത്തി വർഗീയധ്രുവീകരണത്തിന് ശ്രമിച്ചു. വിഷയത്തിൽ ആത്മാർത്ഥമായ ഇടപെടൽ നടത്താതെ, അവർക്ക് അതിന് അവസരം ഒരുക്കിക്കൊടുക്കുകയായിരുന്നു പിണറായി സർക്കാർ.

## അൽപം ചരിത്രം

1341ലെ പ്രളയത്തിൽ രൂപംകൊണ്ട വൈപ്പിൻ ദ്വീപിന്റെ വടക്കുഭാഗത്താണ് മുനമ്പം-ചെറായി പ്രദേശം. മീൻപിടിത്തക്കാരായിരുന്നു ആദ്യനിവാസികൾ. 1503ൽ പള്ളിപ്പുറം കോട്ട പണിതുകൊണ്ട് പോർച്ചുഗീസുകാർ ഇവിടെ ആധിപത്യമുറപ്പിച്ചു. 1663ൽ ഡച്ചുകാർ പ്രദേശവും കോട്ടയും പിടിച്ചെടുത്തു. 1789ൽ ഡച്ചുകാർ ഇത് തിരുവിതാംകൂർ രാജാവിന് വിറ്റു. 1902ൽ, അന്നത്തെ തിരുവിതാംകൂർ രാജാവ്, അബ്ദുൾ സത്താർ മൂസാ ഹാജി സേട്ടിന് ഇവിടെ 404 ഏക്കർ കരഭൂമിയും 60 ഏക്കർ കായലും പാട്ടത്തിനു നൽകി. പ്രദേശത്ത് വർഷങ്ങളായി കുടികിടപ്പുകാരായിരുന്ന മത്സ്യത്തൊഴിലാളികളെ ഒഴിച്ചുനിർത്തിയായിരുന്നത്രെ പാട്ടക്കരാർ. കാലക്രമേണ, കുറച്ച് വസ്തു കടലെടുത്തുപോയെന്നും പറയപ്പെടുന്നു. 1950ൽ സത്താർ സേട്ടിന്റെ അനന്തരാവകാശിയായ സിദ്ദിഖ് സേട്ട്, മുനമ്പത്തെ ഈ ഭൂമി, ഫറൂഖ് കോളേജിന്റെ മാനേജ്മെന്റിന് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വഖഫ് ദാനമായി രജിസ്റ്റർ ചെയ്തു നൽകി. ഈ ഭൂമിയിൽനിന്നുള്ള ആദായം വിദ്യാഭ്യാസ ആവശ്യങ്ങൾക്കും കോളേജിന്റെ വികസനത്തിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് അതിൽ നിഷ്കർഷിച്ചിരുന്നു. കൂടാതെ, കോളേജ് അടച്ചുപൂട്ടുകയാണെങ്കിൽ പ്രസ്തുത വസ്തു സത്താർ സേട്ടിന്റെ അനന്തരാവകാശികൾക്ക് തിരികെ നൽകണമെന്നും നിബന്ധനയുണ്ടായിരുന്നു.

എന്നാൽ, ഈ കൈമാറ്റക്കാര്യത്തിൽ അന്നുതൊട്ടേ എതിർപ്പുകളുണ്ടായിരുന്നതായി പറയപ്പെടുന്നു. ദാനത്തിനു മുമ്പുതൊട്ടേ അവിടെ താമസിച്ചിരുന്നവർ, ഭൂമിക്കുമേലുള്ള ഫറൂഖ് കോളേജിന്റെ നിയന്ത്രണത്തെ എതിർത്തു. 1962ൽ അവർ പറവൂർ സബ്കോടതിയിൽ, ഫറൂഖ് കോളേജിന്റെ ഉടമസ്ഥാവകാശത്തിനെതിരെ കേസുകൊടുത്തു. ഈ കേസ് ഹൈക്കോടതി വരെയെത്തുകയും, 1975ൽ ഭൂമിക്കുമേൽ ഫറൂഖ് കോളേജിനുള്ള അവകാശം അംഗീകരിച്ചുകൊണ്ട് വിധിയുണ്ടാവുകയും ചെയ്തു. എന്നാൽ, പിന്നീട് കോളേജ് മാനേജ്മെന്റും തദ്ദേശവാസികളും തമ്മിൽ ഒത്തുതീർപ്പുണ്ടാവുകയും, ഭൂമി കൈവശം വെച്ചിരിക്കുന്നവർക്ക് അതു പണം നൽകി വാങ്ങാൻ മാനേജ്മെന്റ് വഴിതുറക്കുകയും ചെയ്തു. അങ്ങനെ, ഫറൂഖ് കോളേജിൽനിന്നും 1983നും 93നും ഇടയിൽ ഭൂമി പണം കൊടുത്ത് വാങ്ങിയവരാണ് ഇപ്പോൾ അവിടെ താമസിക്കുന്നത്. കോളേജിന് 33 ലക്ഷം രൂപയോളം അന്ന് ഈ ഇടപാടിൽ ലഭിച്ചു. എന്നാൽ, വഖഫ് ആയി ലഭിച്ച ഒരു വസ്തു വിൽക്കാൻ ഫറൂഖ് കോളേജിനുള്ള അവകാശത്തെ ചൊല്ലി ചോദ്യങ്ങൾ ഉയർന്നിരുന്നു.

വഖഫ് ബോർഡ് മുൻ അംഗവും കേരള വഖഫ് സംരക്ഷണവേദി എന്ന സംഘടനയുടെ സെക്രട്ടറിയുമായ നസീർ മനയിൽ, വഖഫ് സ്വത്തുക്കൾ കൈയേറുന്നു എന്ന പരാതിയുമായി മുന്നോട്ടുവരികയും, അന്നത്തെ വി.എസ്.അച്യുതാനന്ദൻ സർക്കാർ, മൊയ്തു അഹമ്മദ് നിസ്സാർ എന്ന മുൻ ജില്ലാ ജഡ്ജിയെ ചെയർമാനായി ഒരു അന്വേഷണ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു. 404 ഏക്കർ വഖഫ് ഭൂമി അനധികൃത വിൽപന നടത്തിയെന്ന പരാതിയിൽ ഫറൂഖ് കോളേജ് മാനേജ്മെൻറിന് കമ്മീഷൻ നോട്ടീസ് അയച്ചിരുന്നു. 2009 ഒക്ടോബർ 30ന് കമ്മീഷൻ സർക്കാറിന് റിപ്പോർട്ട് സമർപ്പിച്ചു. സംസ്ഥാനത്ത് 23 സ്ഥലങ്ങളിലായി 600 ഏക്കർ വഖഫ് സ്വത്തുകൾ അന്യാധീനപ്പെട്ടു എന്നായിരുന്നു കമ്മീഷന്റെ കണ്ടെത്തൽ. കൂടുതൽ കൈയേറ്റം നടന്നതായി കണ്ടെത്തിയത് മുനമ്പത്താണ്. ഇത് വഖഫ് ഭൂമിയാണെന്നും ഇല്ലാത്ത അധികാരം ഉപയോഗിച്ച് ഫറൂഖ് കോളേജ് അധികൃതർ അനധികൃത വിൽപന നടത്തിയെന്നും കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. 1992ൽ രണ്ടുതവണയും (ആധാരം നമ്പർ: 2246/1992, 113/1992) 1993ൽ ഒരു തവണയും (896/1993) കോളേജ് അധികൃതർ ഭൂമി വിൽപന നടത്തി. ഈ ആധാരങ്ങളിൽ വഖഫ് ഭൂമിയാണെന്ന കാര്യം മറച്ചുവെച്ച് ദാനാധാരം എന്നാണ് രേഖപ്പെടുത്തിയത്. 2016ൽ നസീർ മനയിൽ നൽകിയ കേസിനെത്തുടർന്ന്, നിസ്സാർ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവും അതിന്റെ മേൽനടപടികളും നടപ്പാക്കാൻ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സംസ്ഥാന സർക്കാരിനോട് ഉത്തരവിട്ടു. 2019ൽ, കേരള വഖഫ് ബോർഡ് മുനമ്പത്തെ പ്രസ്തുതവസ്തു വഖഫ് ആയി രജിസ്റ്റർ ചെയ്ത് അവകാശം ഉന്നയിച്ചു. കോടതി ഉത്തരവിനെത്തുടർന്ന് ഇതിൽപ്പെട്ട ഭൂമിയുടെ കരമടയ്ക്കുന്നതും ക്രയവിക്രയവും തടഞ്ഞിരിക്കുകയാണ്. ഈ ഭൂമിയെ സംബന്ധിച്ചുള്ള കേസുകൾ നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ഈ സാഹചര്യത്തിലാണ് 2024 ഒക്ടോബർ മുതൽ ക്രൈസ്തവസഭയുടെ കൂടി പിന്തുണയോടെ പ്രദേശവാസികൾ നിരാഹാരമടക്കമുള്ള പ്രത്യക്ഷസമരം ആരംഭിച്ചത്.

## ചില വസ്തുതകൾ

വഖഫ് ബോർഡും അതിന്റെ ട്രിബ്യൂണലും സർക്കാർ സംവിധാനങ്ങളാണ്. 1995ലെ വഖഫ് നിയമം 32-ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ മുഴുവൻ വഖഫ് സ്ഥാപനങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും വഖഫ് ബോർഡിനാണ്. നിയമത്തിന്റെ 40-ാം വകുപ്പ് അനുസരിച്ച് ഒരു വസ്തു വഖഫാണോ അല്ലയോ എന്ന് അന്വേഷണവും നടപടിക്രമങ്ങളും പൂർത്തിയാക്കി തീരുമാനിക്കാനുള്ള അധികാരവും ബോർഡിനുണ്ട്. വസ്തു വഖഫാണെന്ന് കണ്ടെത്തിയാൽ അതിന് പൂർണ നിയമസാധുത ലഭിക്കും. എന്നാൽ, 60 വർഷത്തോളം മുനമ്പത്തെ ഭൂമി ഫറൂഖ് കോളജ് അധികൃതർ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരുന്നില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി സിദ്ദീഖ് സേട്ടിന്റെ മക്കൾ ഫറൂഖ് കോളേജിൽനിന്ന് അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കണമെന്നാവശ്യപ്പെട്ട് ബോർഡ് മുമ്പാകെ നൽകിയ കേസിൽ (ഇപി 685/2008) 2019 മേയ് 20ന് ബോർഡ് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. മുനമ്പത്തെ ഭൂമിയുടെ മുതവല്ലിയായ ഫറൂഖ് കോളേജ് മാനേജിങ് കമ്മിറ്റി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം വഖഫ് നിയമത്തിന്റെ 36-ാം വകുപ്പ് പ്രകാരം ഭൂമി ബോർഡിൽ രജിസ്റ്റർ ചെയ്യാൻ രേഖകൾ സമർപ്പിക്കണമെന്നായിരുന്നു നിർദേശം. അങ്ങനെ ചെയ്യാത്തപക്ഷം 2115/1950-ാം നമ്പർ വഖഫ് ആധാരപ്രകാരം ഫറൂഖ് കോളേജ് മാനേജിങ് കമ്മിറ്റിയെ മുതവല്ലിയാക്കി, ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഭൂമി സ്വമേധയാ രജിസ്റ്റർ ചെയ്യാൻ വഖഫ് ബോർഡ് ആസ്ഥാനത്തെ ജൂനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കോളേജ് കമ്മിറ്റി ഈ ഉത്തരവ് പ്രകാരം രേഖകൾ ഹാജരാക്കി രജിസ്റ്റർ ചെയ്യാതിരുന്നതിനാൽ 2019 സെപ്റ്റംബർ 25ന് 9980/ആർഎ നമ്പറായി ഭൂമി സ്വമേധയാ രജിസ്റ്റർ ചെയ്യപ്പെട്ടു.

ഏതെങ്കിലും ഒരു ഭൂമി വഖഫ് ആണെന്ന് വഖഫ് ബോർഡിന് വെറുതെ ചൂണ്ടിക്കാണിക്കാനാവില്ല. അതിന് ഉപോത്ബലകമായ രജിസ്ട്രേഷൻ രേഖകളും ഹാജരാക്കണം. വഖഫ് ട്രിബ്യൂണൽ മറ്റേതൊരു കോടതിയെയുംപോലുള്ള ഒരു കോടതിയാണ്. സാധാരണ കോടതി നടപടിക്രമങ്ങൾ അത് പാലിക്കണം. അതിന് സ്വന്തമായുണ്ടാക്കിയ നിയമങ്ങളും ഇല്ല. അതിനോ റവന്യൂ ബോർഡിനോ തെറ്റുസംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ മതിയായ അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. മുനമ്പത്തെ വസ്തുക്കൾ രജിസ്റ്റർ ചെയ്യുകയും പോക്കു വരവു ചെയ്യുകയും അവരിൽനിന്നും രജിസ്ട്രേഷൻ, നികുതി എന്നീ ഇനങ്ങളിൽ ഫീസ് ഈടാക്കുകയും ചെയ്തു, മാറിമാറി വന്ന സർക്കാരുകൾ ഇപ്പോൾ കൈമലർത്തുന്നത് ഏതുതരം രാഷ്ട്രീയ സദാചാരമാണ്!

## പരിഹരിക്കേണ്ട പ്രശ്നങ്ങൾ

തലമുറകളായി അവിടെ താമസിച്ചുവരുന്നവരെയും, ഫറൂഖ് കോളേജിൽനിന്നും പണം കൊടുത്ത് വസ്തു വാങ്ങിയവരെയും ഒരു കാരണവശാലും അവരുടെ വസ്തുവിൽനിന്ന് ഇറക്കിവിടാനോ, അവരുടെ വസ്തുവിന്റെ ഉടമസ്ഥാവകാശം പിടിച്ചെടുക്കാനോ ശ്രമിക്കരുതെന്ന് അസന്നിഗ്ദ്ധമായി ഞങ്ങൾ ആവശ്യപ്പെടുകയാണ്. ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും സമ്മതത്തോടെ ഇക്കാര്യത്തിൽ രാഷ്ട്രീയതീരുമാനം അടിയന്തരമായി എടുത്ത്, അത് നടപ്പിലാക്കാനുള്ള പ്രായോഗികപദ്ധതി രൂപീകരിച്ച് ഹൈക്കോടതിയെ അടക്കം ബോധ്യപ്പെടുത്തി നടപ്പാക്കണം. സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തമാണത്. സർക്കാർ അടിയന്തരമായി ചെയ്യണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ഇതൊരു നിയമപ്രശ്നമാണെന്ന് ബന്ധപ്പെട്ട എല്ലാവരും മനസ്സിലാക്കേണ്ടതുണ്ട്. അല്ലാതെ മതപരമായ ഒരു വിഷയമല്ല. അത് നിയമത്തിന്റെ വഴിയിൽ കൈകാര്യം ചെയ്യേണ്ടതുമാണ്. അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും വ്യക്തതയുണ്ടാക്കി, പരിഹരിക്കേണ്ടതുമുണ്ട്.

ഒന്നാമത്തെ കാര്യം, അവിടെനിന്ന് പ്രദേശവാസികളെ കുടിയൊഴിപ്പിക്കേണ്ടതുണ്ടോ എന്നതാണ്. വിവിധ മുസ്ലീം സംഘടനകൾ യോഗം ചേർന്ന്, കുടിയൊഴിപ്പിക്കുന്നതിനെ അവർ അനുകൂലിക്കുന്നില്ല എന്ന നിലപാട് കൈക്കൊണ്ടു. അപ്പോൾ പിന്നെ കുടിയൊഴിപ്പിക്കലിനെ സംബന്ധിച്ച് ഭീതി പരത്തുന്നത് ആരാണ്? അങ്ങനെ ഭീതി പരത്താൻ അവസരമുണ്ടാക്കാത്തവണ്ണം ഇക്കാര്യത്തിൽ വ്യക്തത വരുത്തി നിയമപരമായ നടപടിയെടുക്കേണ്ടത് സംസ്ഥാനസർക്കാരും സർക്കാരിനു കീഴിലുള്ള വഖഫ് ബോർഡുമാണ്. തുടർന്ന്, കോടതിയിൽ നിലവിലുള്ള കേസിനെ സംബന്ധിച്ച് വസ്തുതകളെയും മാനുഷിക പരിഗണനകളെയും അടിസ്ഥാനമാക്കി തീർപ്പുണ്ടാക്കുവാനുള്ള നടപടികളും സർക്കാർ കൈക്കൊള്ളേണ്ടതുണ്ട്. അതിന് ഒന്നാമതായി, ഈ ഭൂമി യഥാർത്ഥത്തിൽ വഖഫാണോ എന്ന് പല കോണിൽ നിന്നും ഉയരുന്ന ചോദ്യത്തിന് വസ്തുനിഷ്ഠമായി ഉത്തരം കണ്ടെത്തണം. സിദ്ദിഖ് സേട്ട് ഫറൂഖ് കോളേജിന് ഭൂമി കൈമാറിയ ആധാരത്തിൽ വഖഫ് എന്ന പദം വന്നതാണ് ഇത് വഖഫാണ് എന്ന് പറയുന്നതിന് അടിസ്ഥാനം. പക്ഷേ, കോളേജിന്റെ പ്രവർത്തനം നിലച്ചാൽ ഭാവിയിൽ ഭൂമി തിരിച്ചുനൽകണം, ക്രയവിക്രയം ചെയ്യാൻ കോളേജിന് അധികാരമുണ്ട് എന്നിങ്ങനെയുള്ള, വഖഫിന് യോജിക്കാത്ത വ്യവസ്ഥകൾ കൂടിയുള്ള ഈ കരാറിന്റെ നിയമസാധുത പരിശോധിക്കപ്പെടേണ്ടതാണ്. ഫറൂഖ് കോളേജ് തന്നെ ഇത് ഇഷ്ടദാനം മാത്രമാണെന്ന നിലപാടെടുത്തുകൊണ്ടാണ് ഭൂമി വിറ്റ് പണമാക്കിയത്. കോളേജ് മാനേജ്മെന്റിന് അത് നിഷേധിക്കാനാകില്ല. ക്രയവിക്രയം ചെയ്യാൻ അവർക്ക് അവകാശമില്ലാത്ത ഭൂമിയാണ് വിറ്റതെങ്കിൽ ഇതിൽ ഒന്നാം പ്രതി കോളേജായി മാറും. അതുകൊണ്ട് തന്നെ, കോടതിയിലും പൊതുജനമധ്യത്തിലും ഇതിന് വ്യക്തത വരുത്താനുള്ള ബാധ്യത അവർക്കുമുണ്ട്. ഇത് വഖഫ് ഭൂമിയല്ല എന്ന നിലപാടാണ് അവർക്ക് ഉള്ളതെന്നാണ് നിലവിലെ വിവരം. അതിലും പ്രധാനപ്പെട്ട ഒരു കാര്യമെന്തെന്നാൽ, ഈ ഭൂമി വാസ്തവത്തിൽ സിദ്ദിഖ് സേട്ടിന്റെ കുടുംബം പാട്ടത്തിനെടുത്ത ഒന്നാണ്. അത് അവർ പണം കൊടുത്തോ അല്ലാതെയോ സ്വന്തമാക്കിയതല്ലയെങ്കിൽ പിന്നെ അവർക്ക് ഈ ഭൂമി വഖഫ് നൽകാൻ അവകാശമില്ല. 1954ലെ വഖഫ് നിയമം തന്നെ നിലവിൽ വരുന്നതിനു മുമ്പാണ് ദാനമെന്നതും ഓർക്കണം. ഇക്കാര്യത്തിൽ വ്യക്തതയുണ്ടാകണം. അതുപോലെ, ഇത് എത്രയോ ദശകങ്ങളായി ആളുകൾ താമസിക്കുന്ന, വഖഫ് ആയി ഉപയോഗപ്പെട്ടിട്ടില്ലാത്ത ഭൂമിയാണ്. അങ്ങനെയൊരു ഭൂമി ഇപ്പോൾ പിടിച്ചെടുക്കുന്നതിൽ എന്ത് ന്യായമാണുള്ളത് ? സമൂഹത്തിന് ഉപകാരപ്പെടുന്നതിന് സ്വകാര്യസ്വത്ത് നീക്കിവെക്കുന്ന പ്രവൃത്തിയായാണ് വഖഫിനെ കാണേണ്ടത്. അത് പിടിച്ചെടുക്കലോ ദ്രോഹിക്കലോ ആകരുതെന്നത് എടുത്തുപറയേണ്ടതില്ല. തന്നെയുമല്ല, കൂടുതൽ അപകടകരമായ വർഗ്ഗീയ വിഭജനത്തിലേക്ക് അത് നയിക്കാതെ നോക്കേണ്ടതും ഏവരുടേയും കടമയാണ്; പ്രത്യേകിച്ചും അത് ലാക്കാക്കിയുള്ള ശക്തികൾ പ്രവർത്തിക്കുമ്പോൾ. യോജിച്ചും വിട്ടുവീഴ്ച ചെയ്തും സാഹോദര്യത്തിന്റെ മാതൃക കാണിക്കുവാനുള്ള അവസരമാക്കി ഈ വിഷയത്തെ മാറ്റാനാണ് സമൂഹത്തോട് പ്രതിബദ്ധതയുള്ള ഏവരും ശ്രമിക്കേണ്ടത്.

ഇവിടെ ഒരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. 404 ഏക്കറിലധികം വരുന്ന ഭൂമിയുടെ മൂന്നിലൊന്നു ഭാഗത്തു മാത്രമാണ് കുടുംബങ്ങൾ താമസിക്കുന്നത്. ബാക്കി വൻകിടക്കാരുടെയും റിസോർട്ട് ഉടമകളുടെയും കൈയിലാണ്. 212 കൈവശക്കാരിൽ 25 സെന്റു മുതൽ 175 ഏക്കർവരെ

(ശേഷം 3-ാം പേജിൽ)

# തൊഴിലാളികൾക്ക് സുരക്ഷ നിഷേധിക്കുന്ന മുതലാളിമാർ; എരിഞ്ഞൊടുങ്ങുന്ന തൊഴിലാളികൾ

(1-ാം പേജിൽ നിന്ന്)

ര്യ ഉടമസ്ഥതയിലുള്ള ഗംഗാറാംപൂർ ഖനിയിലുണ്ടായ പൊട്ടിത്തെറിയിൽ എട്ടു തൊഴിലാളികൾ മരണപ്പെടുകയും ഒട്ടേറെ പേർക്ക് പരിക്കുകൾപറ്റുകയും ചെയ്തു. ഇന്ത്യയിലാകെ 2020-21ൽ 3,21,578 ഫാക്ടറികളിലായി വളരെ ഗുരുതരമായ 1058 അപകടങ്ങൾ നടന്നു. അവയിൽ 988 സംഭവങ്ങളിൽ മാരക പരിക്കുകൾ ഏൽപ്പിക്കപ്പെട്ടു. ഇന്ത്യയിൽ ഓരോ വർഷവും 48,000 പേർ പണിയിടങ്ങളിലെ അപകടങ്ങൾ മൂലം മരണപ്പെടുന്നതായും 2016ൽ സൂറത്ത് എൻഐടിയും ഡൽഹി ഐഐടിയും ചേർന്ന് നടത്തിയ പഠനത്തിൽ വെളിപ്പെട്ടു.

കേരളത്തിൽ ഈ വർഷം ഇതുവരെ വ്യവസായ അപകടങ്ങളിൽ 12 തൊഴിലാളികൾ മരണപ്പെടുകയും 62 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. ഈ അപകടങ്ങളുടെയെല്ലാം കാരണം സർക്കാരിന്റെ നയം മാറ്റം മൂലം ഇൻസ്പെക്ഷനുകൾ നിർത്തലാക്കിയതാണെന്ന് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാർ ചൂണ്ടിക്കാട്ടുന്നു.

### അസംഘടിത മേഖലയിലെയും ചെറുകിട മേഖലയിലെയും സ്ഥിതി

വ്യവസായ നിയമങ്ങൾ പാലിക്കാൻ ബാധ്യസ്ഥമായ വ്യവസായ സ്ഥാപനങ്ങളിലേതു മാത്രമാണ് മേൽപ്പറഞ്ഞ സ്ഥിതി വിവരക്കണക്കുകൾ എന്നതിനാൽ മഞ്ഞുമലയുടെ അറ്റം പോലെയാണിത്. യഥാർത്ഥ സ്ഥിതി ഞെട്ടിപ്പിക്കുന്നതാണ്. നഷ്ടപരിഹാരം നൽകുന്നതും ചികിത്സാ ചെലവ് വഹിക്കുന്നതും ഒഴിവാക്കാനായി സ്ഥാപന ഉടമകൾ അപകടങ്ങൾ റിപ്പോർട്ട് ചെയ്യാറില്ല. ചെറുകിട മേഖലയിലെ 35% പണിശാലകളിലും എപ്പോൾ എവിടെ വേണമെങ്കിലും അപകടങ്ങൾ ഉണ്ടാവുന്ന സാഹചര്യമാണുള്ളത്. ഇന്ത്യയിലെ 52.2 കോടി തൊഴിലാളികളിൽ 90ശതമാനവും പണിയെടുക്കുന്നത് അസംഘടിതവും നിയമപരിരക്ഷകൾക്ക് പുറത്തുള്ളതുമായ മേഖലകളിലാണ്. അസംഘടിത നിർമ്മാണ മേഖലകളിൽ 5.5 കോടി ആളുകൾ പണിയെടുക്കുന്നതായും ഓരോ ദിവസവും ശരാശരി 38 അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്നുമാണ് സർക്കാർ സ്ഥിതിവിവര കണക്കുകൾ പറയുന്നത്. ഈ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷാ വിഷയം 1948ലെ ഫാക്ടറി ആക്ടിന്റെ പരിധിയിൽ വരുന്നില്ലെന്നും അതിനാൽ അസംഘടിത മേഖലയിലെ അപകടത്തിന്റെ കണക്ക് രേഖപ്പെടുത്തുന്നില്ലെന്നും ഒരു വിവരാവകാശ ചോദ്യത്തിന് മറുപടിയായി ഡൽഹി തൊഴിൽ വകുപ്പ് സമ്മതിച്ചിട്ടുണ്ട്.

## ലേബർ കോഡുകൾ

കൂടാതെ, നിർമ്മാണ പ്രവൃത്തികൾ മുഖ്യമായും കോൺട്രാക്ടർമാർക്കാണ് അനുവദിക്കുന്നത്. കുടിയേറ്റ തൊഴിലാളികളെയാണ് അവർ നിയോഗിക്കുന്നത്. തുച്ഛമായ കൂലി സ്വീകരിച്ചുകൊണ്ട് യാതൊരു സുരക്ഷയും ഇല്ലാതെ വലിയ ഉയരങ്ങളിലുള്ള കെട്ടിടങ്ങളിലെ സ്കാഫോൾഡിൽ പണി ചെയ്യാൻ അവർ നിർബന്ധിതമാകുന്നു. എളുപ്പം വൈദ്യുതി ആഘാതമേൽക്കാനും കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ കഴിച്ചുമൂടപ്പെടാനും വിധിക്കപ്പെട്ടവരാണ് അവർ. യഥാർത്ഥത്തിൽ ഈ കുടിയേറ്റ തൊഴിലാളികൾ അടിമ സമാനമായ ജീവിതം നയിക്കുന്നവരാണ്. മനുഷ്യോചിതമല്ലാത്ത വിധമാണ് അവരെ കൈകാര്യം ചെയ്യുന്നത്. ഏറ്റവും ഗതികെട്ടതെങ്കിൽപോലും ഒരു ജീവിതത്തിനുവേണ്ടി ഗ്രാമീണ ദരിദ്രരായ ഈ ഹതഭാഗ്യരായ കുടിയേറ്റ തൊഴിലാളികൾ തുച്ഛമായ കൂലിക്കുവേണ്ടി ഇത്രയും അപകടകരമായ പണികളിൽ ഏർപ്പെടാൻ നിർബന്ധിതരാകുന്നു.

### ഉടമകൾ തൊഴിൽ നിയമങ്ങൾ പിച്ചിച്ചീന്തുന്നു

സ്ഥാപന ഉടമകൾ ശിക്ഷാഭയം കൂടാതെ തൊഴിൽ നിയമങ്ങൾ പിച്ചിച്ചീന്തുകയാണ്. അപകടം സംഭവിച്ച ഒരു തൊഴിലാളിക്ക് ശാരീരിക പരുക്കുകളോ അംഗഭംഗമോ സംഭവിക്കുകയാണെങ്കിൽ അത് യഥാസമയം അധികാരികളെ അറിയിക്കണമെന്ന് ഫാക്ടറീസ് ആക്ടിലെ 88-ാം വകുപ്പ് നിർബ്ബന്ധിതമായി അനുശാസിക്കുന്നു. കൂടാതെ, ക്രിമിനൽ പ്രൊസീജിയർ കോഡിന്റെ 39-ാം വകുപ്പ് പ്രകാരം എല്ലാ മെഡിക്കോ-ലീഗൽ കേസുകളും പോലീസിന് റിപ്പോർട്ട് ചെയ്യാൻ മെഡിക്കൽ ഓഫീസർമാർ ബാധ്യസ്ഥരുമാണ്. അവ്വിതം ചെയ്യാതിരുന്നാൽ അവർക്കെതിരെ കേസെടുക്കേണ്ടതുണ്ട്. മെഡിക്കോ-ലീഗൽ കേസുകളെ സംബന്ധിച്ച് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ പുറത്തിറക്കിയ പുസ്തകത്തിലും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

**പ്രതിരോധ സുരക്ഷാനടപടികളുടെ അപര്യാപ്തതയും അടിയന്തര സാഹചര്യങ്ങളെ നേരിടാനുള്ള സാമഗ്രികളുടെ അഭാവവും അതുണ്ടെങ്കിൽ തന്നെ യഥാസമയം കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി വയ്ക്കാത്തതും, ബന്ധപ്പെട്ട അധികാരികൾ സ്ഥിരമായ സുരക്ഷ ഓഡിറ്റുകൾ നടത്താത്തതുമാണ് തൊഴിലിടങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങളുടെ കാരണം.**

സുരക്ഷിതമല്ലാത്ത തൊഴിൽ സാഹചര്യത്തിലും തൊഴിലാളികൾ പണിയെടുക്കാൻ നിർബ്ബന്ധിതമാകുന്നത്, തൊഴിലിൽ നിന്ന് പിരിച്ചുവിടപ്പെടും എന്നതുകൊണ്ടാണ്. തൊഴിൽ നഷ്ടപ്പെടും എന്നുള്ള ഈ ഭയം, തങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളെ തുറന്നെതിർക്കുന്നതിൽ നിന്ന് തൊഴിലാളികളെ പിന്തിരിപ്പിക്കുന്നു. തന്നെയുമല്ല, അനിയന്ത്രിതമായ അഴിമതിയുടെ ചെളിക്കുണ്ടിൽ അമർന്നിരിക്കുന്ന നമ്മുടെ നാട്ടിൽ ഫാക്ടറി ഇൻസ്പക്ടറേറ്റിലെ ഉദ്യോഗസ്ഥർ കൈക്കൂലിയിൽ ഭ്രമിച്ചോ രാഷ്ട്രീയ ഇടപെടലുകളെ ഭയന്നോ വ്യവസായ ശാലകളിലെ നടത്തിപ്പുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനങ്ങൾ കണ്ടില്ലെന്ന് നടിക്കുകയോ അവഗണിക്കുകയൊ ചെയ്യുകയെന്നതാണ് പതിവുരീതി.

### വ്യവസായ മേഖലകളിൽ അപകടങ്ങൾ പെരുകുന്നത് എന്തുകൊണ്ട്?

ഇടതടവില്ലാതെ സംഭവിക്കുന്ന വ്യാവസായിക ദുരന്തങ്ങളുടെ പിന്നിലുള്ള കാരണങ്ങൾ മനസ്സിലാവാൻ മുന്തിയ ശാസ്ത്ര പരിജ്ഞാനത്തിന്റെയൊന്നും ആവശ്യമില്ല. പര്യാപ്തമായ പ്രതിരോധ സുരക്ഷാ നടപടികളുടെ അപര്യാപ്തത, അടിയന്തര സാഹചര്യങ്ങളെ നേരിടാനുള്ള സാമഗ്രികളുടെ അഭാവവും അതുണ്ടെങ്കിൽ തന്നെ യഥാസമയം കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി വയ്ക്കാത്തതും, ബന്ധപ്പെട്ട അധികാരികൾ സ്ഥിരമായ സുരക്ഷ ഓഡിറ്റുകൾ നടത്താത്തതുമാണ് ആവർത്തിച്ചുണ്ടാകുന്ന അത്തരം അപകടങ്ങളുടെ കാരണം. ഉദാഹരണത്തിന്, കെമിക്കൽ ഫാർമസ്യൂട്ടിക്കൽ ഫാക്ടറികളിൽ അപകടങ്ങളുണ്ടാകുന്നത് റിയാക്ടറുകൾ പൊട്ടിത്തെറിച്ചാണ്. മതിയാംവണ്ണം സമ്മർദ്ദവും ഊഷ്മാവും നിയന്ത്രിക്കാൻ ശ്രദ്ധിക്കുന്നതിൽ മാനേജ്മെന്റിന്റെ പരാജയമോ അക്ഷന്തവ്യമായ അലംഭാവമോ ആണ് കാരണം. റിയാക്ടർ പ്രവർത്തിപ്പിക്കാനുള്ള അടിസ്ഥാന പരിശീലനമോ ഉചിതമായ സുരക്ഷാ ഉപകരണങ്ങളോ തൊഴിലാളികൾക്ക് നൽകാറില്ല. രാസവ്യവസായ സ്ഥാപനങ്ങളിൽ വിഷവാതക ചോർച്ചയോ അഗ്നിബാധയോ തടയാനുള്ള രാസപ്രതിവിധികളോ മറ്റു ഉപാധികളോപോലും കരുതിവക്കുന്നില്ല.

(ശേഷം 4-ാം പേജിൽ)

---

### മുനമ്പം: നിയമപ്രശ്നത്തെ വർഗ്ഗീയവിഭജനത്തിനുള്ള അരങ്ങാക്കരുത്

(2-ാം പേജിൽ നിന്ന്)

സ്വന്തമായുള്ളവരുണ്ട്. ഇന്ന് ഏറെ വിപണിമൂല്യമുള്ള ഭൂമിയാണ് ഈ പ്രദേശത്തേത്. റിസോർട്ടുകളും പുതിയ വ്യവസായശാലകളും ഉയരുന്ന ഈ കണ്ണായ സ്ഥലത്ത്, പ്രദേശവാസികളുടെ പ്രശ്നത്തിന്റെ മറവിൽ അന്യായമായി ആരുടെയും കൈവശം ഭൂമി എത്തിച്ചേരുന്നില്ല എന്നതും ഉറപ്പാക്കപ്പെണം. 2019 വരെയുള്ള കരമടച്ച രേഖകൾ പ്രകാരം, ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാർ പരസ്യപ്പെടുത്തണം. അതിൽ യഥാർത്ഥ താമസക്കാരായിട്ടുള്ളവരുടെ ഉടമസ്ഥാവകാശം പരിശോധിച്ച് സാധൂകരിച്ച് തീർപ്പാക്കിനൽകണം. അതേസമയം തന്നെ, പാർപ്പിട ആവശ്യത്തിനല്ലാതെ ഭൂമി അന്യായമായി കൈവശപ്പെടുത്തിയിട്ടുള്ളവരുണ്ടെങ്കിൽ കണ്ടെത്തുകയും വേണം. കടലാക്രമണഭീഷണി ഏറെ നേരിടുന്ന പ്രദേശം കൂടിയാണിത്. കടലെടുത്തുപോയ ഭൂമിക്കും കണക്കുണ്ടാകണം. ഇതെല്ലാം മുൻനിർത്തി, പ്രദേശത്തെ ജനങ്ങളുടെ താത്പര്യവും നീതിയും സംരക്ഷിച്ചുകൊണ്ട് തീരുമാനമെടുക്കാൻ സർക്കാർ അടിയന്തരമായി മുൻകൈയെടുക്കണം. ഇത്തരം വസ്തുതകളെല്ലാം ശേഖരിച്ച് കോടതിയുടെ സമക്ഷം സമർപ്പിക്കുകയും വേണം. ഇക്കാര്യത്തിൽ ഉത്തരവാദിത്വപൂർണവും ആത്മാർത്ഥവുമായ സമീപനമാണ് സംസ്ഥാന സർക്കാരിൽനിന്നും കേരളം പ്രതീക്ഷിക്കുന്നത്.

### വർഗ്ഗീയശക്തികളുടെ മുതലെടുപ്പിന് കൂട്ടുനിൽക്കുന്ന പിണറായി സർക്കാർ

പക്ഷേ, പിണറായി വിജയൻ സർക്കാർ ഈ വിഷയത്തിലും സമാനമായ മറ്റ് പല വിഷയങ്ങളിലും സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനം ഏറെ ദുരൂഹവും അപകടകരവുമാണ്. സംഘപരിവാർ ശക്തികളെ വളർത്തുന്ന, അതിനായി ജനങ്ങൾക്കിടയിൽ അകൽച്ച വർദ്ധിപ്പിക്കുന്ന നടപടികളാണ് തുടർച്ചയായി പിണറായി വിജയൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്തെ ശബരിമല പ്രശ്നം ഓർക്കുക. ഇത്തവണയും ശബരിമലയിലെ സ്പോട്ട് ബുക്കിങ്ങിന്റെ പേരിൽ സങ്കീർണത സൃഷ്ടിക്കാൻ സർക്കാർ ശ്രമിച്ചത് എന്തിനാണ്? മലപ്പുറം ജില്ലയെ സ്വർണ്ണക്കള്ളക്കടത്തുമായി ഒളിഞ്ഞും തെളിഞ്ഞും ബന്ധപ്പെടുത്തി മുഖ്യമന്ത്രി നടത്തിയ പ്രസംഗങ്ങൾ ബിജെപിക്ക് മുതലെടുപ്പിനുള്ള അവസരമൊരുക്കുന്നതായിരുന്നില്ലേ? തൃശ്ശൂർ പൂരം ബിജെപിക്കുവേണ്ടി പൊലീസ് കലക്കി എന്ന് പ്രതിപക്ഷവും സിപിഐയും പറയുമ്പോഴും പൂരം കലക്കിയിട്ടില്ല എന്നതാണ് മുഖ്യമന്ത്രിയുടെ നിലപാട്. ഈ വിഷയവും തിരഞ്ഞെടുപ്പിൽ ബിജെപിക്ക് നേട്ടമായെന്നോർക്കണം. ബിജെപി സംസ്ഥാന നേതൃത്വം പ്രതിസ്ഥാനത്തുള്ള കൊടകര കുഴൽപ്പണക്കേസിൽ സംസ്ഥാന സർക്കാരും പൊലീസും വർഷങ്ങളായി ആരെയാണ് സംരക്ഷിച്ചു വന്നതെന്ന് ഇപ്പോൾ വ്യക്തമാണ്. തിരിച്ച്, ഇത്രയേറെ അഴിമതി ആരോപണങ്ങൾ നേരിട്ടിട്ടും നാളിതുവരെ ഒരു കേന്ദ്ര അന്വേഷണ ഏജൻസിയും മുഖ്യമന്ത്രി പിണറായി വിജയന്റെ വാതിലിൽ മുട്ടിയിട്ടില്ല. ലാവ്‌ലിൻ കേസ് അനന്തമായി നീളുന്നതിൽ സിബിഐയുടെ മൗനം ദുരൂഹമാണ്. കേരളത്തിലെ പ്രധാന പ്രതിയോഗിയായ കോൺഗ്രസ്സിനെ ഒതുക്കാൻ സിപിഐ(എം)ഉം ബിജെപിയും തമ്മിലൊരു അന്തർധാരയുണ്ടോ എന്ന സംശയം മുമ്പെന്നത്തേക്കാളും പ്രബലമാണിന്ന്. സംഘപരിവാർ സംഘങ്ങൾക്ക് മുതലെടുപ്പിന് അവസരമൊരുക്കി കൊടുക്കുന്ന സർക്കാരിന്റെ നിലപാടുകൾ ശക്തമായി എതിർക്കപ്പെടേണ്ടതുണ്ട്. രാഷ്ട്രീയമായും നിയമപരമായും കൃത്യമായി ഇടപെട്ട് മുനമ്പത്തെ പ്രശ്നം പരിഹരിക്കാതെ, അവിടെ ബിജെപിക്കു കടന്നുവരാനും വിഭജന രാഷ്ട്രീയം കളിക്കാനും സർക്കാർ ബോധപൂർവം അവസരമൊരുക്കുകയായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ വിവാദ വഖഫ് ബില്ലിന് അനുകൂലമായി പരസ്യനിലപാട് കൈക്കൊള്ളാൻ ഒരു വിഭാഗം ക്രിസ്തീയ മതമേലധ്യക്ഷന്മാർക്കും, മുസ്ലീം വിരുദ്ധ പ്രചരണം നടത്താൻ മൗലികവാദ നിലപാടു പുലർത്തുന്ന ക്രിസ്ത്യൻ സംഘടനയായ കാസയ്ക്കും ധൈര്യം വന്നത് സംസ്ഥാന സർക്കാരിന്റെ ദുഷ്ടലാക്കുകൊണ്ടാണ്. ഇതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നത് കേരളത്തിലെ ജനങ്ങളും ഇടതുപക്ഷ രാഷ്ട്രീയവുമാണ്.

വർഗ്ഗീയശക്തികൾക്ക് കൂടുതൽ മുതലെടുപ്പിന് അവസരം നൽകാതെ, മുനമ്പത്ത് അടിയന്തരമായി ഇടപ്പെട്ട് ന്യായമായ പരിഹാരം ഉണ്ടാക്കാൻ സർക്കാർ മുൻകൈയെടുക്കണം. മേലിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും വഷളാകാതിരിക്കാനും വേണ്ട ജാഗ്രത സർക്കാരും രാഷ്ട്രീയ കക്ഷികളും പുലർത്തണം. അതിന് അവരെ നിർബന്ധിതരാക്കുന്ന വിധത്തിൽ ജനാധിപത്യബോധമുള്ള ജനങ്ങൾ ശക്തമായ നിലപാടെടുക്കണം; തിരുത്തൽ ശക്തിയായി പ്രവർത്തിക്കണം. സങ്കുചിത രാഷ്ട്രീയ നേട്ടങ്ങൾക്കായി വർഗ്ഗീയ വിഭജനങ്ങൾ സൃഷ്ടിക്കുന്ന എല്ലാത്തരം ശക്തികളെയും ഒറ്റപ്പെടുത്തണം. ■

# കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള തൊഴിൽസേനയെ വാർത്തെടുക്കാൻ തൊഴിൽ കോഡുകൾ ലക്ഷ്യമിടുന്നു

(3–ാം പേജിൽ നിന്ന്)

## അപകടങ്ങൾക്ക് കാരണക്കാരായവർക്ക് യാതൊരു ശിക്ഷയും നൽകുന്നില്ല

ജീവനെടുക്കുകയും ഗുരുതരമായ പരിക്കുകൾ ഏൽപ്പിക്കുകയും ചെയ്യുന്ന അപകടങ്ങൾ ഉണ്ടാകുമ്പോൾ അതിനുത്തരവാദികളായ സ്ഥാപനമുടമകൾക്കും മാനേജർമാർക്കും യാതൊരു ശിക്ഷയും നൽകപ്പെടുന്നില്ല. ഉത്തരവാദികൾ എന്ന് കണ്ടെത്തപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ അറസ്റ്റോ സസ്പെൻഷനോ ഇല്ല. രാഷ്ട്രീയ നേതാക്കളും വ്യവസായികളും തമ്മിലുള്ള അവിശുദ്ധ ബന്ധമാണ്, ഈ അത്യാഹിതങ്ങളിലെ ഉത്തരവാദികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതിന്റെ കാരണമെന്ന് കാണാവുന്നതാണ്. 2024 മേയിൽ, മഹാരാഷ്ട്രയിലെ ദോംബിവലിയിലെ രാസനിർമ്മാണ ഫാക്ടറിയിൽ നടന്ന ഒരു ബോയിലർ പൊട്ടിത്തെറിയിൽ തൊഴിലാളികളും സമീപ പ്രദേശവാസികളും അടങ്ങുന്ന 13 പേർ മരണപ്പെടുകയും 60 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. അതേത്തുടർന്ന്, മനപൂർവ്വമല്ലാത്ത നരഹത്യക്ക് കേസ് ചാർജ്ജചെയ്ത് ഫാക്ടറി ഉടമസ്ഥരെ അറസ്റ്റ് ചെയ്തു. സംഭവത്തെ തുടർന്ന് പെട്ടെന്നുള്ള ഒരു കണ്ണിൽ പൊടിയിടൽ തന്ത്രം എന്ന നിലയിലെടുത്ത ഈ നടപടിയെത്തുടർന്ന് ഉടമകൾക്ക് ശിക്ഷ ഉറപ്പാക്കും വിധം യാതൊരു നിയമനടപടികളും ഉണ്ടായില്ല. പൊട്ടിത്തെറി സംഭവിച്ച് വെറും മൂന്ന് ആഴ്ചയ്ക്കുള്ളിൽ അവരെ ജാമ്യത്തിൽ വിടുകയും ഈ സംഭവത്തെ 'ദൈവത്തിന്റെ ഒരു നടപടി' എന്ന നിലയിൽ ലേബൽ ഒട്ടിക്കുകയും ചെയ്തു. അപകട മരണങ്ങളുടെ സംഭ്രമജനകമായ അളവിലുള്ള കണക്ക് മുമ്പിലുണ്ടായിരിക്കെ, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫാക്ടറി അഡ്വൈസ് സർവീസസ് ആൻഡ് ലേബർ ഇൻസ്റ്റിറ്റ്യൂട്ട്സിന്റെ (DGFASLI)കണക്കുകൾ വെളിപ്പെടുത്തുന്നത്, ഈ കാലയളവിലാകെ 2563 പേരിൽ മാത്രമാണ് കുറ്റം ആരോപിക്കപ്പെട്ടതെന്നും ഫാക്ടറി നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ വെറും 10 പേരെ മാത്രമേ തടവുശിക്ഷക്ക് വിധിച്ചിട്ടുള്ളതെന്നും മൂന്നു കോടി രൂപയോളം മാത്രമേ നഷ്ടപരിഹാരമായി നൽകപ്പെട്ടിട്ടുള്ളൂ എന്നുമാണ്.

**അപകടസാധ്യതയുള്ള എല്ലാ ഫാക്ടറികളിലും നിർബന്ധമായും ഒരു സുരക്ഷാ കമ്മറ്റി രൂപീകരിക്കണമെന്ന് 1948ലെ ഫാക്ടറീസ് ആക്ടിൽ വ്യവസ്ഥ ചെയ്തിരുന്നു. പുതിയ സുരക്ഷാ കോഡിലാകട്ടെ അത്തരം കമ്മറ്റികൾ അപകടസാധ്യത നിറഞ്ഞ, 250നുമുകളിൽ തൊഴിലാളികളുള്ള ഫാക്ടറികളിൽ മാത്രം മതിയെന്ന് വ്യവസ്ഥ ചെയ്യുന്നു.**

## പരിഷ്കാരത്തിന്റെ പേരിൽ തൊഴിൽ സുരക്ഷാ നിയമങ്ങളിൽ വെള്ളം ചേർത്തു

ഈ സാഹചര്യത്തിൽ, ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം എന്ന് അവകാശപ്പെടുന്ന ഒരു സർക്കാരിൽ നിന്ന് എന്താണ് പ്രതീക്ഷിക്കപ്പെടുന്നത്? തൊഴിലാളികളുടെ ജീവിതത്തിന്റെയും സുരക്ഷയുടെയും നേർക്കുള്ള ഇത്തരം ഉദാസീന മനോഭാവവും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ എന്ന് കരുതപ്പെടുന്ന നിശ്ചിത നിയമങ്ങൾ പാലിക്കപ്പെടാതിരിക്കുന്നതുമാണ് ആവർത്തിച്ചുണ്ടാവുന്ന ഇത്തരം അപകടങ്ങളുടെ കാരണം. ഭയാനകമായ ഈ കണക്കുകൾ, തൊഴിലെടുക്കുന്ന ജനവിഭാഗത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുവാനും നിലവിലുള്ള തൊഴിൽ നിയമങ്ങളിലെ വിടവുകളടക്കം വിധമുള്ള കൂടുതൽ കർക്കശ സ്വഭാവത്തിലുള്ള നിയമങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

**ലേബർ കോഡുകൾ**

പക്ഷേ, സർക്കാർ എന്താണ് ചെയ്യുന്നത്? ഇതിനോടകം തന്നെ തിന്നു കൊഴുത്ത ആഭ്യന്തര മുതലാളിമാർക്ക് സൗകര്യങ്ങൾ ഒരുക്കുവാനും 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്" എന്നതിന്റെ പേരിൽ വിദേശ മൂലധനത്തെ വശീകരിക്കാനുമായി, തൊഴിൽ നിയമ പരിഷ്കാരമെന്ന് പെരുമ്പറ കൊട്ടിക്കൊണ്ട് കേന്ദ്രം ഭരിക്കുന്ന, ബിജെപി നയിക്കുന്ന എൻഡിഎ ഗവൺമെന്റ് ഏതാണ്ട് 44 തൊഴിൽ നിയമങ്ങളിൽ 29 എണ്ണത്തെ, നാലു പുതിയ തൊഴിൽ കോഡുകളായി ഏകീകരിക്കുകയും ചെയ്തത്, ഇതിനോടകം തന്നെ പരിതാപകരമായ ജീവിത സാഹചര്യത്തിൽ അകപ്പെട്ട തൊഴിലാളി വർഗ്ഗത്തിന്റെ അവസ്ഥ കൂടുതൽ വഷളാക്കുകയേയുള്ളൂ. ഈ നാലു തൊഴിൽ കോഡുകളിൽ, 2020 ൽ പാസാക്കപ്പെട്ട 'തൊഴിലിടങ്ങളിലെ സുരക്ഷ, ആരോഗ്യം, തൊഴിൽ സാഹചര്യം എന്നിവയെ സംബന്ധിച്ച കോഡ്' (OSHWC Code)' തൊഴിലിടങ്ങളിലെ സുരക്ഷ, ആരോഗ്യം, തൊഴിൽ സാഹചര്യം എന്നിവയെ സംബന്ധിച്ച നിയമങ്ങളെ ഏകീകരിക്കുകയും ഭേദഗതികൾ വരുത്തുകയും ചെയ്യുന്ന ഒന്നാണ്. പ്രത്യക്ഷത്തിൽ തന്നെ സാമ്പത്തിക പ്രവർത്തനത്തിന്റെ പല ശാഖകളും ഈ കോഡ് ഒഴിവാക്കുന്നു. അധ്വാനിക്കുന്നവരിൽ 50% പേരും പണിയെടുക്കുന്ന കാർഷിക മേഖല, ചെറുകിട ഖനികൾ, ഹോട്ടലുകൾ, ഭക്ഷണശാലകൾ, യന്ത്രങ്ങൾ റിപ്പയറിങ് ചെയ്യുന്ന വർക്ക്ഷോപ്പുകൾ, നിർമ്മാണം, ഇഷ്ടികക്കളങ്ങൾ, യന്ത്രത്തറികൾ, പടക്കനിർമ്മാണം, കാർപെറ്റ് നിർമ്മാണം തുടങ്ങിയവപോലുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾ, ഐടി, ഐടി അധിഷ്ഠിത സർവീസ് മേഖല, ഡിജിറ്റൽ പ്ലാറ്റ്ഫോംസ്, ഇ-കോമേഴ്സ് തുടങ്ങിയ സംഘടിത മേഖലയിലെ ദിവസവേതന, താൽക്കാലിക, കരാർ തൊഴിലാളികൾ, അതേപോലെ ഗാർഹിക തൊഴിലാളികൾ, വീടുകൾ അടിസ്ഥാനത്തിൽ പണിയെടുക്കുന്നവർ, ട്രെയിനികൾ, കൂലിക്ക് പ്രവർത്തിക്കുന്ന വോളണ്ടിയർമാർ തുടങ്ങിയ മേഖലകളെ ഈ കോഡുകളിൽ സ്പർശിക്കുന്നില്ല.

അപകടസാധ്യത നിറഞ്ഞ എല്ലാ ഫാക്ടറികളിലും നിർബന്ധമായും ഒരു സുരക്ഷാ കമ്മറ്റി രൂപീകരിക്കണമെന്ന് 1948ലെ ഫാക്ടറീസ് ആക്ടിൽ പേരിനെങ്കിലും വ്യവസ്ഥ ചെയ്തിരുന്നു. പക്ഷേ, മേൽപ്പറഞ്ഞ സുരക്ഷാ കോഡിലാകട്ടെ അത്തരം കമ്മറ്റികൾ അപകടസാധ്യത നിറഞ്ഞ, 250നുമുകളിൽ തൊഴിലാളികൾ ഉള്ള ഫാക്ടറികളിൽ മാത്രം മതിയെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതര ഫാക്ടറികളിൽ തൊഴിലാളികളുടെ എണ്ണം 500നുമേൽ ഉണ്ടായിരിക്കണം. അതുതന്നെ, സർക്കാർ നോട്ടിഫിക്കേഷനും ഉത്തരവും ഇറങ്ങിയതിനുശേഷം മാത്രമേ നടപ്പിലാക്കാവൂ.

രാജ്യത്തെ 90ശതമാനത്തിലധികം തൊഴിൽ ശക്തിയും തൊഴിലിട സുരക്ഷയുടെ പരിധിയിൽ വരുന്നില്ല എന്നാണ് ഫലത്തിൽ ഈ വ്യവസ്ഥ അർത്ഥമാക്കുന്നത്. കൂടാതെ, ഫാക്ടറി എന്നതിന്റെ നിർവ്വചനം തന്നെ മാറ്റിയിരിക്കുന്നു. വൈദ്യുതി ഉപയോഗിക്കാതെ 20 മുതൽ 40 വരെ തൊഴിലാളികൾ പണിയെടുക്കുന്നതും വൈദ്യുതി ഉപയോഗിച്ച് 10 മുതൽ 20 വരെ തൊഴിലാളികൾ പണിയെടുക്കുന്നതുമായ വ്യവസായങ്ങൾ മാത്രമേ ഇപ്പോൾ ഫാക്ടറിയുടെ നിർവ്വചനത്തിൽ വരുന്നുള്ളൂ. വസ്തുത എന്തെന്നാൽ, ഒടുവിലായി നടന്ന ഇന്ത്യയുടെ ആറാം സാമ്പത്തിക സെൻസസ് പ്രകാരം 10 ലക്ഷത്തിൽ താഴെ, അഥവാ മൊത്തം സ്ഥാപനങ്ങളുടെ 1.4% മാത്രമേ പത്തിൽ കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നുള്ളൂ. ഇങ്ങനെ മാനദണ്ഡം വലുതാക്കുമ്പോൾ ഭൂരിപക്ഷം സ്ഥാപനങ്ങളും പുതിയ സുരക്ഷാ കോഡുകളുടെ പരിധിയിൽനിന്നും, അതുവഴി സുരക്ഷാ നിബന്ധനകളുടെ നടപ്പാക്കലിൽ നിന്നും പുറത്താവുകയാണ്.

തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവും സംബന്ധിച്ച് സ്ഥാപനമുടമയ്ക്ക് യാതൊരു ഉത്തരവാദിത്തവും ചുമത്തപ്പെട്ടിട്ടില്ല എന്നത് ധാർമിക രോഷത്തോടെ മാത്രമേ കാണാനാവൂ. 'തൊഴിൽ സുരക്ഷയും ആരോഗ്യപരിരക്ഷയും' സംബന്ധിച്ചോ പ്രതിദിന /പ്രതിവാര പ്രവൃത്തി സമയത്തെപ്പറ്റിയോ ഉള്ള മിനിമം നിലവാരത്തെ പറ്റി ഈ കോഡ് വ്യക്തത വരുത്തിയിട്ടില്ല. മറിച്ച് ഓരോരോ കേസ് അനുസരിച്ച് നോട്ടിഫിക്കേഷനിലൂടെ അത് പുറപ്പെടുവിക്കാൻ കേന്ദ്രസർക്കാരിന് അധികാരം നൽകിയിരിക്കുകയാണ്.

എണ്ണത്തിൽ വർധിക്കുന്ന കരാർ തൊഴിലാളികളെ, കൂലിയുടെയും മറ്റു തൊഴിൽ വ്യവസ്ഥകളുടെയും കാര്യത്തിൽ സ്ഥിരം തൊഴിലാളികളുടെ തുല്യനിലയിൽ പരിഗണിക്കാനായി ഈ കോഡിൽ യാതൊന്നും വ്യവസ്ഥ ചെയ്തിട്ടില്ല. ഇതിലൂടെ എല്ലാത്തരം അരക്ഷിതാവസ്ഥയ്ക്കും ചൂഷണത്തിനും വിധേയമാകുന്നതിലേക്ക് അവരെ തള്ളിവിടുകയാണ്. ഏറ്റവും കൊടിയ ചൂഷണത്തിന് വിധേയമാക്കപ്പെടുന്ന കുടിയേറ്റ തൊഴിലാളികളുടെ കാര്യത്തിൽ, ഉത്തരവാദിത്തഭാരം കോൺട്രാക്ടർമാരുടെ മേലാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർ പലപ്പോഴും മുഖ്യ തൊഴിൽ ദാതാവായ വലിയ വ്യവസായ സ്ഥാപന ഉടമകളുടെ കീഴിലെ ചെറിയ കണ്ണികളാണ്. അവരാണ് തൊഴിലാളികളുടെ സുരക്ഷയിൽ സംഭവിക്കുന്ന ഗുരുതര വീഴ്ചകളിൽ ബലിയാടുകളാക്കപ്പെടുന്നത്.

തൊഴിലാളികളെ രജിസ്റ്റർ ചെയ്യുമെന്നും പൊതുവിതരണ ആനുകൂല്യങ്ങളും നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളും നൽകുമെന്നും അവരുടെ പ്രശ്നങ്ങളെപ്പറ്റി അധികാരികളെ അറിയിക്കാൻ ടോൾഫ്രീ നമ്പർ നൽകുമെന്നുമൊക്കെ സർക്കാർ പറയുന്നു. പക്ഷേ, ഇതൊന്നും നടപ്പാക്കപ്പെടാൻ ഇടയില്ലെന്ന്, എൻഫോഴ്സ്മെന്റ് അധികൃതരുടെ പരിതാപകരമായ പ്രവർത്തന ചരിത്രം മനസ്സിലാവുന്നവർക്ക് അറിയാം. സംസ്ഥാനാന്തര കുടിയേറ്റ തൊഴിലാളികളുടെ സുരക്ഷയെപ്പറ്റി ഈ കോഡിൽ ഒന്നും തന്നെ പറയുന്നില്ല. അവരുടെ സംഖ്യ സംസ്ഥാനത്തിനകത്തെ കുടിയേറ്റ തൊഴിലാളികളെക്കാൾ ഏറെയാണ്. അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ തുല്യനിലയിൽ ദാരുണമാണുതാനും.

കുടിയേറ്റ തൊഴിലാളികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ഒരു സാമൂഹിക സുരക്ഷാഫണ്ട് പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ, അതിനായി യാതൊരു പ്രത്യേക ഫണ്ടും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അതിനർത്ഥം, കുടിയേറ്റ തൊഴിലാളിക്ക് ഒരു അപകടമുണ്ടായാലോ സ്ഥാപനം പൂട്ടിയാലോ ഒരു മഹാമാരിയെ തുടർന്നുള്ള ലോക്ഡൗൺ വന്നാലോ സർക്കാരിൽനിന്ന് യാതൊരുവിധ പ്രത്യേക പരിരക്ഷയും കിട്ടാതെ പോകും എന്നാണ്.

## ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ പറയുന്നത് എന്താണ്?

പ്രധാനമന്ത്രി മോദി മൂന്നാം വട്ടവും അധികാരമേറ്റുകൊണ്ടുള്ള സത്യപ്രതിജ്ഞ വേളയിൽ, ഭരണഘടനയുടെ ഒരു പ്രതി തന്റെ മൂർദ്ധാവിൽ ചേർത്തുവച്ചിരുന്നു. ഭരണഘടനയെ താൻ അനുസരിക്കുന്നുവെന്ന് കാണിക്കാനാണ് അങ്ങനെ ചെയ്തത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ വിധം ബാധകമാകുംവിധം താഴെപ്പറയുന്ന കാര്യങ്ങളിൽ നയങ്ങൾ ആവിഷ്കരിക്കാനും നിയമനിർമാണം നടത്തുവാനും 'ഭരണഘടനയുടെ നിർദ്ദേശാത്മക തത്വങ്ങൾ' രാഷ്ട്രത്തോട് നിർദ്ദേശിക്കുന്നു. ജീവിതമാർഗം കണ്ടെത്താനും തൊഴിലാളികൾക്ക് ശക്തിയും ആരോഗ്യവും ലഭിക്കാനുമുള്ള അവകാശം ഉറപ്പു വരുത്തുക (ആർട്ടിക്കിൾ 39), തൊഴിലില്ലായ്മയോ പ്രായാധിക്യമോ അസുഖമോ അംഗവൈകല്യമോ മറ്റു കഷ്ടപ്പാടുകളോ വരുമ്പോൾ അവർക്ക് സർക്കാർ സഹായം നൽകുക (ആർട്ടിക്കിൾ 41), നീതിപൂർവ്വവും മനുഷ്യോചിതവുമായ തൊഴിൽ സാഹചര്യം ഉറപ്പാക്കുക (ആർട്ടിക്കിൾ 42), മാന്യമായ ജീവിത നിലവാരം ലഭിക്കുവാനും വിശ്രമവേളയുടെയും സാമൂഹിക, സാംസ്കാരിക അവസരങ്ങളുടെയും പൂർണമായ ആസ്വാദനത്തിന് ഉതകുന്ന വിധം മതിയായ കൂലിയും തൊഴിൽ സാഹചര്യവും നേടാനുള്ള അവസരവും ഒരുക്കണം (ആർട്ടിക്കിൾ 43). ഇതിനർത്ഥം, എല്ലാ വിധസാമ്പത്തികനടപടികളുടെയും ഊന്നൽ തൊഴിലാളികൾക്ക് മതിയായ കൂലി നൽകിക്കൊണ്ട് മുടക്കമില്ലാതെ തൊഴിൽ നൽകുക, തൊഴിൽ മുടക്കം വന്നാൽ മതിയായ നഷ്ടപരിഹാരം നൽകുക എന്നതായിരിക്കണം. യഥാർത്ഥ സ്ഥിതി ഇതുമായി പൊരുത്തപ്പെടുന്നുണ്ടോ? സർക്കാർ ഇതിന് ഉത്തരം പറയേണ്ടതല്ലേ?

## തൊഴിൽ കോഡുകളുടെ നടപ്പിലാക്കൽ ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ എടുത്തുമാറ്റി

ഈ കോഡുകളിൽ എത്ര ഉത്തുംഗമായ അവകാശവാദങ്ങളും തൊഴിലാളി ക്ഷേമത്തെ കുറിച്ചുള്ള വീമ്പുപറച്ചിലുകളും ഉണ്ടെങ്കിലും അവയുടെ നടപ്പിലാക്കൽ ഉറപ്പുവരുത്തുന്ന കാര്യത്തിലാണ് ദുഷ്ടത്തരം ഒളിച്ചിരിക്കുന്നത്. 1948ലെ ഫാക്ടറീസ് ആക്ട് പ്രകാരം, നിയമങ്ങൾ നടപ്പിലാക്കൽ സം

(ശേഷം 6–ാം പേജിൽ)

**കൊടകര കുഴൽപ്പണ കേസ്**

# രാജ്യവിരുദ്ധ പ്രവർത്തനത്തെ കേവലം പണാപഹരണക്കേസ്സാക്കി മാറ്റിയത് പിണറായി സർക്കാർ

*(1–ാം പേജിൽ നിന്ന്)*

പരാതി ലഭിച്ചത് 4 ദിവസത്തിനുശേഷം മാത്രമായിരുന്നു.തുടർന്ന്കൊടകരപോലീസ് ഏപ്രിൽ 7ന് കേസ് രജിസ്റ്റർ ചെയ്തു. ധർമ്മരാജൻ എന്ന വ്യക്തി നൽകിയ പരാതിയിൽ 25 ലക്ഷം രൂപയും കാറും നഷ്ടപ്പെട്ടതായാണ് രേഖപ്പെടുത്തിയിരുന്നത്. 2021 മെയ് 10ന് തൃശ്ശൂർ റേഞ്ച് ഡിഐജിയുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘം, കൊള്ളയടിക്കപ്പെട്ടത് മൂന്നരക്കോടി രൂപയാണെന്നും ബിജെപിയുടെ തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി ബാംഗ്ലൂരിൽനിന്നും ബിജെപിയുടെ ആലപ്പുഴ ജില്ലാ ട്രഷറർക്കായി എത്തിച്ച പണമായിരുന്ന അതെന്നും ഇരിങ്ങാലക്കുട ഫസ്റ്റ് ക്ലാസ്സ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച ആദ്യകുറ്റപത്രത്തിൽ വ്യക്തമാക്കി. നാലാം പ്രതി ധർമ്മരാജൻ ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ.സുരേന്ദ്രനുമായി അടുത്ത ബന്ധമുള്ള ആളാണെന്നും കുറ്റപത്രത്തിൽ പറയുന്നുണ്ട്.

കള്ളപ്പണത്തിനെതിരെ പൊരുതുകയാണെന്ന് വീമ്പിളക്കുന്ന പ്രധാനമന്ത്രിയുടെ പാർട്ടി തിരഞ്ഞെടുപ്പ് പ്രവർത്തനത്തിനായി കുഴൽപ്പണം കടത്തുകയും ആ പണം നേതാക്കളിൽ ചിലരുടെ ഒത്താശയോടെ കവർച്ചചെയ്യുകയും ചെയ്യുന്ന നിലയിൽ നാണംകെട്ട ഒന്നായി കുപ്രസിദ്ധിയിലായിരിക്കുന്നു. കള്ളപ്പണക്കടത്തുമായി ബന്ധമുണ്ടെന്ന് സ്ഥാപിച്ചാൽ താൻ പൊതുപ്രവർത്തനം അവസാനിപ്പിക്കുമെന്ന സുരേന്ദ്രന്റെ പ്രഖ്യാപനം കൈയോടെ പിടിക്കപ്പെടുന്ന ഒരാളുടെ നിലവിളി മാത്രമാണ്. തടി രക്ഷിക്കാനുള്ള അവസാനത്തെ ദയനീയമായ ശ്രമം മാത്രം.

ധർമ്മരാജൻ ദീർഘകാലമായി ബിജെപി നേതാക്കളുടെ വലംകൈയും ഉറ്റമിത്രവുമാണെന്ന് സ്ഥാപിക്കുന്ന എത്രയോ തെളിവുകൾ സോഷ്യൽ മീഡിയയിലടക്കം 2021ൽ തന്നെ വന്നുകഴിഞ്ഞതാണ്. പണം നഷ്ടപ്പെട്ട വിവരം കാറിന്റെ ഡ്രൈവർ ഷംജീറിൽ നിന്നും അറിഞ്ഞ ധർമ്മരാജൻ ആദ്യം വിളിക്കുന്നത് സംസ്ഥാന പ്രസിഡണ്ടുൾപ്പെടെയുള്ള ബിജെപി നേതാക്കളെയാണെന്നാണ് മുൻ ഓഫീസ് സെക്രട്ടറി പത്രസമ്മേളനത്തിൽ പറഞ്ഞത്. അതുതന്നെയാണ് കുറ്റപത്രത്തിലും ഉള്ളത്. കെ.സുരേന്ദ്രന്റെ മകൻ കെ.എസ്.ഹരികൃഷ്ണനെയും വിളിച്ചതായി കുറ്റപത്രത്തിൽ പറയുന്നു. പണം കൊണ്ടുവന്ന തീയതിയെന്ന് തിരൂർ സതീഷ് പറയുന്ന ഏപ്രിൽ 2നും 3നും ഇടയിൽ ധർമ്മരാജൻ നിരവധി നേതാക്കളെ വിളിച്ച് സംസാരിച്ചിട്ടുള്ളതിന്റെ കോൾ ലിസ്റ്റ് കുറ്റപത്രത്തോടൊപ്പം ഹാജരാക്കയിട്ടുണ്ട്. അപ്പോൾ ഈ ധർമ്മരാജൻ ആരാണ്? കെ.സുരേന്ദ്രൻ പറയുന്നതുപോലെ, കൊടകര കുഴൽപ്പണകള്ളക്കടത്തുമായും ധർമ്മരാജനുമായും ബിജെപിക്ക് യാതൊരു ബന്ധവുമില്ലെങ്കിൽ പണം നഷ്ടപ്പെട്ടതായി പരാതി നൽകിയ ധർമ്മരാജൻ എന്തുകൊണ്ടാണ് ഏപ്രിൽ 2നും 3നും 4നും ബിജെപി നേതൃത്വത്തെ നിരന്തരം വിളിച്ചത്? സ്വന്തം ആവശ്യത്തിനായി കുഴൽപ്പണം കടത്തിയ ധർമ്മരാജൻ, പണം നഷ്ടപ്പെട്ടതോടെ സഹായത്തിനായി വിളിച്ചതാണോ ഇവരെയൊക്കെ? പച്ചനുണയാണ് ബിജെപി അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഏറ്റവും വിശ്വസ്തതയോടെ ബിജെപിക്കുവേണ്ടി കള്ളപ്പണം കടത്തുന്ന സമർത്ഥനായ ഒരു ഹവാല ഏജന്റാണ് ധർമ്മരാജൻ. അങ്ങിനെയല്ല എന്നു സമർത്ഥിക്കാനുള്ള ഒരു വസ്തുതയും ബിജെപി നേതൃത്വത്തിന് ഹാജരാക്കാനായിട്ടില്ല.

പണം നഷ്ടപ്പെട്ടിട്ടും ധർമ്മരാജൻ എന്തുകൊണ്ടാണ് പരാതി നൽകാൻ നാലു ദിവസം വൈകിയത്? എന്തുകൊണ്ടാണ് പരാതിയിൽ വളരെക്കുറച്ച് തുക മാത്രമേ നഷ്ടപ്പെട്ടിട്ടുള്ളൂ എന്ന് കാട്ടിയത്? കൊള്ളയടിക്കപ്പെട്ടത് കള്ളപ്പണമാണെന്നും അത് ബിജെപിയുടെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി കൊണ്ടുവന്നതാണെന്നുമുള്ള വസ്തുത വെളിയിൽ വരുമെന്ന ഭീതി മാത്രമണ് ഇതിന് കാരണം. മൂന്നരക്കോടി രൂപയുടെ ഉറവിടം വെളിപ്പെടുത്താനാവില്ല എന്നതാണ് തുക കുറച്ചുപറയാൻ പ്രേരിപ്പിച്ചത്. പണം കവർന്നവരുടെ പക്കൽ നിന്നും 2.03 കോടി കണ്ടെത്തിയതുകൊണ്ടുമാത്രമാണ് മൂന്നരക്കോടിയുടെ നഷ്ടം ഉണ്ടായതായി സമ്മതിക്കേണ്ടിവന്നത്.

പ്രത്യേക അന്വേഷണസംഘത്തിലെ ഉദ്യോഗസ്ഥൻ വി.കെ.രാജുവിന് നൽകിയ മൊഴിയിൽ, തനിക്ക് ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ.സുരേന്ദ്രനുമായി അടുത്ത ബന്ധമുണ്ടെന്നും അദ്ദേഹവുമൊന്നിച്ച് അമിത് ഷായെ നേരിൽ സന്ദർശിച്ചിട്ടുണ്ടെന്നും പല തവണകളായി കോടിക്കണക്കിന് രൂപയുടെ കള്ളപ്പണം കേരളത്തിൽ എത്തിച്ചിട്ടുണ്ടെന്നും ധർമ്മരാജൻ പറയുകയുണ്ടായി. പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെയും കോന്നി ഉപതിരഞ്ഞെടുപ്പിന്റെയും വേളയിലും പണം എത്തിച്ചതായി അദ്ദേഹത്തിന്റെ മൊഴിയിലുണ്ട്. ബിജെപിക്കായി ബാംഗ്ലൂരിൽനിന്നും ഇടയ്ക്കിടയ്ക്ക് പണം എത്തിക്കാറുണ്ടെന്നും ധർമ്മരാജൻ മൊഴി നൽകിയിട്ടുണ്ട്. ബിജെപി നേതാക്കളുടെ കുഴൽപ്പണബന്ധം വെളിവാക്കുന്ന ഒട്ടനവധി രേഖകൾ കുറ്റപത്രത്തിലുണ്ട്.

കൊടകര കുഴൽപ്പണക്കേസിൽ 2021 ആഗസ്റ്റ് രണ്ടിന് ആദായനികുതി അസിസ്റ്റന്റ് ഡയറക്ടർക്കും ഇഡി കൊച്ചി യൂണിറ്റ് ഡപ്യൂട്ടി ഡയറക്ടർക്കും പ്രത്യേക അന്വേഷണ സംഘം നൽകിയ റിപ്പോർട്ടിൽ ധർമ്മരാജന്റെ മൊഴി അപ്പാടെ ചേർത്തിട്ടുണ്ട്. ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രന്റെ അറിവോടെ, സംസ്ഥാന സംഘടനാ സെക്രട്ടറി എം.ഗണേശൻ, സംസ്ഥാന ഓഫീസ് സെക്രട്ടറി ഗിരീശൻ നായർ എന്നിവരുടെ മേൽനോട്ടത്തിൽ 41.40 കോടി രൂപയുടെ കള്ളപ്പണം കേരളത്തിലേക്ക് കടത്തിയിട്ടുണ്ടെന്ന് ധർമ്മരാജന്റെമൊഴിയിലുണ്ട്.കർണാടകബിജെപി എം.എൽ.സി.ലഹർ സിംഗിന്റെ പക്കൽ നിന്നും 14.40 കോടി രൂപ ബാംഗ്ലൂരിലെ ഹവാല റാക്കറ്റ് വഴിയും 27 കോടി രൂപ മറ്റ് റാക്കറ്റ് വഴിയുമാണ് കടത്തിയതെന്നും വ്യക്തമായി മൊഴിയിലുണ്ട്. ഈ തുകയിൽ സേലത്തുവച്ച് 4.40 കോടി രൂപയും കൊടകരയിൽ 3.5 കോടി രൂപയും കവർച്ച ചെയ്യപ്പെട്ടതായും മൊഴി സാക്ഷ്യപ്പെടുത്തുന്നു. നേതൃത്വത്തെ ഒന്നാകെ പ്രതിക്കൂട്ടിൽ നിർത്തുന്ന മൊഴിയും പോലീസ് റിപ്പോർട്ടും കെട്ടിച്ചമച്ചതാണെങ്കിൽ അതിനെതിരെ നിയമപരമായ നടപടിക്ക് എന്തുകൊണ്ടാണ് ബിജെപി മുതിരാതിരുന്നത്? തങ്ങൾ കൂടുതൽ കുടുങ്ങുമെന്ന് ഉറപ്പുള്ളതിനാൽ മാത്രമാണ് അവർ ആ വഴി തേടാതിരുന്നത്. പ്രത്യേക അന്വേഷണ സംഘത്തിന്റെ ഈ റിപ്പോർട്ടും അതിലെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളുമുള്ളിടത്തോളം 'കള്ളപ്പണബന്ധം തെളിഞ്ഞാൽ പൊതുപ്രവർത്തനം അവസാനിപ്പിക്കു'മെന്ന ബഡായിയൊന്നും കേരളീയ സമൂഹത്തിനുമുമ്പിൽ വിലപ്പോകില്ല.

ബിജെപി നേതൃത്വത്തിന്റെ കരങ്ങൾ പരിശുദ്ധമാണെങ്കിൽ ഇഡിയെക്കൊണ്ട് സത്യസന്ധമായ അന്വേഷണം നടത്തി തങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ മുൻകൈയെടുക്കാത്തതെന്തേ? ഒരന്വേഷണ നാടകം നടത്തി, ബിജെപിക്ക് അനുകൂലമായി കുറച്ച് വ്യാജ വിവരങ്ങൾ നിരത്തി, ബിജെപിയെ രക്ഷിക്കാൻ പോലുമാകാത്തവിധം തെളിവുകൾ ശക്തമാണെന്നതിനാലാണ് ഇഡി കഴിഞ്ഞ മൂന്നുവർഷമായി പ്രത്യേക അന്വേഷണ ഏജൻസിയുടെ റിപ്പോർട്ടിന്റെമേൽ ഒരു നടപടിയും സ്വീകരിക്കാതിരിക്കുന്നത്. മോദി ഭരണത്തിൻ കീഴിൽ പ്രതിപക്ഷ കക്ഷി നേതാക്കളെയും മാധ്യമപ്രവർത്തകരെയുംവരെ ഇല്ലാത്ത തെളിവുകളുടെ പേരിൽ തുറുങ്കിലടയ്ക്കുന്ന ഇഡിക്ക് വ്യാജവിവരങ്ങൾ സംഘടിപ്പിക്കുക വളരെ എളുപ്പമാണല്ലോ. കൊടകരക്കേസിൽ ബിജെപിയെ സഹായിക്കാനായി ഒരന്വേഷണ നാടകത്തിനു പോലും സ്കോപ്പില്ല എന്നതിനാലാണ് ഇഡി അതിനു മുതിരാതിരുന്നത്. ഒരു സാമ്പത്തികകുറ്റകൃത്യത്തെസംബന്ധിച്ച് പോലീസ് ഏജൻസി റിപ്പോർട്ട് നൽകിയാൽ അന്വേഷണം നടത്താൻ ബാദ്ധ്യസ്ഥമാണെന്നിരിക്കെ, എന്തുകൊണ്ടാണ് കൊടകരക്കേസിന്റെ റിപ്പോർട്ടിന്റെമേൽ ഇഡി അടയിരിക്കുന്നത്? ഇപ്പോൾ കേരള ഹൈക്കോടതി മൂന്ന് ആഴ്ചക്കുള്ളിൽ ഇഡിയോടും ആദായ നികുതി വകുപ്പിനോടും പോലീസ് റിപ്പോർട്ടിന്റെമേൽ സ്വീകരിച്ച നടപടിയെന്തെന്ന് അറിയിക്കാൻ നോട്ടീസ് നൽകിയിരിക്കുകയാണ്. സത്യസന്ധമായ അന്വേഷണം നടന്നാൽ ബിജെപിയുടെ സംസ്ഥാന നേതാക്കൾ മാത്രമല്ല, ദേശീയ നേതൃത്വവും കുടുങ്ങുമെന്നതിനാലാണ് ഇഡിയും ആദായ നികുതി വകുപ്പും തിരഞ്ഞെടുപ്പ് കമ്മീഷനുമെല്ലാം 'കൂട്ടിലടച്ച തത്തകളായി' നിലകൊള്ളുന്നത്. സംസ്ഥാന നേതാക്കൾമാത്രം തീരുമാനിച്ചാൽ കർണ്ണാടകയിൽനിന്ന് കള്ളപ്പണം വരില്ലല്ലോ. ദേശീയ നേതൃത്വത്തിന്റെ ആസൂത്രണം ഉണ്ടെങ്കിൽ മാത്രമേ മറ്റൊരു സംസ്ഥാനത്തുനിന്ന് പണമെത്തിക്കാൻ കഴിയൂ എന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. അപ്പോൾ അന്വേഷണത്തെ സംസ്ഥാനനേതാക്കൾ മാത്രമല്ല അഖിലേന്ത്യാ നേതാക്കളും ഭയക്കുന്നുണ്ട്. അതിനാൽ ഇഡിയുടെയും മറ്റ് ഏജൻസികളുടെയും കൈകെട്ടിയത് ദില്ലിയിൽ നിന്നാണെന്ന് ന്യായമായും ഉറപ്പിക്കാം.

കൊടകര കുഴൽപ്പണക്കേസ് ഒരു പണാപഹരണക്കേസ് മാത്രമായാണ് ഇപ്പോൾ കോടതിയിലുള്ളത്. രാജ്യത്തിനും അതിന്റെ സാമ്പത്തിക ഘടനക്കുമെതിരായ അതീവഗൗരവതരമായ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ് യഥാർത്ഥത്തിൽ കൊടകര കുഴൽപ്പണക്കടത്ത്. രാജ്യം ഭരിക്കുന്ന പാർട്ടിയുടെ നേതാക്കൾ കർണ്ണാടകയിൽ നിന്ന് ഹവാല റൂട്ടിലൂടെ കള്ളപ്പണം ഒഴുക്കി എന്നത് പരിമിതമായ അന്വേഷണത്തിലൂടെ മാത്രം പുറത്തുവന്ന വിവരമാണ്. എല്ലാ ഏജൻസികളും ഏകോപിതമായി അന്വേഷിച്ചുകൊണ്ട് കള്ളപ്പണത്തിന്റെ ഉറവിടവും അതിന്റെ ലക്ഷ്യവും പുറത്തുകൊണ്ടുവരേണ്ടതുണ്ട്. എന്നാൽ പ്രതിക്കൂട്ടിൽ നിൽക്കുന്ന ബിജെപി മാത്രമല്ല, ഭരണ പ്രതിപക്ഷ പാർട്ടികളെല്ലാം അന്വേഷണം ഒരു പരിധിക്ക് അപ്പുറത്തേക്കു പോകാൻ ആഗ്രഹിക്കുന്നില്ല എന്ന് വ്യക്തമാണ്.

സിപിഐ(എം) നയിക്കുന്ന സംസ്ഥാനഭരണം, മൂന്നരക്കോടി രൂപയുടെ പണത്തട്ടിപ്പ് വകുപ്പുമാത്രം ചേർത്ത ഒരു കുറ്റപത്രം കോടതിയൽ സമർപ്പിക്കുകയും കേന്ദ്ര ഏജൻസികൾക്ക് ഒരു റിപ്പോർട്ട് നൽകുകയും ചെയ്തതല്ലാതെ മറ്റൊരു നടപടിക്കും മുതിർന്നില്ല. ഇതിനോടകം സ്വീകരിച്ച മേൽപ്പറഞ്ഞ നടപടികൾ വളരെ സ്വഭാവികമായ നടപടിക്രമം മാത്രമാണ്. അതിനുമപ്പുറത്തേക്ക് രാജ്യവിരുദ്ധ പ്രവർത്തനത്തിന്റെ മാനമുള്ള ഒരു കുറ്റകൃത്യത്തിന്റെ നിലയിൽ സർക്കാർ ഈ കേസിനെ കാണുകയോ നടപടി സ്വീകരിക്കുകയോ ചെയ്തില്ല. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരമുള്ള ഒരു കേസ് ബാധ്യതപ്പെട്ട ഏജൻസികളെക്കൊണ്ട് രജിസ്റ്റർ ചെയ്യിക്കാൻ ഔദ്യോഗികമായി എന്തു തുടർനടപടിയാണ് കൈക്കൊണ്ടത്? ഇപ്പോൾ കേസിലെ 50–ാം സാക്ഷി ഒരു റിട്ട് ഫയൽ ചെയ്തതോടെ, അന്വേഷണ ഏജൻസികൾക്ക് നോട്ടീസ് അയയ്ക്കാൻ ഹൈക്കോടതി തയ്യാറായത് നാം കണ്ടു. കഴിഞ്ഞ മൂന്നുവർഷമായി പോലീസ് റിപ്പോർട്ടിന്റെമേൽ അടയിരിക്കുന്ന എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റിനെതിരെ ഹൈക്കോടതിയിൽ സംസ്ഥാന സർക്കാർ ഒരു ഹർജി ഫയൽ ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്? പ്രത്യേകഅന്വേഷണസംഘം തയ്യാറാക്കിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഉയർന്ന കോടതികളിൽ സമർപ്പിച്ച് നീതിന്യായ സംവിധാനത്തിന്റെ പരിഗണനയിലേക്ക് അതീവഗൗരവതരമായ ഈ കേസ് കൊണ്ടുവരാതിരുന്നത് എന്തുകൊണ്ടാണ്? ആരെ രക്ഷിക്കാനാണ് ഈ സമീപനം പിണറായി സർക്കാർ സ്വീകരിച്ചിരിക്കുന്നത്? ഇപ്പോൾ കോടതിയിലുള്ള കൊടകര പണാപഹരണക്കേസിൽ ബിജെപിയുടെ ഒരു നേതാവും പ്രതിയല്ല. കള്ളപ്പണം കടത്താൻ ചുക്കാൻ പിടിക്കുകയും തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിക്കുകയും ചെയ്ത സംസ്ഥാനത്തെയും പുറത്തെയും ബിജെപി നേതാക്കൾ സ്വൈരവിഹാരം നടത്തുന്നു. ബിജെപിയുടെ ജില്ലാ കമ്മിറ്റി ഓഫീസിൽനിന്നും കാറിൽ പണം കൊണ്ടുപോകുന്നുവെന്ന വിവരം പാർട്ടിയുടെ വളരെ കുറച്ച് നേതാക്കൾക്കു മാത്രമേ അറിവുണ്ടായിരുന്നുള്ളൂ. പ്രസ്തുത വിവരം മോഷ്ടാക്കൾക്ക് ചോർത്തിക്കൊടുത്ത് ഈ പണം കൊള്ള (കൊടകരയിൽ മാത്രമല്ല, സേലത്തും) ആസൂത്രണം ചെയ്ത ആരും പ്രതികളല്ല! അവരെല്ലാം വിശുദ്ധന്മാരായി വിലസുന്നു! പിണറായി വിജയൻ നയിക്കുന്ന സർക്കാരിന് ബിജെപിയോടുള്ള ഉപകാരസ്മരണയാണോ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്ന് ആരും സംശയിച്ചുപോകുന്ന സാഹചര്യമാണിത്.

ഭരണതലത്തിലെ ഒത്താശകളിൽ മാത്രം ഇത് ഒതുങ്ങുന്നില്ല. ബിജെപിയുടെ വർഗ്ഗീയ രാഷ്ട്രീയത്തിനെതിരെ പൊരുതുകയാണെന്നാണല്ലോ ആർഎസ്എസ്സിന്റെ കൈകളാൽ കൊല ചെയ്യപ്പെട്ട രക്തസാക്ഷികളുടെ എണ്ണം കാട്ടി സിപിഐ(എം) ആവർത്തിക്കുന്നത്. ഈ വ്യാഖ്യാനത്തി

*(ശേഷം 6–ാം പേജിൽ)*

# തൊഴിൽ നിയമപരിഷ്കാരങ്ങൾവഴി കേന്ദ്രസർക്കാർ സാമ്രാജ്യത്വ താൽപ്പര്യങ്ങളുമായി ഐക്യപ്പെടുന്നു

(4–ാം പേജിൽ നിന്ന്)

ബന്ധിച്ച് ഇൻസ്പെക്ടർമാർക്കും ഇൻസ്പെക്ടറേറ്റുകൾക്കും ലേബർ കോടതികൾക്കും ട്രൈബ്യൂണലുകൾക്കും നാമമാത്രമായെങ്കിലും നിലനിന്നിരുന്നത് ഇന്ന് ഫലത്തിൽ എടുത്തു മാറ്റപ്പെട്ടിരിക്കുകയാണ്. 'ഇൻസ്പെക്ടർ-കം-ഫെസിലിറ്റേറ്റർ' എന്ന പേരിലുള്ള പുതിയ കേഡർ തസ്തിക അവതരിപ്പിച്ചിരിക്കുന്നത് കേട്ടാൽ കോഡുകൾ തൊഴിലാളി സൗഹൃദപരമാണെന്ന് തോന്നും. പക്ഷേ, യഥാർത്ഥത്തിൽ അത് മുൻകൂർ അറിയിക്കാതെ രഹസ്യ സ്വഭാവത്തിൽ നടത്തുന്ന ഇൻസ്പെക്ഷനുകളെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ളതാണ്. 1948ലെ ഫാക്ടറീസ് ആക്ടും 1955ലെ ന്യൂസ് പേപ്പർ എംപ്ലോയീസ് ആക്ടും അടക്കമുള്ള 13 നിയമങ്ങളെ സംയോജിപ്പിച്ചിരിക്കുകയാണ്. ഈ സംയോജിത നിയമപ്രകാരം ലേബർ ഇൻസ്പെക്ടർമാർക്ക് സർപ്രൈസ് ഇൻസ്പെക്ഷൻ നടത്താനാവില്ല. കണ്ണിൽ പൊടിയിടുന്ന മറ്റൊരു കാപട്യം കൂടിയുണ്ട്. ഈ കോഡുകളുടെ ലംഘനത്തിന് ഫൈൻ ഈടാക്കുന്നത് മുതൽ മൂന്നുമാസത്തെ തടവ് ശിക്ഷയ്ക്കുവരെ വ്യവസ്ഥയുണ്ട്. പക്ഷേ, സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ ഒരു കോടതിക്കും നിയമലംഘനത്തിനെതിരെ വ്യവഹാര നടപടികൾ എടുക്കാനാവില്ല. മുൻപ് സൂചിപ്പിച്ചതുപോലെ, തൊഴിൽ നഷ്ടപ്പെടുകയോ മറ്റുള്ളവരെ പകരം നിയമിക്കുകയോ ചെയ്തേക്കും എന്ന ഭയത്തിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾ അപകടകരമായ തൊഴിൽ സാഹചര്യത്തിൽ പണിയെടുക്കാൻ നിർബന്ധിതരാകും. അവർ യാതൊരു തൊഴിൽ നിയമങ്ങളിലും ഉൾപ്പെടുത്തപ്പെട്ടിട്ടില്ല എന്നതാണ് കാരണം.

ഇപ്പോൾ, സംഘടിത മേഖലയിലെ തൊഴിലാളികൾ ഇതുവരെ അനുഭവിച്ചുവന്ന ഏറ്റവും മിനിമം അവകാശങ്ങൾപോലും അവരിൽനിന്ന് അപഹരിക്കപ്പെട്ടിരിക്കുകയാണ്. മരിച്ചുകൊണ്ടിരിക്കുകയും ഇരകളാക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന തൊഴിലാളികളുടെ രക്ഷയ്ക്ക് രാജ്യത്തെ നിയമങ്ങൾ എത്താതിരിക്കുമ്പോൾ, തമ്മിൽ ഐക്യപ്പെടുകയും യൂണിയനുകൾ രൂപീകരിക്കുകയും സംഘടിതമായി പോരാടുകയും ചെയ്യുക എന്നതാണ് അവശേഷിക്കുന്ന ഒരേ ഒരു ഉപാധി. കൊളോണിയൽ നിഷ്ഠുരവാഴ്ചക്കെതിരെപോലും ഇന്ത്യൻ തൊഴിലാളികൾ പോരാടുകയും അവരെ മുട്ടുകുത്തിക്കുകയും തൊഴിലാളികൾക്ക് മിനിമം സംരക്ഷണം ഏർപ്പെടുത്തുവാനുള്ള ചില നിയമങ്ങൾ നിർമ്മിക്കാൻ നിർബന്ധിതരാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി 1926ലെ ട്രേഡ്‌യൂണിയൻ ആക്ട്, 1946ലെ ഇൻഡസ്ട്രിയൽ എംപ്ലോയ്‌മെന്റ് (സ്റ്റാൻഡിങ് ഓർഡേഴ്സ്)ആക്ട്, 1947ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് എന്നിവ പുറപ്പെടുവിച്ചു. തൊഴിലാളികൾക്ക് യൂണിയനുകൾ രൂപീകരിക്കാനുള്ള നിയമപരമായ അവകാശം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, ഏറ്റവും അധികം ലംഘിക്കപ്പെട്ടിട്ടുള്ള അവകാശം അതാണ്. യൂണിയനുകളിൽ അണിനിരക്കുന്ന തൊഴിലാളികളെ ഒന്നല്ലെങ്കിൽ മറ്റൊരു കാരണം പറഞ്ഞ് പിരിച്ചുവിട്ടുകൊണ്ട് ശിക്ഷിക്കുകയാണ്. സ്ഥിരസ്വഭാവത്തിലുള്ള ഒഴിവുകളിൽ കരാർ തൊഴിലാളികളെ നിയമിക്കുന്നു. തൊഴിലാളികൾ യൂണിയനുകൾ രൂപീകരിച്ചാൽ, ഭരിക്കുന്ന കൂട്ടരുടെ ജാഗ്രതാപൂർണമായ നോട്ടങ്ങളിൽനിന്ന് രക്ഷപ്പെടുന്നില്ല. അങ്ങനെ ബിജെപി സർക്കാരിന്റെ 'അമൃതകാല'ത്ത്, യൂണിയനുകൾ രൂപീകരിച്ചു കൊണ്ട് കൂട്ടായി വിലപേശാനുള്ള സ്വാതന്ത്ര്യം എന്ന, കഠിനമായ സമരത്തിലൂടെ നേടിയെടുത്ത അവകാശത്തെ പുതിയ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിലൂടെ പിടിച്ചുപറിക്കാൻ അവർ ഒട്ടും മടിച്ചില്ല.

## ലേബർ കോഡുകൾ

ഈ കോഡിന്റെ ലക്ഷ്യമായി പറയുന്നത് "വ്യവസായ തൊഴിൽ തർക്കങ്ങൾ പരിഹരിക്കാനുള്ള പരമമായ യത്നം എന്ന നിലയിൽ വ്യവസായ സമാധാനവും ഒത്തൊരുമയും നേടാനും, തൊഴിലുടമയും തൊഴിലാളികളും തമ്മിൽ ഹൃദയംഗമമായതും സൗഹാർദ്ദപരവുമായ ബന്ധം നിലനിർത്തിക്കൊണ്ട് വ്യവസായത്തിന്റെ പുരോഗതി കൊണ്ടുവരാനും" എന്നാണ്. പക്ഷേ പ്രസക്തമായ ചോദ്യം നിലനിൽക്കുന്നു. ആരുടെ സമാധാനവും ആർക്കുവേണ്ടിയുള്ള ഒത്തൊരുമയും ആണ് ഉദ്ദേശിക്കുന്നത്? മതിയായ സുരക്ഷാ സംവിധാനത്തിന്റെ അഭാവത്താൽ തൊഴിലാളികൾ മരണപ്പെടുകയാണെങ്കിൽ, വ്യവസായത്തിലെ സമാധാനത്തെയും ഒത്തൊരുമയെയുംപറ്റിയുമുള്ള ഭാഷണങ്ങൾ അസംബന്ധമായി മാറുകയല്ലേ?

യൂണിയനുകൾ രൂപീകരിക്കുന്നതിനും പണിമുടക്കിലേക്ക് പോകാനുമുള്ള തൊഴിലാളികളുടെ അവകാശത്തിനുമേലുള്ള നിയന്ത്രണങ്ങളെസംബന്ധിച്ചും ഈ കോഡ് പല വ്യവസ്ഥകളും നിഷ്കർഷിക്കുന്നുണ്ട്. 50 ശതമാനത്തിൽ അധികം തൊഴിലാളികൾ മുൻകൂർ നോട്ടീസ് നൽകി 'കൂട്ടായി എടുക്കുന്ന കാഷ്വൽ ലീവ്'എന്നാണ് പണിമുടക്കിനെ നിർവചിച്ചിരിക്കുന്നത്. നൂറു തൊഴിലാളികളോ ആകെ തൊഴിലാളികളുടെ 10 ശതമാനമോ അംഗത്വമുള്ള, ഈ അനുപാതം എല്ലായ്പ്പോഴും നിലനിർത്തുന്ന യൂണിയനുകൾക്ക് മാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളൂ. അതുപോലെ, ഒരു സ്ഥാപനത്തിലെ മസ്റ്റർ റോളിലുള്ള 51 ശതമാനമോ അതിലധികമോ തൊഴിലാളികളുടെ പിന്തുണ ഉണ്ടെങ്കിൽ മാത്രമേ, ആ യൂണിയന് മാനേജ്മെന്റുമായി സ്ഥിര തൊഴിലാളികളുടെ ഡിമാൻഡ് സംബന്ധിച്ച കൂടിയാലോചനകൾ നടത്താനുള്ള ഒരേയൊരു ഏജൻസിയായി കണക്കാക്കൂ. ഇത്, ആദ്യത്തെ ഡ്രാഫ്റ്റ് കോഡിലുണ്ടായിരുന്ന 75 ശതമാനം എന്നതിൽ നിന്ന് താഴേക്ക് കൊണ്ടുവന്നതാണ്. രണ്ടായാലും ഡിമാൻഡ് ചർച്ചയുടെ മേശയിൽ ഒരേയൊരു യൂണിയന്റെ കുത്തകയ്ക്ക് ഇത് കാരണമാവും. കൂട്ടായവിലപേശൽസംബന്ധിച്ച് ഐഎൽഒ കൺവൻഷനുകളുടെ ലംഘനമാണിത്. ഒരു സെറ്റിൽമെന്റ് എന്ന് പറയുന്നത്, ഒരു യൂണിയനോ തൊഴിലാളികളുടെ ഒരു ഗ്രൂപ്പോ സ്ഥാപനം ഉടമയുമായി നടത്തുന്നതുതന്നെ ആയിരിക്കണം എന്നാണ് നിലവിലിരിക്കുന്ന 1947ലെ വ്യവസായ തർക്ക നിയമത്തിൽ പറയുന്നത്. അല്ലാതെ, ഒരു വ്യക്തിയായ തൊഴിലാളിയും സ്ഥാപന ഉടമയും തമ്മിലുള്ളതല്ല. കൂട്ടായ വിലപേശൽ എന്ന സങ്കൽപ്പത്തിനുതന്നെ വിരുദ്ധമായി പുതിയ കോഡിൽ നൽകിയിരിക്കുന്ന 'സെറ്റിൽമെന്റി'ന്റെ നിർവചനം വ്യവസായ ബന്ധകോഡിലും നൽകിയിരിക്കുകയാണ്. അത് നിശ്ചിതകാല കരാർ തൊഴിൽ സമ്പ്രദായത്തെ അംഗീകരിക്കുകയും, സ്ഥിരതൊഴിലാളികളുടെ സേവന വ്യവസ്ഥ വ്യക്തിപരമായി നിശ്ചയിക്കാൻ പോകുന്നു എന്നുമാണ് പ്രസ്താവിക്കുന്നത്. ഏറ്റവും ഉയർന്ന ത്രികക്ഷി സംവിധാനമായ ഇന്ത്യൻ ലേബർ കോൺഫറൻസ് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഒരിക്കൽ പോലും വിളിച്ചു ചേർക്കുകയുണ്ടായില്ല എന്ന വസ്തുതയിൽ നിന്ന് തന്നെ, തൊഴിലാളികളുടെ ക്ഷേമത്തിൽ സർക്കാരിന് എത്രത്തോളം ആത്മാർത്ഥതയുണ്ട് എന്ന് വ്യക്തമാണ്. വ്യവസായികൾ ഈ കോഡിനെ രണ്ട് കൈയും നീട്ടി സ്വീകരിച്ചതിൽ ഒട്ടും അതിശയോക്തിയില്ല. ഈ പരിഷ്കാരങ്ങൾ ഇന്ത്യയെ ഉയർന്ന മുൻഗണന നൽകപ്പെടുന്ന ഒരു വ്യവസായ നിക്ഷേപലക്ഷ്യസ്ഥാനമായി കണക്കാക്കപ്പെടുമെന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങളുടെ വികാസത്തിന് വലിയ വഴിയൊരുക്കുമെന്നും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII) ഡയറക്ടർ ജനറൽ പറഞ്ഞു. ഈ പുതിയ ലേബർ കോഡുകളെ ഭാരതീയ ന്യായസംഹിതയുടെ 172–ാം വകുപ്പുമായി ബന്ധപ്പെടുത്തി പരിശോധിച്ചു നോക്കുക. പോലീസ് ഉദ്യോഗസ്ഥന്മാർ പറയുന്ന നിയമപരമായ നിർദ്ദേശങ്ങൾ അനുസരിക്കണമെന്നും അല്ലാത്തപക്ഷം അറസ്റ്റ് ചെയ്യപ്പെടുമെന്നുമാണ് ആ വകുപ്പ് പറയുന്നത്. നിയമം നടപ്പിലാക്കുവാൻ അവകാശമുള്ള സർക്കാർ ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ലംഘിച്ചാലുള്ള നിയമപരമായ അനന്തര ഫലത്തെപ്പറ്റിയാണ് 223–ാം വകുപ്പ് പറയുന്നത്. പണിമുടക്കോ മറ്റുതരത്തിലുള്ള സമരമോ അവസാനിപ്പിക്കണമെന്ന് അത്തരം ഉദ്യോഗസ്ഥന്മാർക്ക് ഉത്തരവ് പുറപ്പെടുവിക്കാനും അത് അനുസരിക്കാത്ത പക്ഷം അവരെ കസ്റ്റഡിയിലെടുക്കാനും മറ്റു വിധത്തിൽ ശിക്ഷിക്കുവാനും സാധിക്കും. കിരാതമായ യുഎപിഎ നിയമത്തിൻ കീഴിൽ, ഏത് സമയത്തുവേണമെങ്കിലും പണിമുടക്കുകളും ഭീകരവാദ വിഘടനവാദ പ്രവർത്തനമെന്ന് മുദ്രകുത്തപ്പെടാം.

ലോക ബാങ്കിന്റെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' പദ്ധതിയിൽ ഇന്ത്യയുടെ സ്ഥാനം ഉയർത്തിയെടുക്കുക എന്നതാണ് തൊഴിൽ നിയമപരിഷ്കാരങ്ങൾകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. അവിടെ തൊഴിലാളികളുടെ സുരക്ഷയോ സംരക്ഷണമോ അനീതിക്കെതിരെ പ്രതിഷേധിക്കാനുള്ള അവരുടെ അവകാശമോ പരിഗണിക്കപ്പെടുന്നതേയില്ല. മതിയായ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സ്ഥാപനമുടമക്ക് യാതൊരു ബാധ്യതയുമില്ല. അവർക്ക് തൊഴിൽ സമയം നീട്ടാം, തൊഴിലിടം അനാരോഗ്യകരമായി സൂക്ഷിക്കാം. എന്തിന് തൊഴിലാളികൾ തൊഴിലിടങ്ങളിലെ അപകടത്തിൽ മരണപ്പെട്ടാൽ ദുഃഖിതരായ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകണമെന്നുപോലുമില്ല.

തൊഴിലാളി വർഗ്ഗത്തിന് മുന്നിൽ രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഈ നിയമങ്ങൾക്കു മുന്നിൽ ചോദ്യം ചെയ്യാതെ കീഴടങ്ങാം. അതല്ലെങ്കിൽ, പ്രതിരോധിക്കാനായി ഐക്യപ്പെടുകയും സ്വയം സംഘടിതരാവുകയും ചെയ്യാം. ന്യായമായ അവകാശങ്ങൾ ചവിട്ടിമെതിക്കാനുള്ള എല്ലാ കുതന്ത്രങ്ങൾക്കു മെതിരെ ശരിയായ നേതൃത്വത്തിൻ കീഴിൽ, അടിച്ചമർത്തപ്പെടുന്നവരും ചൂഷിതരും ഐക്യപ്പെട്ട് പൊരുതുകയാണെങ്കിൽ സ്വേച്ഛാധിപതികളായ യാതൊരു ഭരണാധികാരികൾക്കും അതിനെ അതിജീവിക്കാനാവില്ല എന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ■

## കൊടകര കുഴൽപ്പണക്കേസ്

(5–ാം പേജിൽ നിന്ന്)

നു നിരക്കുന്ന രാഷ്ട്രീയനിലപാട് സ്വീകരിക്കുന്നത് നാം കാണുന്നില്ല. കള്ളപ്പണം കടത്തുന്ന ബിജെപിയുടെ തനിനിറം വിശദീകരിച്ചുകൊണ്ട് ദേശീയതലത്തിൽ രാഷ്ട്രീയമായി അവരെ തുറന്നുകാട്ടാനും ഒറ്റപ്പെടുത്താനും ലഭിച്ച ഈ സന്ദർഭം സിപിഐ(എം) വിനിയോഗിക്കാതിരുന്നതെന്തുകൊണ്ടാണ്? പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഇഡിയും മറ്റ് ഏജൻസികളും അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പ്രക്ഷോഭത്തിന് സിപിഐ(എം) തയ്യാറാകാതിരുന്നതെന്തുകൊണ്ടാണ്? ഈ ആവശ്യമുന്നയിച്ച് സംസ്ഥാനത്തെ ജനാധിപത്യ -മതേതര- പുരോഗമന വിശ്വാസികളെ ഒന്നാകെ അണിനിരത്തിക്കൊണ്ട് സത്യസന്ധമായ ഒരു ജനകീയ മുന്നേറ്റം വളർത്താൻ ശ്രമിച്ചിരുന്നെങ്കിൽ ബിജെപിയുടെ വിനാശകരമായ രാഷ്ട്രീയത്തിന് ആഘാതമേൽപ്പിക്കാൻ കഴിയുമായിരുന്നു. പ്രതീക്ഷാനിർഭരമായ രാഷ്ട്രീയ സാഹചര്യം അത് സൃഷ്ടിക്കുമായിരുന്നു. പകപോക്കലിന്റെ പേരിൽ സ്വന്തം അണികളെ കൊലയ്ക്കുകൊടുത്തതിന്റെ ചരിത്രം പറഞ്ഞുകൊണ്ടല്ല, പ്രബുദ്ധമായ ജനാധിപത്യ രാഷ്ട്രീയം വളർത്തിയെടുത്തുകൊണ്ടു വേണം സംഘപരിവാർ രാഷ്ട്രീയത്തെ പ്രതിരോധിക്കാൻ. കൊടകര കുഴൽപ്പണക്കേസിനെ മുൻനിർത്തി ബിജെപിയെ രാഷ്ട്രീയമായി നേരിടാൻ സിപിഐ(എം) പേരിനുപോലും തയ്യാറാകാതിരുന്നത് ബോധപൂർവ്വമാണെങ്കിൽ, ദീർഘകാലാടിസ്ഥാനത്തിൽ ഈ സംസ്ഥാനം വലിയ വില കൊടുക്കേണ്ടിവരുമെന്ന് ഈ വൈകിയ വേളയിലെങ്കിലും സിപിഐ(എം) ലെ സത്യസന്ധരായ അണികൾ തിരിച്ചറിയണമെന്നഭ്യർത്ഥിക്കുന്നു.

പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഇഡിയും മറ്റ് കേന്ദ്ര ഏജൻസികളും നിഷ്പക്ഷവും സത്യസന്ധവുമായ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ശക്തമായ ഒരു ജനകീയ മുന്നേറ്റം വളർത്തിയെടുക്കുകയാണ് വേണ്ടത്. നമ്മുടെ സംസ്ഥാനത്തിന്റെ രാഷ്ട്രീയമണ്ഡലത്തെ കഴുകിവെടിപ്പാക്കാനുള്ള ഒരു പ്രസ്ഥാനമായി അത് മാറും. അതാണ് ഈ നിമിഷത്തിന്റെ ആവശ്യകത. അത്തരമൊരു പ്രക്ഷോഭത്തിന്റെ കടമ സിപിഐ(എം), സിപിഐ പ്രസ്ഥാനങ്ങൾ പൂർണ്ണമായും വെടിഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ, സാമൂഹ്യ പ്രതിബദ്ധതയും കറകളഞ്ഞ പൊതുപ്രവർത്തനത്തിന്റെ ചരിത്രവുമുള്ള സാമൂഹ്യ-സാംസ്കാരിക വ്യക്തിത്വങ്ങൾ അഗ്രിമാമികളായി രംഗത്തുവരണം. വ്യവസ്ഥാപിത ഇടതു പ്രസ്ഥാനങ്ങളിലെ സത്യസന്ധരായ പ്രവർത്തകർ അതിന്റെ ഭാഗമാകണം. ■

# ജർമ്മനിയിൽ നടന്ന ഇടതുപാർട്ടികളുടെയും സംഘടനകളുടെയും അഞ്ചാമത് അന്താരാഷ്ട്ര സമ്മേളനത്തിൽ എസ്‌യുസിഐ(സി) പങ്കെടുത്തു

**ജർമ്മനിയിൽ നടന്ന ഇടതുപാർട്ടികളുടെയും സംഘടനകളുടെയും അഞ്ചാമത് അന്താരാഷ്ട്ര സമ്മേളനത്തിലും ലെനിൻ അനുസ്മരണ സെമിനാറിലും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പൊളിറ്റ് ബ്യൂറോ അംഗം സഖാവ് അമിതാവ ചാറ്റർജി പങ്കെടുത്തു. സമ്മേളനാനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് പാർട്ടിയുടെ ബംഗാളി മുഖപത്രമായ ഗണദാബിയുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നു.**

**ചോദ്യം:** ഐസിഒആർ എന്ന സംഘടന രൂപീകരിച്ചിരിക്കുന്നതിന്റെ ലക്ഷ്യമെന്താണ്? വിശദീകരിക്കാമോ?

**ഉത്തരം:** 'ഇന്റർനാഷണൽ കോഓർഡിനേഷൻ ഓഫ് റെവല്യൂഷണറി പാർട്ടീസ് ആൻഡ് ഓർഗനൈസേഷൻസ്'(ഐസിഒആർ) ഒരു അന്താരാഷ്ട്ര സംഘടനയാണ്. എംഎൽപിഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടി ഓഫ് ഡോയ്ച്ച്ലാൻഡ് (ജർമ്മനി) ആണ് ഐസിഒആറിന്റെ നട്ടെല്ല്. കമ്മ്യൂണിസം അംഗീകരിക്കുകയും, തൊഴിലാളിവർഗ വിപ്ലവത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്ന, ലോകത്തെ എല്ലാ പാർട്ടികളെയും ബഹുജന സംഘടനകളെയും ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, 2010ൽ എംഎൽപിഡിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സംഘടനയാണിത്. കോമിന്റേൺ, കോമിൻഫോം എന്നീസംഘടനകളെപ്പോലെ ഒരു അന്താരാഷ്ട്ര കമ്മ്യൂണിസ്റ്റ് പ്ലാറ്റ്ഫോം കെട്ടിപ്പടുക്കുക എന്നതാണ് ലക്ഷ്യം. ഐസിഒആറിൽ അംഗമായിരിക്കുന്ന പാർട്ടികളും ഗ്രൂപ്പുകളുമെല്ലാം സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരും കമ്മ്യൂണിസം സ്ഥാപിക്കുന്നതിനായി പ്രവർത്തിക്കുന്നവരുമാണ്.

**ചോദ്യം:** സമ്മേളനത്തിൽ അവതരിപ്പിച്ച വിഷയങ്ങൾ ചുരുക്കമായി പ്രതിപാദിക്കാമോ?

**ഉത്തരം:**നിലവിലുള്ള ഇന്ത്യൻ രാഷ്ട്രീയ സാഹചര്യം ചർച്ച ചെയ്യുണമെങ്കിൽ, കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽനിന്ന് തുടങ്ങേണ്ടിയിരുന്നു. രണ്ട് ബൂർഷ്വാ ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരം ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎയും സിപിഐയും സിപിഐ(എം)ഉം പോലുള്ള കപട കമ്മ്യൂണിസ്റ്റുകൾ ഉൾപ്പെടുന്ന, കോൺഗ്രസ് നേതൃത്വത്തിലുള്ള ഇന്ത്യാ സഖ്യവും എങ്ങനെയാണ് ധ്രുവീകരിക്കപ്പെട്ടതെന്ന് പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചു. രണ്ട് ബൂർഷ്വാ മുന്നണികൾ നിലനിൽക്കുമ്പോൾ അവർക്കെതിരെ, 542 ലോക്സ ഭാ സീറ്റുകളിലെ 151 സീറ്റുകളിൽ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), തൊഴിലാളിവർഗ്ഗ വിപ്ലവലൈനിന്റെ അടിസ്ഥാനത്തിൽ, ഒറ്റയ്ക്ക് മത്സരിച്ചുകൊണ്ട്, മുഖ്യധാരാ പാർട്ടികൾക്ക്, ഭരിക്കുന്ന മുതലാളിത്തത്തോടുള്ള വിധേയത്വം തുറന്നുകാട്ടി. അതിലുമുപരി, ജനങ്ങളുടെ നീറുന്ന ജീവൽപ്രശ്നങ്ങളെ അടിസ്ഥാനമാക്കി ജനാധിപത്യ പ്രക്ഷോഭങ്ങൾ കെട്ടിപ്പടുക്കുകയാണ് ദേശവ്യാപകമായി ചെയ്തു കൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) യോജിച്ച ഇടതുപക്ഷ പ്രക്ഷോഭത്തിന് അനുകൂലമാണെന്നും എന്നാൽ മാർക്സിസ്റ്റ്, ഇടതുപക്ഷം എന്ന് സ്വയം വിളിക്കുന്ന മറ്റ് പാർട്ടികൾ പാർലമെന്ററി വോട്ട് രാഷ്ട്രീയം പിന്തുടരുകയും, പ്രക്ഷോഭത്തിന്റെ പാതയെ ഫലത്തിൽ തള്ളിക്കളയുകയും ചെയ്യുന്നുവെന്നും വ്യക്തമാക്കി. ഇന്ത്യയുടെ സാമ്പത്തിക- രാഷ്ട്രീയ-സാമൂഹ്യ സാഹചര്യത്തെക്കുറിച്ചും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) വഹിച്ചുകൊണ്ടിരിക്കുന്ന പങ്കും ചർച്ച ചെയ്തു.

ജർമ്മനി-ഇറ്റലി-ജപ്പാൻ അച്ചുതണ്ടിന്റെ സൈനിക ശക്തി രണ്ടാം ലോക മഹായുദ്ധത്തിൽ പരാജയപ്പെടുത്തപ്പെട്ടുവെങ്കിലും ഫാസിസം തുടച്ചുനീക്കപ്പെട്ടില്ല. കാരണം പ്രതിസന്ധി നിറഞ്ഞ എല്ലാ മുതലാളിത്ത രാഷ്ട്രങ്ങളുടെയും സവിശേഷതയാണ് ഫാസിസം, എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)ന്റെ സ്ഥാപക ജനറൽ സെക്രട്ടറി സഖാവ് ശിബ്ദാസ് ഘോഷ് 1948ൽത്തന്നെ ഇത് വ്യക്തമാക്കിയിരുന്നുവെന്നതും ചർച്ചാ മദ്ധ്യേ ചൂണ്ടിക്കാട്ടി. ഫാസിസത്തിനെതിരെ പോരാടേണ്ടതിന്റെ ആവശ്യകത എടുത്തുപറയുകയും ചെയ്തു.

**ചോദ്യം:** അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ദൗർബല്യത്തെക്കുറിച്ച് ചർച്ചകളോ നിരീക്ഷണങ്ങളോ നടന്നോ?

**ഉത്തരം:** ശരിയായ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ അഭാവമാണ് ഈ ദൗർബല്യത്തിന്റെ പ്രധാന കാരണം. സോവിയറ്റ് യൂണിയന്റെ തകർച്ചയും പരാമർശവിധേയമായി. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കാഴ്ചപ്പാടുകൾ എംഎൽപിഡിയുടെ വീക്ഷണങ്ങളുമായി പൊരുത്തപ്പെടുന്നതാണ്. എംഎൽപിഡിയുടെ ഉന്നത നേതാവ് ഉൾപ്പെടെയുള്ള ഒരു പ്രതിനിധി സംഘം കഴിഞ്ഞ മാർച്ചിൽ കൊൽക്കത്തയിൽ വരികയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കേന്ദ്ര ഓഫീസ് സന്ദർശിക്കുകയും ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, മുതിർന്ന പൊളിറ്റ് ബ്യൂറോ അംഗമായ സഖാവ് അസിത് ഭട്ടാചാര്യ, മറ്റ് കേന്ദ്ര കമ്മിറ്റി-പൊളിറ്റ് ബ്യൂറോ അംഗങ്ങൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി അഭിപ്രായങ്ങൾ കൈമാറിയിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയും അന്താരാഷ്ട്രതലത്തിൽ ഒരു കമ്മ്യൂണിസ്റ്റ് നേതൃത്വം സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു ഐസിഒആർ സമ്മേളനത്തിന്റെ ലക്ഷ്യം.

**ചോദ്യം:** പലസ്തീനിലെ ഇസ്രയേൽ ആക്രമണത്തെക്കുറിച്ച് സമ്മേളനം സ്വീകരിച്ച നിലപാട് എന്താണ്?

**ഉത്തരം:** പലസ്തീൻ കോൺഫറൻസിനായി സമ്മേളനം ഒരു ദിവസം നീക്കിവെച്ചു. എന്നാൽ ഹമാസ് ആക്രമണത്തെ എംഎൽപിഡി പിന്തുണക്കാത്തതിനാൽ ഹമാസ് വിഷയത്തിൽ പലസ്തീൻ പ്രതിനിധികളും എംഎൽപിഡിയുമായി അഭിപ്രായവ്യത്യാസമുണ്ടായി. ഹമാസ് ഒരു മതമൗലികവാദ ശക്തിയാണെന്നും അത് അപലപിക്കപ്പെടേണ്ടതാണെന്നും എംഎൽപിഡി കരുതുന്നു. ഹമാസിനെ അപലപിക്കുന്ന പ്രമേയത്തെ എതിർത്ത് സംസാരിച്ച, പലസ്തീൻ പ്രതിനിധികൾ പറഞ്ഞത്, ഹമാസ്, പലസ്തീൻ പ്രതിരോധ സമരത്തിന്റെ ഭാഗമാണ് എന്നാണ്. ഹമാസ് ഒരു മതമൗലികശക്തിയാണെങ്കിലും ഇപ്പോൾ അതിനെ വിമർശിക്കുന്നത് ഉചിതമല്ല എന്നാണ് ഞാൻ വ്യക്തമാക്കിയത്. അതിനെ പ്രത്യയശാസ്ത്രപരമായും സാംസ്കാരികമായും ചെറുക്കേണ്ടതുണ്ട്. ആശയപരമായ പ്രശ്നങ്ങൾ വോട്ടിംഗിലൂടെ തീരുമാനിക്കപ്പെടേണ്ടതല്ലല്ലോ, ചർച്ചയിലൂടെ തീരുമാനിക്കപ്പെടേണ്ടതാണ്. ഐസിഒആർ പ്രമേയവും ഈ നിലപാട് ശരിവയ്ക്കുന്നു.

**ചോദ്യം:** ഭാവിയിൽ ഒരു അന്താരാഷ്ട്ര കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനുള്ള സാദ്ധ്യത കാണുന്നുണ്ടോ?

**ഉത്തരം:** തീർച്ചയായും! എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഐസിഒആറിലെ അംഗമാണ്, ഐസിഒആറിലെ ഏഷ്യാ ഗ്രൂപ്പിലാണ്. അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന്റെ മുന്നോടിയായ പ്രവർത്തനങ്ങളാണ് ഇതെല്ലാം. ആ സാധ്യത പ്രാവർത്തികമാക്കുകയാണ് ലക്ഷ്യം. അമേരിക്കയിലെയും സ്പെയിനിലെയും സാമ്രാജ്യത്വവിരുദ്ധ ശക്തികൾ ഇതിനകം ബന്ധപ്പെട്ടിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് വെനസ്വേലയുമായും ചർച്ചകൾ നടക്കുന്നു. റഷ്യയിൽനിന്ന് രണ്ട് ഗ്രൂപ്പുകൾ സമ്മേളനത്തിൽ വന്നിരുന്നു. മാവോയിസ്റ്റെന്ന് സ്വയം പരിചയപ്പെടുത്തിയ ഒരു യുവാവും റഷ്യയിൽനിന്ന് എത്തിയിരുന്നു. മാർക്സിസ് ലെനിനിസ്റ്റ്-മാവോയിസ്റ്റ് എന്ന് സ്വയം വിളിക്കുന്ന ഒരു സംഘം ചൈനയിൽ നിന്നും ഉണ്ടായിരുന്നു. കെനിയയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധിയുമായി സംസാരിച്ചു. ഇന്ത്യ ഒരു സാമ്രാജ്യത്വ രാഷ്ട്രമെന്ന നിരീക്ഷണം എംഎൽപിഡിയും ശരിയെന്നു കരുതുന്നു. ലെനിൻ സെമിനാറിൽ ഞാൻ ഈ കാര്യം കുറച്ചുകൂടി വിശദീകരിച്ചു.

**ചോദ്യം:** ലെനിൻ സെമിനാറിനെക്കുറിച്ചുള്ള അനുഭവം വിശദീകരിക്കാമോ?

**ഉത്തരം:** 32 രാജ്യങ്ങളിൽനിന്നുള്ള എഴുന്നൂറോളം പ്രതിനിധകൾ ലെനിൻ സെമിനാറിൽ പങ്കെടുത്തു. ഇതിൽ നല്ലൊരു പങ്ക് യുവാക്കളായിരുന്നു.

പാർട്ടി രൂപീകരണത്തിന്റെ ലെനിനിസ്റ്റ് മാതൃകയാണ് ഞാൻ ആദ്യം പരാമർശിച്ചത്. പ്രത്യക്ഷത്തിൽ സമാന ചിന്താഗതിക്കാരായ ചിലർ ഒരുമിച്ചിരുന്ന് പ്രമേയം അംഗീകരിച്ച് പാർട്ടി രൂപീകരിക്കുക എന്നതല്ല ശരിയായ രീതി. സഖാവ് ശിബ്ദാസ് ഘോഷ് കാണിക്കുന്നതുപോലെ, പാർട്ടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നവർ, തുടക്കത്തിലേ, ചിന്തയിലും സമീപനത്തിലും ഏകത വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ലൈംഗികത ഉൾപ്പെടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന, കഠിനമായ പ്രത്യയശാസ്ത്ര പോരാട്ടം നടത്തണം, നമ്മുടെ പാർട്ടി അതിന്റെ മാതൃകയാണ്. വിപ്ലവ സിദ്ധാന്തംകൊണ്ട് ലെനിൻ ഉദ്ദേശിച്ചത് വിപ്ലവത്തിന്റെ അടവുകളും, തന്ത്രങ്ങളും മാത്രമല്ലെന്നും, വിപ്ലവത്തിന്റെ എല്ലാ വശങ്ങളെയും നയിക്കാനുള്ള സമഗ്രമായ വിപ്ലവ സിദ്ധാന്തമാണ് എന്നും സഖാവ് ശിബ്ദാസ് ഘോഷ് തെളിയിച്ചു. അതുകൊണ്ടാണ് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയിൽ മൂന്ന് തരം അംഗത്വമുള്ളത്-അപേക്ഷക അംഗങ്ങൾ, അംഗങ്ങൾ, തുടർന്ന് സ്റ്റാഫ് അംഗങ്ങൾ. ഇത് പാർട്ടിയുമായി താദാത്മ്യം പ്രാപിക്കുന്ന നിലവാരത്തെ അടിസ്ഥാനമാക്കിയാണ് ലഭിക്കുന്നത്.

രണ്ടാമത്തേത് സാമ്രാജ്യത്വത്തെക്കുറിച്ചായിരുന്നു. മുതലാളിത്തത്തിന്റെ ഏറ്റവും ഉയർന്ന ഘട്ടമായ സാമ്രാജ്യത്വത്തിലെത്തുന്നത് കുത്തക മൂലധനത്തിന്റെ വികസനം സാധ്യമാകുന്നതിലൂടെയാണ്. ഇതിനെ അടിസ്ഥാനമാക്കിയാകണം ഒരു രാജ്യം സാമ്രാജ്യത്വമാണോ അല്ലയോ എന്ന് പരിശോധിക്കേണ്ടത്. മൂന്നാമതായി, എല്ലാ ചർച്ചകളിലും, പങ്കെടുത്തവർ ലോകയുദ്ധത്തെക്കുറിച്ചുള്ള ആശങ്ക പ്രകടിപ്പിച്ചു, പ്രത്യേകിച്ച് ആണവയുദ്ധം. 'സാമ്രാജ്യത്വം ലോകയുദ്ധം സൃഷ്ടിക്കുന്നു' എന്ന് ലെനിൻ ഒരിടത്തും പറഞ്ഞിട്ടില്ലെന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞു. അദ്ദേഹം പറഞ്ഞത്, 'സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുന്നു' എന്നാണ്, ആ യുദ്ധം ഒരു ലോകയുദ്ധത്തിലേക്ക് നയിച്ചേക്കാം.

രണ്ടാമതായി, ഇന്ന് ഒരു ആണവയുദ്ധത്തിന്റെ സാധ്യത എന്താണ്? യുക്രൈനെതിരെ റഷ്യ ആണവയുദ്ധത്തിന്റെ ഭീഷണി ഉയർത്തി. എന്നാൽ അവർ അതിനായി ഇറങ്ങിയോ? ഇല്ല. എന്തുകൊണ്ട്? കാരണം, അങ്ങനെയെങ്കിൽ യുക്രൈൻ ആണവായുധം ഉപയോഗിച്ച് തിരിച്ചടിക്കുമെന്ന് റഷ്യയ്ക്ക് അറിയാം. ആണവശക്തികളായ ഇന്ത്യയുടെയും പാക്കിസ്ഥാന്റെയും കാര്യവും സമാനമാണ്. അതിനാൽ, 'ആണവയുദ്ധം' എന്ന പരിഭ്രാന്തി ശരിയല്ല. അങ്ങനെയെങ്കിൽ ശാന്തി വാദത്തിന് നാം ഇരയാകുകയും, വിട്ടുവീഴ്ചകൾ സ്വീകരിക്കുകയും, കൈകൂപ്പി സമാധാനത്തിനായി യാചിക്കുകയും ചെയ്യും. ഞങ്ങൾക്ക് ഇതിനെ പിന്തുണയ്ക്കാൻ കഴിയില്ല.

**ചോദ്യം:** സമ്മേളനത്തെക്കുറിച്ച് പൊതുവിലുള്ള അഭിപ്രായം എന്താണ്?

**ഉത്തരം:** എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിക്ക് വലിയ സ്വീകാര്യത ഉണ്ടായിരുന്നു, എല്ലാവരും കൂടുതൽ അറിയാൻ താത്പര്യം പ്രകടിപ്പിച്ചു. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തെ സംബന്ധിച്ച്, ലെനിനിസ്റ്റ് തത്വങ്ങളെ അടിസ്ഥാനമാക്കി, സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളും, അദ്ദേഹം കാട്ടിത്തന്ന മാതൃകയും മാത്രമേ വഴികാട്ടിയാകൂ എന്ന് ഞാൻ വ്യക്തമാക്കി. അല്ലാതെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടാകില്ല, ഒരു പാർട്ടി ഉണ്ടാക്കിയാലും അതിന് യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയായി നിലനിൽക്കാൻ കഴിയില്ല.

മറ്റൊന്ന്, ഞാൻ ജർമ്മനിയിൽ താമസിച്ചിരുന്ന കാലത്ത് എംഎൽപിഡിയിലെ സഖാവ് എമിൽ ബൗവർ എന്നോടൊപ്പം സ്ഥിരമായി സഹയാത്രികനായിരുന്നു. സെപ്റ്റംബർ 17ന്, എമിലിന്റെ മുൻകൈയിൽഓഗ്സ്ബർഗിൽഒരുഇൻഹൗസ് മീറ്റിംഗ് നടന്നു. അവിടെയും എനിക്ക് ഇന്ത്യയെക്കുറിച്ച് സംസാരിക്കാൻ അവസരം ലഭിച്ചു. എംഎൽപിഡിയും തെരുവിലിറങ്ങി ഫണ്ട് ശേഖരിക്കുകയും, വിവിധ വിഷയങ്ങളിൽ ആളുകളുടെ ഒപ്പ് ശേഖരിക്കുകയും അതുവഴി ജനസമ്പർക്കം വർദ്ധിപ്പിക്കുകയും ചെയ്യുന്നത് കണ്ടു. സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകൾ മനസ്സിലാക്കാതെ, ഒരു രാജ്യത്തും ഇന്ന് ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുക അസാധ്യമാണെന്ന് ജർമ്മനിയുടെ അനുഭവത്തിൽ നിന്ന് ഞാൻ മനസ്സിലാക്കി. ■

# തോൽപ്പിച്ചും ജയിപ്പിച്ചുമല്ല കുട്ടികളെ പഠിപ്പിച്ച് നിലവാരമുയർത്തണം

'**തോ**ൽപ്പിച്ചാൽ നിലവാരം കൂടുമോ?' എന്ന അപ്രസക്തമായ ചോദ്യം ഉന്നയിച്ചുകൊണ്ട് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് നവംബർ 14 മുതൽ കാസർഗോഡുനിന്ന് ഒരു ജാഥ ആരംഭിച്ചിരിക്കുകയാണ്. കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ നിലവാരത്തെ അമ്പേ തകർത്ത ആൾ പ്രമോഷൻ സമ്പ്രദായം നിലനിർത്തണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് ജാഥ സംഘടിപ്പിക്കുന്നത്. എട്ടാം ക്ലാസ്സിലെ മൂല്യനിർണയത്തിൽ വിഷയ മിനിമം ഏർപ്പെടുത്താനുള്ള സർക്കാർ തീരുമാനമാണ് പരിഷത്തിനെ പ്രകോപിപ്പിക്കുന്നത്. കുട്ടികളെ പരീക്ഷകളിൽ തോൽപ്പിച്ചാൽ നിലവാരം കൂടുമോ എന്ന കുയുക്തിയെ നേരിടാൻ ലളിതമായി ഉയരുന്ന മറുചോദ്യം എല്ലാവരെയും നിർബന്ധപൂർവ്വം ജയിപ്പിച്ചാൽ നിലവാരം കൂടുമോ എന്നതാണ്. വാസ്തവത്തിൽ, ഈ രണ്ട് ചോദ്യങ്ങളും സൈദ്ധാന്തികമായി തെറ്റാണ്. എന്തുകൊണ്ടെന്നാൽ, വസ്തുനിഷ്ഠ മൂല്യനിർണയത്തിൽ ജയവും തോൽവിയും കൃത്രിമമായി, മുൻകൂർ നിശ്ചയപ്രകാരം നടത്താനാവില്ലല്ലോ.

പക്ഷേ, ലോകബാങ്കിന്റെ പുതിയ പാഠ്യപദ്ധതിയും മൂല്യനിർണയ സമ്പ്രദായവും വന്നതിനുശേഷം, കൃത്യമായി പറഞ്ഞാൽ ഡിപിഇപി വന്നതിനു ശേഷമാണ് ഉദാരമായ മാർക്ക്ദാനത്തിലൂടെ വിജയ ശതമാനം കൃത്രിമമായി ഉയർത്തിയതും ആൾ പ്രമോഷൻ വ്യാപകമാക്കിയതും. അതിന്റെ തന്നെ ഭാഗമായി 2009ലെ വിദ്യാഭ്യാസ അവകാശ നിയമം വന്നതോടെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിൽ മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ് കയറ്റം നിർദ്ദേശിക്കുന്ന നോ-ഡിറ്റൻഷൻ പോളിസി രാജ്യമാകെ നിലവിൽവന്നു. പുതിയ പാഠ്യപദ്ധതി പരിഷ്കാരത്തിന്റെ അഭേദ്യഭാഗമായ ആ നടപടി വമ്പിച്ച തകർച്ചയാണ് സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ചത്. ഒന്നാംക്ലാസിൽ ചേരുന്ന കുട്ടി അക്ഷരം പഠിച്ചാലും ഇല്ലെങ്കിലും എട്ടാംക്ലാസുവരെ കടന്നുപോകുമെന്ന് ഉറപ്പാക്കുന്ന ദേശീയ നയമായിരുന്നു അത്. വാല്യൂവേഷൻ ഉദാരമാക്കുന്നതിന്റെ ഭാഗമായി ഗ്രേഡിംഗും നടപ്പാക്കപ്പെട്ടു. പരീക്ഷയ്ക്കും വിലയിരുത്തലിനും അക്കാലമത്രയും പിന്തുടർന്നുപോന്ന എല്ലാ വസ്തുനിഷ്ഠ മാനദണ്ഡങ്ങളും കാറ്റിൽപറത്തപ്പെട്ടു.

എന്നാൽ, ഡിപിഇപിയുടെ ഈറ്റില്ലമായിരുന്ന കേരളത്തിലാകട്ടെ, അതിനും ഏറെ മുമ്പേതന്നെ ലോകബാങ്കുമായി ഉണ്ടായിരുന്ന കരാർ പ്രകാരം ആൾ പ്രമോഷൻ സമ്പ്രദായം നടപ്പാക്കി തുടങ്ങിയിരുന്നു. 2005 മുതൽ നിരന്തര മൂല്യനിർണയം എന്ന പേരിലുള്ള ഉദാരമായ മാർക്കുദാന സമ്പ്രദായം പത്താം ക്ലാസിലും നിർബന്ധപൂർവ്വം നടപ്പാക്കാൻ ആരംഭിച്ചതോടെ വിജയശതമാനം വൻതോതിൽ വർദ്ധിച്ചു. മറുവശത്ത്, പുതിയ പാഠ്യപദ്ധതിയും സിലബസ്സും ബോധന സമ്പ്രദായങ്ങളും ചേർന്ന് സ്കൂൾ വിദ്യാഭ്യാസ നിലവാരത്തെ ഗുരുതരമായ പതനത്തിലേക്ക് നയിച്ചുകൊണ്ടിരുന്നു.

സ്വയംപഠന സമ്പ്രദായം ശക്തിപ്പെടുത്തുകയും അധ്യാപനത്തിന്റെ പ്രാധാന്യം ക്രമേണ വെട്ടിക്കുറക്കുകയും ചെയ്ത പരിഷ്കാരങ്ങൾ എഴുത്തും വായനയും അറിയാത്തവരുടെ എണ്ണം വൻതോതിൽ പെരുകാൻ ഇടയാക്കി. മലയാളം തെറ്റുകൂടാതെ വായിക്കാൻ അറിയാത്തവർപോലും ഉയർന്ന ഗ്രേഡ് നേടുന്ന എന്ന പ്രശ്നം കേരളത്തിന്റെ സാമൂഹ്യ പ്രശ്നമായി വിദ്യാഭ്യാസ-സാംസ്കാരിക പ്രവർത്തകർ ഉയർത്തിക്കൊണ്ടുവന്നതോടെയാണ് സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പരീക്ഷകളിൽ വിഷയ മിനിമം ഏർപ്പെടുത്താം എന്ന് തത്വത്തിൽ സമ്മതിക്കുന്നത്. സേവ് എഡ്യൂക്കേഷൻ പ്രസ്ഥാനത്തിന്റെയും സാംസ്കാരിക കേരളത്തിന്റെയും നിരന്തരമായ പരിശ്രമങ്ങൾക്കൊടുവിലാണ് മുഖം രക്ഷിക്കാൻ വേണ്ടിയാണെങ്കിലും ഈ വർഷം മുതൽ 8-ാം ക്ലാസ്സിൽ എഴുത്തു പരീക്ഷയിൽ വിഷയമിനിമം എന്ന നിലയ്ക്ക് 30 ശതമാനം മാർക്ക് വേണമെന്ന നിബന്ധന അംഗീകരിച്ച് ഉത്തരവിറക്കുന്നത് (സഉ(കൈ)നം98/2024 GEDN). പക്ഷേ, അപ്പോഴും, പത്താം ക്ലാസ്സിലും ഒമ്പതാം ക്ലാസ്സിലും മറ്റ് ക്ലാസ്സുകളിലും ഈ വർഷം മുതൽ വിഷയ മിനിമം നടപ്പിൽ വരില്ല. അടുത്തവർഷം ഒമ്പതാം ക്ലാസിലും അതിനടുത്ത വർഷം പത്താം ക്ലാസിലും വിഷയ മിനിമം ഏർപ്പെടുത്തും എന്നാണ് ഉത്തരവിൽ പറയുന്നത്. അതിനർത്ഥം ഈ വർഷവും അടുത്ത വർഷവും പത്താം ക്ലാസിൽ ആൾ പ്രമോഷൻ നടപ്പാകും എന്നാണല്ലോ.

പക്ഷേ, ഡിപിഇപി മുതൽ പദ്ധതി നടത്തിപ്പിന്റെ എൻജിഒ ഏജൻസിയായി പ്രവർത്തിക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്തിനെ സംബന്ധിച്ചിടത്തോളം മൂല്യനിർണ്ണയത്തിന് നിശ്ചയിക്കുന്ന പരിമിത മാനദണ്ഡങ്ങൾപോലും അംഗീകരിക്കാൻ ആവില്ല. പരിഷത്ത് പ്രസിദ്ധീകരിച്ച ലഘുലേഖയിൽ പറയുന്നു: ആൾ പ്രമോഷനാണ് നിലവാര പ്രശ്നങ്ങളുടെ മൂലകാരണം എന്നാണ് ചിലർ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. എല്ലാ കുട്ടികളും വിദ്യാഭ്യാസം നേടേണ്ടതില്ല. ചിലർക്ക് അതിനുള്ള കഴിവുകൾ ഇല്ല. അതുകൊണ്ട് അവരെ അരിച്ചുമാറ്റണം. എങ്കിലേ വിദ്യാഭ്യാസരംഗത്ത് ഗുണമേന്മ വർദ്ധിക്കൂ എന്നത്രേ ചിലരുടെ മനസ്സിലിരിപ്പ്. അത് ഉറക്കെ പറയുന്നതിന് തുല്യമാണ് സർക്കാരിന്റെ പുതിയ ഉത്തരവ്. (പേജ് 12)

പഠനത്തെയും പരീക്ഷയെയും മൂല്യനിർണ്ണയത്തെയും സംബന്ധിച്ച് ഡിപിഇപി അവതരിപ്പിച്ച വികലമായ ധാരണ തന്നെയാണ് ഇപ്പോഴും പരിഷത്ത് വെച്ചുപുലർത്തുന്നത് എന്നതിന് തെളിവാണ് മേൽ പ്രസ്താവന. പരീക്ഷയും മൂല്യനിർണയവും കുറച്ചുപേരെ അരിച്ചുമാറ്റി പുറത്താക്കാനുള്ള ഏതോ ഗൂഢനീക്കം ആണെന്ന് ആരോപിക്കുന്നത് എത്ര വലിയ അസംബന്ധമാണെന്ന് 'ശാസ്ത്രരംഗത്ത്' പ്രവർത്തിക്കുന്ന പരിഷത്തിനു മനസ്സിലാകാതെ പോകുന്നത് എന്തുകൊണ്ടാണ്? പകരം അടിസ്ഥാനം ഉറപ്പിക്കാതെ ക്ലാസ്സുകയറ്റം നൽകിയാൽ വിദ്യാഭ്യാസ നിലവാരം ഉയരും എന്ന് പ്രചരിപ്പിക്കുന്നതിന് പിന്നിലെ യുക്തി എന്താണ്? പരീക്ഷയും മൂല്യനിർണയവും വിദ്യാർത്ഥികളുടെ നിശ്ചിത അക്കാദമിക നിലവാരം അളക്കാനുള്ള വസ്തുനിഷ്ഠമായ പരിശോധനയാണ്. ലോകത്തെയെല്ലായിടത്തും ചെറിയ ക്ലാസുകൾ മുതൽ വലിയ ക്ലാസുകൾ വരെയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുന്നുണ്ട്. അടുത്ത ക്ലാസിലേക്ക് പ്രമോഷൻ നൽകാൻ അർഹരാണോ എന്ന മുൻവിധിയില്ലാതെയുള്ള പരീക്ഷയും പരിശോധനയുമാണത്; ഒരു നിലവാരമളക്കൽ മാനദണ്ഡമാണത്. അതുവേണ്ട, നിരന്തര മൂല്യനിർണയം എന്ന ആന്തരിക പരിശോധന മാത്രം മതി എന്ന പരിഷത്തിന്റെയുംമറ്റും നിലപാട് നമ്മുടെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ ഹാനി പറഞ്ഞറിയിക്കാനാവില്ല.

## നിലവാരത്തകർച്ചയ്ക്ക് കാരണമെന്ത്?

മൂല്യനിർണയം ഉദാരമാക്കിയതുകൊണ്ട് മാത്രമല്ല വിദ്യാഭ്യാസ നിലവാരം തകർന്നത് എന്ന കാര്യം ഏവർക്കും അറിയാം. നേരെമറിച്ച് എഴുത്തും വായനയും ശാസ്ത്രവും ഗണിതവും സാമൂഹ്യശാസ്ത്രവും മറ്റുമൊക്കെ വളരെ ചിട്ടയായി പഠിപ്പിച്ചിരുന്ന പാഠ്യപദ്ധതിയെയും ബോധന സമ്പ്രദായത്തെയും 1996 മുതൽ തന്നെ മാറ്റിമറിച്ചതുകൊണ്ടാണല്ലോ വിഖ്യാതമായ നമ്മുടെ പൊതു വിദ്യാഭ്യാസ നിലവാരം ഇക്കണ്ട രൂപത്തിൽ എത്തിച്ചേർന്നിട്ടുള്ളത്. അതിൽ ശാസ്ത്രസാഹിത്യ പരിഷത്ത് വഹിച്ച കുറ്റകരമായ പങ്ക് അത്ര എളുപ്പം മറക്കാവുന്നതാണോ?

ഡിപിഇപി തുടങ്ങിവെച്ച പുതിയ പാഠ്യപദ്ധതി രണ്ടര ദശാബ്ദക്കാലത്തിലേറെ നടപ്പാക്കി കഴിഞ്ഞപ്പോൾ നമ്മുടെ മുന്നിലുള്ള ബാക്കിപത്രം എന്താണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവരിൽ എത്ര പേർക്കാണ് നേരാംവണ്ണം എഴുത്തും വായനയും വശമുള്ളത്? അതിനൊക്കെ പരിഷത്തും കൂട്ടാളികളും മറുപടി പറയണം.

## മിനിമം മാർക്ക് പരിഹാരമോ?

നിലവാരത്തകർച്ചയ്ക്ക് ഏക പരിഹാര മാർഗ്ഗം എന്ന നിലയിൽ സർക്കാർ ഇപ്പോൾ നടപ്പാക്കാൻ ശ്രമിക്കുന്ന വിഷയ മിനിമം ഏർപ്പാടുകൊണ്ട് പ്രശ്നം പരിഹരിക്കാൻ കഴിയുമോ? നിശ്ചയമായും ഓരോ വിഷയ മേഖലയിലും വിദ്യാർഥി എന്ത് ഗ്രഹിച്ചു എന്ന് പരിശോധിക്കാൻ നിശ്ചിതമായ വസ്തുനിഷ്ഠ മാനദണ്ഡം ഉണ്ടാകണം. മിനിമം മാർക്കും മാക്സിമം മാർക്കുമൊക്കെ തീരുമാനിക്കുന്നത് അതിന്റെ അടിസ്ഥാനത്തിലാണ്. പഠന സമ്പ്രദായത്തെ അവ്യവസ്ഥാപിതമാക്കി മാറ്റുകയും മൂല്യനിർണയം ഉദാരമാക്കി മാറ്റുകയും ചെയ്തതാണ് നിലവാരത്തകർച്ചയുടെ അടിസ്ഥാന കാരണമെന്നിരിക്കെ മിനിമം മാർക്കെങ്കിലും ഏർപ്പെടുത്തുന്നത് ആശ്വാസകരം തന്നെ. പക്ഷേ, പാഠ്യപദ്ധതിയിലും ബോധന സമ്പ്രദായത്തിലും മൗലികമായ മാറ്റം വരുത്താതെ നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തെ രക്ഷിക്കാനാവില്ല എന്ന കാര്യം വിസ്മരിക്കരുത്. വികലമായ പാഠ്യപദ്ധതിക്ക് ഭദ്രമായ വിദ്യാഭ്യാസ അടിസ്ഥാനം പ്രദാനം ചെയ്യാനാവില്ല.

പാഠ്യപദ്ധതിയുടെ ഭാഗമായ മൂല്യനിർണയമാനദണ്ഡങ്ങളിലാണ്, പഠിപ്പിക്കാതെ കുട്ടി സ്വയം പഠിച്ചുകൊള്ളണം എന്നു പറയുന്ന ബോധനരീതിയിലാണ്, പഠിച്ചാലും ഇല്ലെങ്കിലും ക്ലാസ് കയറ്റം എന്ന ആൾ പ്രമോഷൻ സമ്പ്രദായത്തിലാണ് പ്രശ്നത്തിന്റെ മർമ്മം കുടികൊള്ളുന്നത്. ലോകബാങ്ക് പുതിയ ബോധനരീതികളിലൂടെ അതാണ് ലോകത്ത് നടപ്പാക്കാൻ ശ്രമിക്കുന്നത്. പുതിയ ദേശീയ വിദ്യാഭ്യാസ നയവും ആൾ പ്രമോഷൻ തന്നെ ഏറ്റുപാടുന്നു.

നമ്മുടെ സംസ്ഥാനത്ത് രണ്ടു പതിറ്റാണ്ടു കാലമായി പിന്തുടരുന്ന ഉദാരമൂല്യനിർണയത്തിൽ മാറ്റം കൊണ്ടുവരിക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ബോധനം അഥവാ പഠിപ്പിക്കൽ നമ്മുടെ സ്കൂളുകളിൽ പുനഃസ്ഥാപിക്കുക എന്നുള്ളതും പരമപ്രധാനമാണ്. പക്ഷേ നിർഭാഗ്യകരം എന്നു പറയട്ടെ, ഡിപിഇപി നടപ്പാക്കാൻ ഒത്താശ ചെയ്തുകൊടുത്ത എൻജിഒ എന്ന നിലയിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ലോകബാങ്കിന്റെ വിദ്യാഭ്യാസ ദർശനങ്ങൾ അപ്പടി ഏറ്റുപാടുന്നു. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം നേരിടുന്ന ഗുരുതരമായ പ്രശ്നത്തിന്റെ കാരണങ്ങൾ ശാസ്ത്രീയമായി അപഗ്രഥനം ചെയ്യാൻ അവർ ഒരുക്കമല്ല.

കൊട്ടും കുരവയുമായി അവർ കേരളത്തിലേക്ക് ആനയിച്ച ലോകബാങ്കിന്റെ ഡിപിഇപി/എസ്എസ്എ പോലുള്ള പാഠ്യപദ്ധതി സമ്പ്രദായങ്ങളാണ് സുസ്ഥാപിതമായ നമ്മുടെ പഠനബോധന സമ്പ്രദായങ്ങളെ തകർത്തുകളഞ്ഞത് എന്ന വസ്തുത ഇനിയെങ്കിലും പരിഷത്ത് സമ്മതിക്കണം. അതിനുപകരം, നമ്മുടെ കുഞ്ഞുങ്ങൾക്ക് അവശ്യനിലവാരം പകർന്നുകൊടുക്കാത്ത, അടിസ്ഥാനവിദ്യാഭ്യാസനിഷേധ പദ്ധതിക്കുവേണ്ടി വീണ്ടും പരസ്യമായി തെരുവിലിറങ്ങുന്നതിലൂടെ പരിഷത്ത് കേരളത്തിന്റെ അവശേഷിക്കുന്ന പൊതുവിദ്യാഭ്യാസത്തെക്കൂടി അവസാനിപ്പിക്കാനാണ് ഒത്താശ ചെയ്യുന്നത്. ഇന്നത്തെ വിദ്യാഭ്യാസ യാഥാർഥ്യങ്ങൾക്കുനേരെ പല്ലിളിക്കുന്ന പരിഷത്തിന്റെ ജാഥയെ വിദ്യാഭ്യാസ സ്നേഹികൾക്ക് ആശങ്കയോടെയേ വീക്ഷിക്കാനാകൂ. ■

### നവംബർ സോഷ്യലിസ്റ്റ് വിപ്ലവ വാർഷികാചരണം...




മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വാർഷികാചാരണത്തിന്റെ ഭാഗമായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാ കമ്മിറ്റി നെയ്യാറ്റിൻകരയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തുന്നു.

# വയോജനങ്ങൾക്ക് അഭിമാനകരമായ ജീവിതം ഉറപ്പാക്കുക



**വാർദ്ധക്യം ഒരു കുറ്റമാണോ?ശൈശവവും ബാല്യവും കൗമാരവും യൗവനവും എന്നതുപോലെ ഏതൊരാളും അനിവാര്യമായി കടന്നുപോകേണ്ട ഒരു ജീവിത ഘട്ടമാണ് വാർദ്ധക്യവും. നമ്മുടെ രാജ്യത്തെ വയോജനങ്ങളുടെ ജീവിതാവസ്ഥ എല്ലാ കാലത്തും ദുരിതപൂരിതമാണ്. ജീവിത ചെലവിനും വാർദ്ധക്യത്തിന്റെ അവശതകളെ നേരിടുന്നതിനും ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്നു. അഭിമാനത്തോടെ ജീവിക്കാനുള്ള അവസരം വയോജനങ്ങൾക്ക് ഒരുക്കിക്കൊടുക്കുകയാണ് ജനാധിപത്യ സർക്കാരുകൾ പ്രാഥമികമായി ചെയ്യേണ്ടത്.**

**കി**ടപ്പുരോഗിയായ 82 വയസ്സുള്ള വയോധികയെ 84 കാരനായ ഭർത്താവ് കഴുത്തറുത്ത് കൊലപ്പെടുത്തി എന്ന വാർത്ത ഈ കഴിഞ്ഞ മെയ് 5ന് മൂവാറ്റുപുഴയിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതാണ്. മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. കഠോരമായ കൊലപാതകങ്ങളുടെ വാർത്തകൾ നമുക്ക് പുതിയതല്ല. സ്ഥിരമായി കേട്ടുകേട്ട് ഒന്നും ഉള്ളിൽ തട്ടാത്ത വിധം മനസ്സ് പരുവപ്പെട്ടിരിക്കുന്ന ഇക്കാലത്തുപോലും ആ വാർത്ത ജനങ്ങളിൽ വലിയ ഞെട്ടൽ ഉണ്ടാക്കി. പരസ്പരം വളരെ സ്നേഹത്തോടെ കഴിഞ്ഞിരുന്ന ആ ദമ്പതിമാരിൽ ഒരാൾ മറ്റൊരാളെ കൊലപ്പെടുത്തിയതിന്റെ കാരണം കേട്ടിട്ടാണ് ആളുകൾ അമ്പരന്നത്.

"അവളുടെ ദുരിതം അവസാനിപ്പിക്കാൻ എനിക്കിതേ മാർഗം ഉണ്ടായിരുന്നുള്ളൂ" എന്നാണ് ആ ഭർത്താവ് പോലീസിനോട് കൊലപാതകത്തിന്റെ കാരണമായി പറഞ്ഞത്. 84 വയസ്സുള്ള ആ മനുഷ്യനാണ് ദീർഘകാലമായി കിടപ്പുരോഗിയായ ഭാര്യയെ പരിചരിച്ചിരുന്നത്. 84 വയസ്സുള്ളയാൾ 82 വയസ്സുള്ള കിടപ്പ് രോഗിയെ പരിചരിക്കേണ്ട അവസ്ഥ ഒന്നാലോചിച്ചു നോക്കുക!

ദീർഘകാലം നിഴൽപോലെ കൂടെയുണ്ടായിരുന്ന ജീവിത സഖിയെ കഴുത്തുമുറിച്ച് കൊലപ്പെടുത്തുന്നതിലേക്ക് ആ മനുഷ്യനെ എത്തിച്ചത് ഒരുപക്ഷേ നിലതെറ്റിയ മാനസികാവസ്ഥയാകാം. അങ്ങനെയാണെങ്കിലും അല്ലെങ്കിലും അത്തരം ഒരു അവസ്ഥ അതിദയനീയമാണ്, ഭയങ്കരമാണ്! ശാരീരികവും മാനസികവുമായ അസുഖങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ആ പ്രായത്തിൽ അത്തരം ഒരു ജീവിതം!

അതെ, അതുതന്നെയാണ് ജയ ബച്ചൻ രാജ്യസഭയിൽ രോഷാകുലയായി സർക്കാരിനോട് ആവശ്യപ്പെട്ടത്. അവർ പറഞ്ഞു, "കൊന്നുകളയൂ അവരെ. 65 വയസ്സ കഴിഞ്ഞ മുതിർന്ന പൗരന്മാരെ കൊന്നുകളയൂ. രാഷ്ട്ര നിർമ്മാതാക്കളായ ഈ മുതിർന്ന പൗരന്മാരെ തിരിഞ്ഞു നോക്കാൻ പോലും സർക്കാർ തയ്യാറാകുന്നില്ല. ഇന്ത്യയിൽ മുതിർന്ന പൗരൻ ആയിരിക്കുന്നത് ഒരു കുറ്റമാണോ? 70 വയസ്സ് കഴിഞ്ഞ പൗരന്മാർക്ക് ഇവിടെ മെഡിക്കൽ ഇൻഷ്വറൻസിന് അർഹതയില്ല. അവർക്ക് പ്രതിമാസം തിരിച്ചടവ് സാധിക്കുംവിധം ഇഎംഐ വായ്പകളും ലഭിക്കുകയില്ല. ഡ്രൈവിംഗ് ലൈസൻസ് കിട്ടുകയില്ല. മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കേണ്ട ഗതികേടുള്ളവരായാൽപോലും അവർക്ക് ജോലി ലഭിക്കില്ല; പക്ഷേ, അവർ എല്ലാ നികുതികളും അടയ്ക്കണം. അവർക്കുവേണ്ടി പദ്ധതികൾ ഇല്ല."

മേൽപ്പറഞ്ഞ വിധത്തിലുള്ള കൊലപാതകം ഒറ്റപ്പെട്ട സംഭവമാണെങ്കിലും വാർദ്ധക്യത്തിലെ ഈ ദുരിതജീവിതം ഒട്ടും ഒറ്റപ്പെട്ടതല്ല. ആരും നേരിട്ട് കൊലപ്പെടുത്തുന്നില്ലെങ്കിലും രാജ്യത്തെ വയോജനങ്ങളിൽ വലിയൊരു വിഭാഗം മനോഹരമാകേണ്ട അവരുടെ ജീവിത സായാഹ്നം ദുരിതക്കയത്തിൽ പ്രാണനുമായി മല്ലടിച്ച് ചെലവഴിക്കുന്നു. കൊല ചെയ്യപ്പെടുന്നില്ലെങ്കിലും ഫലത്തിൽ കൊല്ലാക്കൊല ചെയ്യപ്പെടുന്നു!

വാർദ്ധക്യം എന്ന ജീവിതാവസ്ഥയെ കൃത്യമായി മനസ്സിലാക്കുവാൻ നമ്മുടെ സമൂഹം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. ശൈശവവും ബാല്യവും കൗമാരവും യൗവനവും എന്നതുപോലെ ഏതൊരാളും അനിവാര്യമായി കടന്നു പോകേണ്ട ഒരു ജീവിത ഘട്ടമാണ് വാർദ്ധക്യവും. ജീവിതാരംഭമായ ശൈശവത്തിലും ബാല്യത്തിലുമുള്ള പരിമിതികളും പരാധീനതകളും വാർദ്ധക്യത്തിലും മനുഷ്യർ അഭിമുഖീകരിക്കുന്നു. ഏറെ പരിമിതികൾ ഉണ്ടെങ്കിലും വാർദ്ധക്യം ഒരു മനുഷ്യജീവിതത്തിന്റെ ആകെ അനുഭവങ്ങളുടെയും അറിവുകളുടെയും മുതൽക്കൂട്ടുള്ള ഒരു ജീവിതാവസ്ഥയാണ്. അനുഭവങ്ങളാൽ സമ്പന്നമായ ജീവിത പാഠങ്ങളുടെ ആകെത്തുക!

ഓരോ മനുഷ്യരും സമൂഹത്തിനുവേണ്ടിയുള്ള അധ്വാനത്തിലൂടെ, ഉരുകിയുറച്ച ചിന്തകളിലൂടെ പതംവന്ന മനസ്സുകളുടെ ഉടമകൾ; സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഒരു പക്ഷേ, വാർദ്ധക്യത്തിൽ എത്തിയ എല്ലാ ജീവിതങ്ങളും പുതുതലമുറകൾക്കുള്ള പാഠപുസ്തകങ്ങളാണ്. രോഗാതുരതകൾ മൂലമുള്ള പരിമിതികൾ മാറ്റിനിർത്തിയാൽ ഏതൊരുപ്രൊഫഷനിൽപ്രവർത്തിച്ചവരും വാർദ്ധക്യത്തിൽ അതിന്റെ വിദഗ്ധരായിരിക്കും എന്നതിൽ സംശയമില്ല. ജയ ബച്ചൻ വിശേഷിപ്പിച്ചത് പോലെ "രാഷ്ട്ര നിർമ്മാതാക്കൾ" എന്ന് നിസ്സംശയം വിളിക്കപ്പെടാൻ അർഹതയുള്ള മുതിർന്ന പൗരന്മാരെ അവഗണിക്കുന്നത് ക്രൂരത മാത്രമല്ല നന്ദികേടു കൂടിയാണ്. രാജ്യത്തെ ആകെ ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ വയോജനങ്ങളുടെ സംഖ്യ വളരെ കൂടുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

2026 ഓടുകൂടി 60 വയസ്സ് കഴിഞ്ഞവരുടെ എണ്ണം 17.32 കോടി ആകുമെന്ന് ദേശീയ ജനസംഖ്യ കമ്മീഷൻ(National Commission on Population) പറയുന്നു. United Nations Population Funds(UNFPA) ന്റെ India's Aging Report പ്രകാരം 2023ൽ ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ 10.5% (14.9 കോടി പേർ) ആയിരുന്ന വയോജനങ്ങളുടെ എണ്ണത്തിലെ വർദ്ധനവിന്റെ നിരക്ക് പത്തു വർഷത്തെ ഇടവേളകളിലെ കണക്കെടുക്കുമ്പോൾ 2001നും 2011നും ഇടയിൽ 36% ആയിരുന്നത് 2021നും 2031നും ഇടയിൽ 41% ആയി ഉയർന്നിരിക്കുന്നു. 2050 ആകുമ്പോൾ ജനസംഖ്യയിലെ 20.8% പേർ അതായത് 34.7 കോടി പേർ വയോജനങ്ങൾ ആയിരിക്കും. ആകെ ജനങ്ങളിൽ അഞ്ചിൽ ഒന്ന് പേർ വൃദ്ധർ. അവരിൽ 40% പേർ പരമദരിദ്രർ. അതിൽ തന്നെ 18.7% പേർ ഒരു വരുമാനവും ഇല്ലാത്തവർ.

2050ൽ 80 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ എണ്ണം ഇപ്പോഴുള്ളതിന്റെ 279 ശതമാനമായി വർദ്ധിക്കും. ജനക്ഷേമ സമീപനമുള്ള ഭരണകൂടമാണ് ഇവിടെ ഉള്ളതെങ്കിൽ ഈ അവസ്ഥ ഏറ്റവും ഫലപ്രദവും സുന്ദരവും ആയി മാറുമായിരുന്നു. പക്ഷേ, നമ്മുടെ നാട്ടിലേതുപോലെ ജനങ്ങളെ ചൂഷണത്തിനുള്ള ഉപാധിയായി മാത്രം കണക്കാക്കുന്ന ഒരു രാഷ്ട്രീയ സംവിധാനത്തിൽ ഇത് വലിയ ആശങ്ക ഉണർത്തുന്നു.

ഈ കണക്കുകളുടെ പശ്ചാത്തലത്തിൽ വയോജനങ്ങളുടെ ജീവിതം ഭാവിയിൽ എന്തായിരിക്കും എന്ന് ചിന്തിക്കുകയും പരിഹാരമാർഗങ്ങൾ ആരായുകയും ഉത്തരം കണ്ടെത്തുകയും ചെയ്യേണ്ടത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഏതൊരു പൗരന്റെയും കടമയാണ്.

നമ്മുടെ രാജ്യത്തെ വയോജനങ്ങളുടെ ജീവിതാവസ്ഥ എല്ലാ കാലത്തും ദുരിതപൂരിതമാണ്. വാർദ്ധക്യം എന്ന ജീവിതാവസ്ഥയെ അർഹമായ ആദരവോടെയും പ്രാധാന്യത്തോടെയും മനസ്സിലാക്കുവാനും ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യുവാനും കഴിയാത്ത തരത്തിൽ നമ്മുടെ സാമൂഹ്യക്ഷേമ രംഗവും സമൂഹ മനോഭാവവും പിന്നാക്കാവസ്ഥയിലാണ്. ഉപയോഗ ശൂന്യമായ ഒരു വസ്തുവിനോടെന്ന പോലെയുള്ള മനോഭാവമാണ് സമൂഹത്തിൽ വൃദ്ധരോട് പൊതുവിൽ ഉള്ളത്. വീടുകൾക്കുള്ളിലും പൊതു ഇടങ്ങളിലും വയോജനങ്ങൾ അവഗണിക്കപ്പെടുന്നത് സാധാരണയാണ്. യാതൊരു വരുമാനവും ഇല്ലാത്തവരാണ് വയോജനങ്ങളിൽ ഭൂരിഭാഗവും.

അവരെല്ലാം തന്നെ ആരോഗ്യമുള്ള കാലത്ത് കാർഷിക മേഖലയിലോ കച്ചവട രംഗത്തോ സ്വകാര്യ മേഖലയിലോ ഡ്രൈവർമാരായോ കൂലിപ്പണിക്കാരായോ സമൂഹത്തിനുവേണ്ടി പണിയെടുത്ത് തളർന്നവരാണ്. സമൂഹത്തിൽ പൊതുവിൽ നിലനിൽക്കുന്നതും വളർന്നുവരുന്നതുമായ സാമ്പത്തിക അരക്ഷിതത്വവും പ്രതിസന്ധികളും ഏറ്റവും കൂടുതൽ ബാധിക്കുന്നത് ആരോഗ്യം നശിച്ച് രോഗികളായ ഈ നിരാലംബരെയാണ്.

വളരെ ഉയർന്ന പെൻഷൻ വാങ്ങുന്ന രാഷ്ട്രീയക്കാരും വിരമിച്ച ഉദ്യോഗസ്ഥരും ഒഴികെയുള്ള വയോജനങ്ങളെല്ലാം ഏറെക്കുറെ ഇതേ അവസ്ഥയിലാണ്. ജീവിതത്തിന്റെ വസന്തകാലം മുഴുവൻ അധ്വാനിക്കാനായി നീക്കിവെച്ച് സമൂഹത്തെ സേവിച്ചവരാണ് ഉപയോഗശൂന്യരായി അവഗണന അനുഭവിച്ച് നരകിക്കുന്നത്.

വാർദ്ധക്യം ശരീര വേഗത മന്ദഗതിയിൽ ആക്കുന്നതുപോലെ ചിന്തയുടെ വേഗതയേയും കുറച്ചേക്കാം. പക്ഷേ, ചുക്കിച്ചുളിഞ്ഞ ശരീരത്തിനുള്ളിലെ മനസ്സിൽ യുവത്വത്തിന്റെ പ്രസരിപ്പും ചടുലതയും നിലനിർത്തുന്നവരും അവരിലുണ്ട്.എന്നാൽ, വാർദ്ധക്യം സൃഷ്ടിച്ച ദൗർബല്യങ്ങളും ഒറ്റപ്പെടലുംമൂലം മനസ്സിൽ കടുത്ത വിഷാദത്തിന്റെ ഭാരം പേറുന്നവരും കുറവല്ല. പലരും മക്കളെ പിരിഞ്ഞു കഴിയുന്നവർ. അതിരൂക്ഷമായ തൊഴിലില്ലായ്മമൂലം ഇവിടെ ജീവിക്കാനാകാത്ത സാഹചര്യത്തിൽ, ഉപജീവനാർത്ഥം മക്കളെ വിദേശത്തേക്ക് അയച്ച കോൺക്രീറ്റ് കൂടുകൾക്കുള്ളിൽ ഒറ്റപ്പെട്ട് നിരാലംബരായി കഴിയുന്നവരും ധാരാളമുണ്ട്.

മിക്കവരും ഡിമിൻഷ്യ, അൽഷിമേഴ്സ്, ഉൽക്കണ്ഠ, വിഷാദം തുടങ്ങിയ രോഗങ്ങളുടെ ഇരകളാണ്. സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും ബോധപൂർവ്വവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ മിക്കവാറും പരിഹരിക്കാവുന്ന പ്രശ്നങ്ങൾ മാത്രമാണ് ഇവ. ശാരീരികവും മാനസികവുമായ വിഷമതകളെ മനസ്സിലാക്കി, ഒപ്പം വാർദ്ധക്യത്തിന്റെ ഗുണമേന്മകളെ തിരിച്ചറിഞ്ഞു പരിപാലിക്കുവാൻ സമൂഹത്തിന് കഴിയണം. പ്രായമായ മാതാപിതാക്കളെ അനാഥാലയങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും ക്ഷേത്രങ്ങളിലും നടതള്ളുന്ന വാർത്തകൾ കേരളത്തിൽപോലും ഒട്ടും പുതിയതല്ല. വിസർജ്യങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഭക്ഷണം കൊടുക്കാതെ മാതാപിതാക്കളെ പട്ടിണിക്കിട്ട വാർത്തകൾ വിരളമല്ല. ശല്യം ഒഴിവാക്കാനും മാതാപിതാക്കളുടെ പേരിലുള്ള സ്വത്ത് എത്രയും വേഗം സ്വന്തം പേരിൽ ലഭിക്കുവാനുംവേണ്ടി വാടക കൊലയാളികളെ ഉപയോഗിച്ച് കൊലപ്പെടുത്തിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

ഉയർന്ന സാമൂഹ്യബോധത്തിന്റെ അഭാവവും വളർന്നുകൊണ്ടിരിക്കുന്ന മുതലാളിത്ത സംസ്കാരവും സ്വാർത്ഥതയും പ്രതിബദ്ധതയില്ലാത്ത മനോഭാവവും ആണ് ഇതിന് കാരണം. പല യൂറോപ്യൻ രാജ്യങ്ങളിലും മുതിർന്ന പൗരന്മാർക്ക് മാന്യമായി, പരാശ്രയം കൂടാതെ ജീവിക്കാൻ ആവശ്യമായ തുക സർക്കാർ പെൻഷൻ ആയി നൽകുന്നുണ്ട്. ആ രീതിയിൽ പൗരർക്ക് തുണയും കരുത്തുമായി മാറുവാൻ ഭരണകൂടത്തിന് കഴിയേണ്ടതുണ്ട്. അങ്ങനെ ആരെയും ആശ്രയിക്കാതെ അഭിമാനത്തോടെ ജീവിക്കാനുള്ള അവസരം പൗരന് ഒരുക്കി കൊടുക്കുകയാണ് സർക്കാർ പ്രാഥമികമായി ചെയ്യേണ്ടത്.

ജീവിതകാലം മുഴുവൻ സമൂഹത്തിനുവേണ്ടി പണിയെടുത്ത പൗരന്മാരോട് കടപ്പെട്ടവരാകുവാൻ, അവരെ സംരക്ഷിക്കുവാൻ സമൂഹത്തിന് ബാധ്യതയുണ്ട് എന്നത് സമൂഹത്തെ ആകെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ആ ചുമതല നിറവേറ്റേണ്ടത് സർക്കാരാണ്.

മാതാപിതാക്കളെ വാർദ്ധക്യകാലത്ത്

*(ശേഷം 10–ാം പേജിൽ)*

# ജമ്മു-കാശ്മീർ തിരഞ്ഞെടുപ്പ്: ചില നിരീക്ഷണങ്ങൾ

ജമ്മു-കാശ്മീർ തിരഞ്ഞെടുപ്പ് ചില യാഥാർത്ഥ്യങ്ങൾ വെളിവാക്കിയിട്ടുണ്ട്. 2019 ആഗസ്റ്റ് 5നാണ് ബിജെപി ഗവണ്മെന്റ് ഏകപക്ഷീയമായും സ്വേച്ഛാപരമായും 370-ാം വകുപ്പ് റദ്ദാക്കിയത്. ഇപ്പോൾ 5 വർഷം കഴിഞ്ഞിരിക്കുന്നു. 370-ാം വകുപ്പ് ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തുന്നത്, സ്വതന്ത്ര രാജ്യമായിരുന്നജമ്മു-കാശ്മീർഇന്ത്യൻ യൂണിയനോട് ചേർക്കുന്നതിന്റെ ഭാഗമായാണ്. ഈ ചരിത്ര പശ്ചാത്തലം തീർത്തും മറന്നുകൊണ്ടും എല്ലാ ജനാധിപത്യമര്യാദകളും ചവിട്ടിമെതിച്ചുകൊണ്ടുമാണ് ഇത് റദ്ദുചെയ്തത്. എന്നുമാത്രമല്ല, ജമ്മു-കാശ്മീർ നിയമസഭയുടെയും അവിടുത്തെ ജനങ്ങളുടെയും അഭിപ്രായം ഒട്ടും മാനിക്കാതെ ബിജെപി ഗവണ്മെന്റ് ഈ സംസ്ഥാനത്തെ രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളായി വിഭജിക്കുകയുംചെയ്തു. സംസ്ഥാനത്ത് സമാധാനം നിലനിർത്താനും പുരോഗതി നേടാനും ഉപകരിക്കുമെന്നാണ് ബിജെപി ഗവണ്മെന്റ് അവകാശപ്പെട്ടിരുന്നതെങ്കിലും സംഭവിച്ചത് മറിച്ചാണ്.

മനോഹരമായ ഈ സംസ്ഥാനത്തെ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്ക് വലിയ തിരിച്ചടിയാണുണ്ടായത്. ആയിരക്കണക്കിന് രാഷ്ട്രീയ പ്രവർത്തകർ വീട്ടുതടങ്കലിലും ജയിലിലുമായി. സ്കൂളുകളും കോളേജുകളും മറ്റ് പൊതു ഇടങ്ങളുമൊക്കെ യുദ്ധക്കളമായി. സായുധസേന പ്രത്യേകാധികാര നിയമമെന്ന കരിനിയമത്താൽ സായുധരായ പട്ടാളവും സിആർപിഎഫുമൊക്കെ കാശ്മീർ അടക്കിവാഴുകയാണ്. കേന്ദ്രം നിയോഗിക്കുന്ന ഗവർണറാകട്ടെ അധികാരഗർവ്വോടെ, സംസ്ഥാനം തീറെഴുതിക്കിട്ടിയതുപോലെയാണ് പ്രവർത്തിക്കുന്നത്. ജനങ്ങൾ ഭീഷണിയും അവഹേളനവും അടിച്ചമർത്തലുമൊക്കെ സഹിച്ച് ശ്വാസംമുട്ടി കഴിയേണ്ടിവരുന്നു. ഭീകരപ്രവർത്തനത്തെ നേരിടാനെന്ന പേരിൽ ഇടയ്ക്കിടെ കർഫ്യൂ പ്രഖ്യാപിക്കുമ്പോഴെല്ലാംജനങ്ങൾ വീടിനുള്ളിൽ ഒതുങ്ങിക്കഴിയണം. മരുന്നു വാങ്ങാൻപോലും പുറത്തിറങ്ങാനാകില്ല. ധാരാളം ചെറുപ്പക്കാരെ ഭീകരവാദികളെന്നപേരിൽ പിടിച്ചുകൊണ്ടുപോയി ജയിലിലടയ്ക്കുകയോകൊല്ലുകയോചെയ്തു. സംസ്ഥാനമാകെ ഒരു വലിയ ജയിലാക്കിമാറ്റി എന്നുപറയാം. ഇതെല്ലാം ജനങ്ങളെ മാനസികമായി തകർക്കുകയും ബിജെപി ഭരണത്തിലുള്ള വിശ്വാസം പൂർണമായും നഷ്ടപ്പെടുത്തുകയും ചെയ്തിരുന്നു.

സംസ്ഥാനപദവി തിരിച്ചുനൽകാമെന്ന വാഗ്ദാനം നിറവേറ്റാതെ തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുകയും ഗവർണറെ ഉപയോഗിച്ച് അടിച്ചമർത്തൽ തുടരുകയും ചെയ്യാനാണ് ബിജെപി ശ്രമിച്ചത്. സുപ്രീംകോടതി കർശന നിർദ്ദേശം നൽകിയതുകൊണ്ടുമാത്രമാണ് 10 വർഷത്തിനുശേഷം തിരഞ്ഞെടുപ്പ് നടന്നത്. ഇതിനിടയിൽ ദേശീയ, പ്രാദേശിക ബൂർഷ്വാ പാർട്ടികളും അധികാരത്തിലേറാനായി ജനങ്ങളെ കരുവാക്കിക്കൊണ്ടിരുന്നു. ബിജെപിയെ ജനങ്ങൾ നിരാകരിച്ചു. കോൺഗ്രസ്സാകട്ടെ മുൻകാല ചെയ്തികളും വാഗ്ദാന ലംഘനങ്ങളുംമൂലം വെറുക്കപ്പെട്ടിരുന്നു.നാഷണൽകോൺഫറൻസ്, പിഡിപി, അപ്നി പാർട്ടി, ഐതിഹാദ് പാർട്ടി തുടങ്ങിയ പ്രാദേശിക പാർട്ടികളിലും ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടിരുന്നു.

ബിജെപിക്ക് സ്വാധീനമുണ്ടാക്കാൻ കഴിയില്ലെന്ന് വ്യക്തമായതോടെ അസംബ്ലി മണ്ഡല പുനർനിർണയംവഴി പിൻവാതിലിലൂടെ അധികാരത്തിലെത്താൻ അവർ ശ്രമംനടത്തി. ഇതിലൂടെ ജമ്മു മേഖലയിൽ പുതുതായി 5 മണ്ഡലങ്ങളും കാശ്മീർ മേഖലയിൽ ഒരു മണ്ഡലവും കൂട്ടിച്ചേർത്ത് ആകെ സീറ്റ് 90 ആക്കി. ഇത് കൂടാതെ 5 പേരെ നോമിനേറ്റ് ചെയ്യാനുള്ള അധികാരം ഗവർണർക്കും നൽകി. അതോടൊപ്പം ജമ്മു മേഖലയിലെ ഹിന്ദു വോട്ടുകൾ സമാഹരിക്കാനായി കടുത്ത വർഗീയ പ്രചാരണവും ആരംഭിച്ചു. നാഷ



ണൽ കോൺഫറൻസും കോൺഗ്രസ്സും സിപിഐ(എം)ഉമായി സഖ്യമുണ്ടാക്കി. പിഡിപി ഒറ്റയ്ക്കും മൽസരിച്ചു.

നിരോധിത മതമൗലികവാദ സംഘടനയായ ജമാ അത്തെ ഇസ്ലാമി പതിറ്റാണ്ടുകൾക്കുശേഷം തിരഞ്ഞെടുപ്പിൽ മൽസരിച്ചത് ആശ്ചര്യമുളവാക്കി. മുസ്ലീം വോട്ടുകൾ ഭിന്നിപ്പിക്കാനും ബിജെപിയുടെ വിജയം ഉറപ്പാക്കാനുമാണ് അവർ മൽസരിച്ചതെന്ന് ചിലർ കരുതുന്നു. ബിജെപി രഹസ്യമായി ഐതിഹാദ് പാർട്ടിയെ സഹായിച്ചുവെന്നും പറയുന്നുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് ജമ്മു-കാശ്മീർ തിരഞ്ഞെടുപ്പ് നടന്നത്.

2014ലെ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ച് കാശ്മീർ താഴ്വരയിൽ പോളിംഗിൽ വലിയ വ്യത്യാസമൊന്നും ഉണ്ടായില്ല. എന്നാൽ ബിജെപിക്ക് സ്വാധീനമുള്ള ജമ്മു മേഖലയിൽ പോളിംഗിൽ വലിയ വർദ്ധനയുണ്ടായി. പൊതുവിൽ പോളിംഗ് 60 ശതമാനത്തോടടുത്ത് ഉണ്ടെങ്കിലും ജനങ്ങളുടെ പ്രതികരണം തണുപ്പനായിരുന്നു. തിരഞ്ഞെടുപ്പിലൂടെ കാര്യമായ യാതൊരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല എന്ന ചിന്തയായിരുന്നു അവർക്ക്. വിലക്കയറ്റം, തൊഴിലില്ലായ്മ, ചെറുകിട സംരംഭങ്ങളുടെയും പരമ്പരാഗത തൊഴിൽ മേഖലയുടെയും തകർച്ച, ടൂറിസം സാദ്ധ്യതയും പ്രകൃതിവിഭവങ്ങളുംമുതലെടുക്കാനുള്ള കോർപറേറ്റ് ഭീമൻമാരുടെ തള്ളിക്കയറ്റം, ലക്കുകെട്ട വനനശീകരണവും പാറഖനനവും, തദ്ദേശീയ ജനതയെ അധീനപ്പെടുത്തൽ തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങൾക്കൊന്നും ഈ തിരഞ്ഞെടുപ്പിലൂടെ പരിഹാരമുണ്ടാകുമെന്ന് അവർക്ക് പ്രതീക്ഷയില്ലായിരുന്നു. കഴിഞ്ഞ 5 വർഷക്കാലത്ത് സൈനികനീക്കം മുന്നിൽക്കണ്ട് ചില റെയിൽവേ ലൈനുകൾ സ്ഥാപിച്ചതല്ലാതെ കാശ്മീരിൽ യാതൊരു വികസനവും നടന്നിട്ടില്ല. 370-ാം വകുപ്പ് റദ്ദ് ചെയ്തതിനുശേഷം വസ്തുനികുതി ഏർപ്പെടുത്തുകയും ചെയ്തു. മുമ്പ് ചില ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ മാത്രമാണ് മദ്യം ലഭിച്ചിരുന്നത്. എന്നാൽ, ഇന്ന് ടൂറിസ്റ്റുകളെ ആകർഷിക്കാനെന്ന പേരിൽ ധാരാളം മദ്യഷാപ്പുകൾ തുറന്നിട്ടുണ്ട്. ഇതും കാശ്മീർ താഴ്വരയിലെ ജനങ്ങളിൽ നീരസമുണ്ടാക്കി.

പ്രതീക്ഷിച്ചതുപോലെതന്നെ ബിജെപി പരാജയപ്പെടുകയും നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യം അധികാരത്തിലെത്തുകയും ചെയ്തു. എന്നാൽ ഇവരോ സഖ്യശക്തിയായ സിപിഐ(എം)ഓ ജനങ്ങൾ നേരിടുന്ന കാതലായ പ്രശ്നങ്ങളിൽ ജനാധിപത്യ സമരങ്ങൾ വികസിപ്പിച്ചെടുക്കാൻ ശ്രമിച്ചിരുന്നില്ല. ബിജെപിവിരുദ്ധ വികാരവും ചില പ്രാദേശിക വികാരങ്ങളും മുതലാക്കി ഇവർ തിരഞ്ഞെടുപ്പിൽ വിജയിച്ചുവെന്നുമാത്രം. തിരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച് ബിജെപി മൗനംപാലിക്കുകയാണ്. ജമ്മുവിലെ 11 സീറ്റുകളിൽ 'ഹിന്ദുക്കൾ അപകടത്തിൽ' എന്ന പ്രചാരണം നടത്തിയെങ്കിലും ഫലം നിരാശാജനകമായിരുന്നു. ബിജെപി, ഭീകരവാദികളിൽനിന്നും മതമൗലികവാദികളിൽനിന്നുമൊക്കെ ജനങ്ങൾക്ക് സുരക്ഷ വാഗ്ദാനം ചെയ്തിരുന്നെങ്കിലും അത് പാലിക്കപ്പെടുമെന്ന് കാശ്മീരി പണ്ഡിറ്റുകൾ പോലും വിശ്വസിച്ചില്ല. അധികാരത്തിലെത്തിയാൽ 370-ാം വകുപ്പ് പുനഃസ്ഥാപിക്കുമെന്ന് കോൺഗ്രസ്സ് പറഞ്ഞിരുന്നു. എന്നാൽ പാർലമെന്റിൽ നിയമനിർമാണം ആവശ്യമുള്ളതുകൊണ്ട് ഇത് നിറവേറ്റാനാകില്ല എന്ന് അവർക്കുതന്നെ അറിയാമായിരുന്നു. എന്തായാലും ഈ വിഷയം കോൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ജീവിതപ്രശ്നങ്ങൾമൂലം ജമ്മു മേഖലയിലെ ജനങ്ങളും അസംതൃപ്തരായിരുന്നു.

ബിജെപിയുടെ പരാജയം ആശ്വാസകരംതന്നെ. എന്നാൽ ജനവിരുദ്ധ മുതലാളിത്ത നയങ്ങൾ പിന്തുടരുന്ന നാഷണൽ കോൺഫറൻസ്-കോൺഗ്രസ്സ്സഖ്യത്തിൽനിന്ന് കാര്യമായൊന്നും പ്രതീക്ഷിക്കാനില്ല. വിപ്ലവ ഇടതുപക്ഷ ലൈനിൽ, ശരിയായ നേതൃത്വത്തിൻകീഴിൽ യോജിച്ച ബഹുജനപ്രക്ഷോഭങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലൂടെ മാത്രമേ ജീവിതദുരിതങ്ങൾക്ക് എന്തെങ്കിലും ശമനമുണ്ടാക്കാൻ കഴിയൂ എന്ന് കാശ്മീർ താഴ്വരയിലെ ജനങ്ങൾ തിരിച്ചറിയേണ്ട സന്ദർഭമാണിത്. ■

## വയോജനങ്ങൾക്ക് അഭിമാനകരമായ ജീവിതം ഉറപ്പാക്കുക

(9-ാം പേജിൽ നിന്ന്)

സംരക്ഷിക്കാൻ തയ്യാറാകാത്ത മക്കളെ നിയമപരമായി ശിക്ഷിക്കുവാനുള്ള നിയമനിർമ്മാണത്തെ കുറിച്ചാണ് ഇവിടെ ഭരണകൂടം ചിന്തിക്കുന്നത്. എന്നു പറഞ്ഞാൽ ഈ വിഷയത്തിൽ ഭരണകൂടത്തിന്റെ ചുമതല കൈയൊഴിഞ്ഞ് കേവലം കുടുംബവിഷയമായി ചുരുക്കുക എന്നർത്ഥം. മാതാപിതാക്കളെ മക്കൾ സംരക്ഷിക്കേണ്ടതുണ്ട് എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ നിയമത്തോടും ശിക്ഷയോടുമുള്ള ഭയംമൂലം മക്കൾ ചെയ്യേണ്ട ഒരു കാര്യം മാത്രമാണിത് എന്ന ധാരണ സാമൂഹ്യവിരുദ്ധമാണ്. നിയമത്തെ ഭയന്ന് നിവൃത്തികേടുമൂലം മക്കൾ നല്കുന്ന ഔദാര്യമല്ല വയോജനങ്ങൾ അർഹിക്കുന്നത്. സമൂഹത്തിനുവേണ്ടി വിവിധ മേഖലകളിൽ ഒരു മനുഷ്യായുസ്സ് മുഴുവൻ ശാരീരികവും ബൗദ്ധികവുമായ അദ്ധ്വാനങ്ങളിൽ ഏർപ്പെട്ട് ചണ്ടിയാക്കപ്പെട്ട ഓരോ വ്യക്തിയുടെയും കാര്യത്തിൽ സമൂഹത്തിന് അഥവാ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.

ആ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിവായി, മക്കളുടെ ഉത്തരവാദിത്വത്തെകുറിച്ചുള്ള ബോധവൽക്കരണങ്ങളും നിയമനിർമാണങ്ങളും നടത്തുന്നത് ക്രൂരതയാണ്! അഭിമാനത്തോടെ ജീവിക്കാനുള്ള പൗരന്റെ അവകാശമാണ് ഇതിലൂടെ ഹനിക്കപ്പെടുന്നത്. സാമൂഹ്യ ഉൽപാദന പ്രക്രിയയുടെ ഭാഗമായി നിലനിന്നുപോരുന്ന ഓരോ വ്യക്തിയുടെയും കാര്യത്തിൽ സമൂഹത്തിനാണ് പ്രാഥമിക ഉത്തരവാദിത്വം. സമൂഹത്തിന്റെ ഉത്തരവാദിത്വം വിസ്മരിച്ചുകൊണ്ട് ഈ വിഷയം ചർച്ചചെയ്യുന്നതുപോലും തികച്ചും അസംബന്ധമാണ്. മാത്രമല്ല, മക്കളും ബന്ധുക്കളും ഇല്ലാത്തവരുടെ ജീവിതത്തിന്റെ സുരക്ഷിതത്വം അപ്പോൾ ആര് ഏറ്റെടുക്കും?

മനുഷ്യ ജീവിതം എല്ലാ അർത്ഥത്തിലും സാമൂഹികമാണ്. സമൂഹമാണ് ആ ജീവിതത്തിന്റെ ഫലങ്ങൾ അനുഭവിക്കുന്നത്. അതുകൊണ്ട്, വരുമാനം ഇല്ലാത്ത മുതിർന്ന പൗരന്മാർക്ക് ഏറ്റവും കുറഞ്ഞത് പതിനായിരം രൂപയെങ്കിലും പെൻഷനായി നൽകുവാൻ സർക്കാരുകൾക്ക് ബാധ്യതയുണ്ട്. പെൻഷനോടൊപ്പം വയോജന സംരക്ഷണ കേന്ദ്രങ്ങൾ, വയോജന പാർക്കുകൾ, മാനസികമായ വെല്ലുവിളികൾ അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്ന സ്വാന്ത്വന ചികിത്സയും പരിചരണവും നൽകുന്ന കേന്ദ്രങ്ങൾ, സൗജന്യ ചികിത്സ, സൗജന്യ യാത്ര ഇവ ഉറപ്പാക്കണം. ഇതിനെല്ലാം നേതൃത്വം നൽകുവാനും വിപുലമായ പദ്ധതികൾ വിഭാവനം ചെയ്യുവാനും നടപ്പാക്കുവാനും കഴിയുന്ന വയോജന ക്ഷേമ വകുപ്പും വയോജന കമ്മീഷനും രൂപീകരിക്കുകയും വേണം.

പൊതുജനാരോഗ്യ പരിപാലന സംവിധാനം ശക്തിപ്പെടുത്തുകയും വയോജനങ്ങൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുകയും ചെയ്യേണ്ടത് ഈ സാഹചര്യത്തിൽ വളരെ അത്യാവശ്യമാണ്. ദാരിദ്ര്യം മുതലെടുത്ത് വയോജനങ്ങളെകൊണ്ട് സാഹസികവും കഷ്ടത നിറഞ്ഞതും അപമാനകരവുമായ ജോലികൾ ചെയ്യിക്കുന്നത് നിയമം വഴി തടയണം. പ്രത്യേക പരിഗണന അർഹിക്കുന്ന വ്യക്തികൾ എന്ന നിലയിൽ വയോജനങ്ങളെ പരിഗണിക്കാൻ പുതുതലമുറയെ പ്രേരിപ്പിക്കുംവിധമുള്ള ആശയാദർശങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുകയും ക്ലാസ് മുറികളിൽ ബോധവൽക്കരണം നടത്തുകയും വേണം. വയോജനങ്ങളുടെ ക്ഷേമകാര്യങ്ങളും അവകാശങ്ങളും സംബന്ധിച്ച് സമഗ്രമായ പഠനങ്ങൾ നടത്തി എല്ലാ വിഷയങ്ങൾക്കും പരിഹാരമുണ്ടാക്കാൻ സർക്കാർ മുൻകൈയെടുക്കണം.

ഈ പ്രശ്നത്തെ ഇത്രമേൽ വഷളാക്കിയതിൽ രാജ്യത്തെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ഒരു പങ്കുണ്ട്. സ്വന്തം നാട്ടിൽ ജോലി ചെയ്യാനോ മാതാപിതാക്കളെ സംരക്ഷിക്കാനോ കഴിയാതെ ചെറുപ്പക്കാർ വിദേശ രാജ്യങ്ങളിലേക്ക് നാടുകടക്കുകയാണ്. ഇത് സൃഷ്ടിക്കാൻ പോകുന്നത് ദൂരവ്യാപകമായപ്രത്യാഘാതങ്ങളാണ്.

മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ ആകെ പ്രശ്നങ്ങളാണ്. ഇന്നത്തെ യുവാക്കളാണ് നാളത്തെ വയോജനങ്ങൾ. അതുകൊണ്ട് ഈ ആവശ്യങ്ങൾ നടപ്പാക്കിയെടുക്കാനും അതിനായി സർക്കാരിനെ പ്രേരിപ്പിക്കാനും ഒരു വലിയ മുന്നേറ്റം ആവശ്യമുണ്ട്. ആ ജനകീയമായ പരിശ്രമത്തിൽ പങ്കാളികളാകാൻ ഏവരും തയ്യാറാകണം. ■

# സിൽവർ ലൈൻ പദ്ധതി അനുവദിക്കില്ല
# ആലുവയിൽ പ്രതിരോധ സംഗമം നടത്തി

വിനാശകരമായ കെ റെയിൽ സിൽവർലൈൻ പദ്ധതി നടപ്പിലാക്കാൻ അനുവദിക്കില്ല എന്ന് പ്രഖ്യാപിച്ച് സംസ്ഥാനകെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ നേതൃത്വത്തിൽ ആലുവയിൽ പ്രതിഷേധ പ്രകടനവും പ്രതിരോധസംഗമവും നടത്തി. ഡോ.എം.പി.മത്തായി ഉദ്ഘാടനം ചെയ്തു. സിൽവർലൈൻ പദ്ധതി മാത്രമല്ല കെ റെയിൽ കമ്പനി തന്നെ സാമൂഹ്യവിരുദ്ധമാണ് എന്ന് അദ്ദേഹം പറഞ്ഞു. കേരളത്തെ തച്ചുതകർക്കുന്ന വിധത്തിൽ പദ്ധതി തയ്യാറാക്കാൻ ഒരു വിധ്വംസക സംഘത്തിന് മാത്രമേ കഴിയുകയുള്ളൂ. നിഗൂഢവും അസാന്മാർഗികവുമായ ഇടപെടലുകളിലൂടെയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. കെ റെയിൽ കമ്പനിയുടെ നിലനിൽപ്പ് കേരളത്തെ തന്നെ അപകടത്തിലാക്കും എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സമരസമിതി ചെയർമാൻ എം.പി.ബാബുരാജ് അധ്യക്ഷത വഹിച്ചു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. കെ.അരവിന്ദാക്ഷൻ മുഖ്യപ്രഭാഷണം നടത്തി. കടം വാങ്ങി മുടിഞ്ഞിരിക്കുന്ന ഒരു സർക്കാർ വീണ്ടും കടം വാങ്ങി ഒരു ആർഭാട പദ്ധതി നടപ്പിലാക്കുന്നത് അനുവദിക്കാനാകില്ല എന്ന് അദ്ദേഹം പറഞ്ഞു. 316 കുടുംബങ്ങളെ കുടിയൊഴിപ്പിച്ച മൂലമ്പിള്ളിയിൽ പുനഃരധിവാസം കൃത്യമായി നടപ്പിലാക്കാൻ സാധിക്കാത്ത സർക്കാർ സിൽവർ ലൈനിന്റെ പേരിൽ പതിനായിരങ്ങളെ കുടിയിറക്കുന്നത് കൈയുംകെട്ടി നോക്കിയിരിക്കാനാകില്ല. ഇതിനെതിരെ എന്ത് വില കൊടുത്തും പോരാടും എന്നും അദ്ദേഹം പറഞ്ഞു.



ആലുവ ഉമ്മൻ ചാണ്ടി സ്ക്വയറിൽ നടന്ന പ്രതിരോധ സംഗമം പ്രൊഫ.എം.പി.മത്തായി ഉദ്ഘാടനം ചെയ്യുന്നു.



പ്രതിരോധ സംഗമത്തിന്റെ ഭാഗമായി ആലുവയിൽ നടന്ന പ്രകടനം

ജനറൽ കൺവീനർ എസ്. രാജീവൻ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സാജിതാ നൗഷാദ്, പ്രൊഫ. കുസുമം ജോസഫ്, സമരസമിതി സംസ്ഥാന രക്ഷാധികാരികളായ കെ.ശൈവപ്രസാദ്, എം.ടി.തോമസ്, യുഡിഎഫ് നിയോജകമണ്ഡലം ചെയർമാൻ ലത്തീഫ് പൂഴിത്തുറ, മുസ്ലീം ലീഗ് സംസ്ഥാന കമ്മിറ്റി അംഗം എം.കെ.എ.ലത്തീഫ്, കേരളാ കോൺഗ്രസ് ഉന്നതാധികാര സമിതി അംഗം വി.ജെ.ലാലി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എൻ.ആർ.മോഹൻകുമാർ, കോൺഗ്രസ്(ഐ) ആലുവ ബ്ലോക്ക് പ്രസിഡന്റ് പി.എ.മുജീബ്, കേരളാ കോൺഗ്രസ്(ജേക്കബ്) ജില്ലാ പ്രസിഡന്റ് പ്രിൻസ് വെള്ളറക്കൽ, വെൽഫെയർ പാർട്ടി ജില്ലാ കമ്മിറ്റി അംഗം കരിം കല്ലുങ്കൽ, സമരസമിതി സംസ്ഥാന കമ്മിറ്റി അംഗം ശരണ്യാ രാജ് തുടങ്ങിയവർ പ്രസംഗിച്ചു.

പരിസ്ഥിതി പ്രവർത്തകൻ ചന്ദ്രാംഗദൻ മാടായി സമര മുന്നേറ്റ ജ്വാല തെളിയിച്ചു. കോഴിക്കോട് കാട്ടിലപീടികയിലെയും കോട്ടയം മാടപ്പള്ളിയിലെയും അനിശ്ചിതകാല സമരപ്പന്തലുകൾക്ക് നേതൃത്വം നൽകുന്ന വനിതാ പോരാളികൾ റോസ്‌ലിൻ ഫിലിപ്പ്, ശ്രീജ കണ്ടിയിൽ എന്നിവർ ചേർന്ന് ജ്വാല ഏറ്റുവാങ്ങി.

ആലുവ റെയിൽവേ സ്റ്റേഷനു മുന്നിൽനിന്ന് ആരംഭിച്ച പ്രതിഷേധ പ്രകടനം മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ ചെയർമാൻ എം.ഒ.ജോൺ, സമരസമിതി സംസ്ഥാന കമ്മിറ്റി അംഗം മിനി കെ.ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. ബാബു കുട്ടൻചിറ (കോട്ടയം), വിനു കുര്യാക്കോസ് (എറണാകുളം), ശിവദാസ് മഠത്തിൽ(തൃശ്ശൂർ), അബൂബക്കർ ചെങ്ങാട് (മലപ്പുറം), മുരുകേഷ് നടക്കൽ (പത്തനംതിട്ട), രാമചന്ദ്രൻ വരപ്രത്ത് (കോഴിക്കോട്), എ.ഷൈജു (തിരുവനന്തപുരം), ബി.രാമചന്ദ്രൻ (കൊല്ലം), ഫിലിപ്പ് വർഗീസ് (ആലപ്പുഴ), ടി.സി.രാമചന്ദ്രൻ, നിജിൻ ചോറോട്, കെ.പി.സാൽവിൻ, സി.കെ.ശിവദാസൻ എന്നിവർ നേതൃത്വം നൽകി. ■

## മുണ്ടക്കയം സർക്കാർ ആശുപത്രി മാർച്ചും ധർണ്ണയും

മുണ്ടക്കയം സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുക, 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കുക, ആവശ്യമായ അളവിൽ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുക, കിടത്തി ചികിത്സ പുനരാരംഭിക്കുക, ഗുണനിലവാരമുള്ള മരുന്നും സൗജന്യ ചികിത്സയും ഉറപ്പാക്കുക, അത്യാഹിത വിഭാഗം പുനഃരാരംഭിക്കുക, ഗൈനക്കോളജി, ഹൃദ്രോഗ, ശിശുരോഗ, അസ്ഥിരോഗ, നേത്രചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജനകീയ സമരസമിതിയുടെ നേതൃത്വത്തിൽ ആശുപത്രി മാർച്ചും ധർണയും നടന്നു.


എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ് ധർണ്ണയെ അഭിസംബോധന ചെയ്യുന്നു.

സിഎസ്ഡിഎസ് സംസ്ഥാന പ്രസിഡന്റ് കെ.കെ.സുരേഷ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. രാജീവ് പുഞ്ചവയൽ, ബെന്നി ദേവസ്യ, സിജു കൈതമറ്റം, കെ.കെ.ജലാലുദ്ദീൻ, രാജീവ് അലക്സാണ്ടർ, ടി.എസ്.റഷീദ്, കമറുദ്ദീൻ മുളമൂട്ടിൽ, പ്രൊഫ.ടി.പി.അരുൺനാഥ്, ഗോപി മാടപ്പാട്ട്, രാജു ജി.കീഴ്‌വാറ്റ, അനിയൻ വി.സി. എരുമേലി, പി.കെ.റസാഖ്, വി.പി. കൊച്ചുമോൻ എന്നിവർ പ്രസംഗിച്ചു. ■

## കൊടുങ്ങല്ലൂർ അത്താണി ആശുപത്രിയിൽ പ്രഭാത ധർണ്ണ


റിട്ട.സബ്ബ് ഇൻസ്പെക്ടർ വി.ഐ.അഷ്റഫ് ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു.

കൊടുങ്ങല്ലൂർ അത്താണി ആശുപത്രിയിൽ പ്രസവ-കിടത്തി ചികിത്സകൾ പുനഃരാരംഭിക്കുക, എക്സ്‌റേയൂണിറ്റ് പ്രവർത്തിപ്പിക്കുക, രാത്രികാലങ്ങളിൽ ഡോക്ടറെ നിയമിക്കുക, ലാബ് ടെസ്റ്റുകൾ സൗജന്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട്, ആശുപത്രി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പേബസാറിൽ പ്രഭാത ധർണ്ണ നടത്തി. ഷിഹാബ് അധ്യക്ഷത വഹിച്ച ധർണ്ണ പൊതുപ്രവർത്തകനും റിട്ട. സബ്ബ് ഇൻസ്പെക്ടറുമായ വി.ഐ.അഷ്റഫ് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി പ്രവർത്തകൻ പി.കെ.ധർമ്മരാജ്, ഇ.കെ. സോമൻമാസ്റ്റർ, അബ്ദുൾ മജീദ്, സി.എസ്.കൃഷ്ണകുമാർ, സിറാജുദ്ദീൻ ഷാജി, നന്ദഗോപൻ വെള്ളത്താടി, ശിവൻ ശാന്തി, സിറാജ് അത്താണി, പി.വി.സത്യൻ, കെ.വി.വിനോദ് അജേഷ് തൈത്തറ, സുജ ആന്റണി എന്നിവർ പ്രസംഗിച്ചു. ദിലീപ് മേത്തല, റഷീദ് കൊട്ടിക്കൽ, കണ്ണൻ എറിയാട്, പി.പി.ജെയ്സൺ, ഷമീർ അത്താണി, കെ.വി.രാജീവൻ, എ.വി. ബെന്നി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ■

### യുദ്ധവിരുദ്ധദിനം...



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയുടെ ആഹ്വാനപ്രകാരം നവംബർ 4 യുദ്ധവിരുദ്ധ ദിനമായി ആചരിച്ചുകൊണ്ട് കൊല്ലം ചിന്നക്കടയിൽ നടന്ന യുദ്ധവിരുദ്ധ സംഗമം പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.

### കുമാരനാശാൻ ചരമശതാബ്ദി...



കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതി നവംബർ 9ന് രാമങ്കരി എസ്എൻഡിപി ഹാളിൽ സംഘടിപ്പിച്ച കുമാരനാശാൻ ചരമശതാബ്ദി ആചരണസമ്മേളനം മുൻമന്ത്രി ജി.സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.



ചാലക്കുടി ചോല ആർട്ട് ഗാലറിയിൽ നടന്ന കുമാരനാശാൻ അനുസ്മരണം ഡോ.വൽസലൻ വാതുശ്ശേരി ഉദ്ഘാടനം ചെയ്യുന്നു.

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2024 November
Price: Rs. 10.00

## വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മഹത്വം ഉദ്ഘോഷിച്ച

# വിദ്യാർത്ഥിശക്തി സംസ്ഥാന ജാഥ

**വി**ജ്ഞാനത്തെയും മാനവികതയെയും സംസ്കാരത്തെയും സംരക്ഷിക്കുക, ഉന്നത വിദ്യാഭ്യാസത്തെ തകർക്കുന്ന നാലു വർഷ ബിരുദം(FYUGP) പിൻവലിക്കുക, ദേശീയ വിദ്യാഭ്യാസ നയം 2020ന് എതിരെ അണിനിരക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട്, ആൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) കേരള സംസ്ഥാന കമ്മിറ്റി, ഒക്ടോബർ 21 മുതൽ നവംബർ 9 വരെ സംഘടിപ്പിച്ച 'വിദ്യാർത്ഥി ശക്തി' ജാഥ സമാപിച്ചു.



കാഞ്ഞങ്ങാട് നടന്ന സമാപന സമ്മേളനത്തിൽ എഐഡിഎസ്ഒ കർണ്ണാടക സംസ്ഥാന സെക്രട്ടറി അജയ് കമ്മത്ത് പ്രസംഗിക്കുന്നു.

ഒക്ടോബർ 21 ന് തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച ജാഥ അഖിലേന്ത്യാ പ്രസിഡന്റ് വി.എൻ.രാജശേഖർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഡോ.എസ്.അലീന നയിച്ച ജാഥ വിവിധ ജില്ലകളിലൂടെയും കലാലയങ്ങളിലൂടെയും പര്യടനം നടത്തി നവംബർ 9ന് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് സമാപിച്ചു. എഐഡിഎസ്ഒ അഖിലേന്ത്യാ എക്സിക്യൂട്ടിവ് കമ്മിറ്റിയംഗവും കർണ്ണാടക സംസ്ഥാന സെക്രട്ടറിയുമായ സഖാവ് അജയ് കമ്മത്ത് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളെയും അധ്യാപകരെയും വിദ്യാഭ്യാസ സ്നേഹികളെയും അണിനിരത്തിക്കൊണ്ട് സമരവേദി പടുത്തുയർത്തി, ദേശീയ വിദ്യാഭ്യാസ നയം 2020ന് എതിരെ പോരാടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് അജയ് കമ്മത്ത് പറഞ്ഞു.



വിദ്യാർത്ഥിശക്തി ജാഥയ്ക്ക് കുത്താട്ടുകുളത്ത് നൽകിയ സ്വീകരണം.

ദേശീയ വിദ്യാഭ്യാസ നയം 2020ന് എതിരെ ജനകീയ പ്രക്ഷോഭം വളർത്തിയെടുക്കാൻ ലക്ഷ്യം വെച്ചുകൊണ്ട്, എഐഡിഎസ്ഒ നവംബർ 27 മുതൽ 29 വരെ ഡൽഹിയിൽ സംഘടിപ്പിക്കുന്ന പത്താമത് അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനത്തിന് മുന്നോടിയായാണ് സംസ്ഥാന ജാഥ സംഘടിപ്പിച്ചത്. ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കിക്കൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസ രംഗം സ്വകാര്യമൂലധന ശക്തികൾക്ക് അടിയറ വെയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ നടപടികൾ വിശദീകരിച്ചുകൊണ്ട് നടന്ന ജാഥയ്ക്ക് കാമ്പസുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ഹാർദ്ദമായ സ്വീകരണം ലഭിച്ചു. നാലു വർഷ ഡിഗ്രി നടപ്പിലാക്കിക്കൊണ്ട്, എല്ലാ സർവകലാശാലകളിലും ഭീമമായ ഫീസ് വർദ്ധനവ് നടപ്പിലാക്കുമ്പോൾ നിശബ്ദത വെടിഞ്ഞ് സമരരംഗത്ത് അണിനിരക്കുകയെന്ന വിദ്യാർത്ഥി ശക്തി ജാഥയുടെ സന്ദേശം ജനാധിപത്യ വിശ്വാസികൾ തുറന്ന മനസ്സോടെ സ്വീകരിച്ചു.

ദേശീയ വിദ്യാഭ്യാസ നയം 2020 നടപ്പിലാക്കുന്ന പിണറായി സർക്കാരിന്റെ കച്ചവട താൽപര്യത്തിനെതിരെ വിദ്യാഭ്യാസ സ്നേഹികളെ ഒന്നിപ്പിച്ചുകൊണ്ട്, ഒരു വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനം കേരളത്തിൽ സംഘടിപ്പിച്ചെടുക്കാനായുള്ള ചുവടുവെയ്പ്പായി എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി 'വിദ്യാർത്ഥി ശക്തി' ജാഥയെ കാണുന്നുവെന്ന് ജാഥ ക്യാപ്റ്റൻ ഡോ.എസ്.അലീന പറഞ്ഞു.

കാഞ്ഞങ്ങാട് നടന്ന സമാപന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി അഡ്വ.ആർ.അപർണ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റുമാരായ അകിൽ മുരളി, കെ.റഹീം, ജാഥാ മാനേജരും സെക്രട്ടേറിയറ്റംഗവുമായ ഗോവിന്ദ് ശശി, ട്രഷറർ ആർ.മീനാക്ഷി എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ജാഥയോടൊപ്പം എഐഡിഎസ്ഒയുടെ നാടകസംഘമായ ഗോർക്കി തീയറ്റേഴ്സ് അവതരിപ്പിച്ച തെരുവുനാടകവും സ്ട്രീറ്റ് ബാന്റിന്റെ അവതരണവും ഉണ്ടായിരുന്നു. ■


വിദ്യാർത്ഥിശക്തി ജാഥയുടെ ഭാഗമായി തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ തെരുവുനാടകം അവതരിപ്പിക്കുന്നു.

## തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന സമ്മർദ്ദങ്ങളും വിവേചനങ്ങളും ലൈംഗിക അതിക്രമങ്ങളും അവസാനിപ്പിക്കുക

# തൊഴിലവകാശ സംരക്ഷണ കൺവൻഷൻ

**തൊ**ഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ജോലി സമ്മർദ്ദങ്ങൾക്കും വിവേചനങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരെ എറണാകുളം അച്യുതമേനോൻ ഹാളിൽ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന(എഐഎംഎസ്എസ്) സംഘടിപ്പിച്ച തൊഴിലവകാശ സംരക്ഷണ കൺവൻഷൻ ഫിലിംമേക്കർ ഡോ.ആശ ആച്ചി ജോസഫ് ഉദ്ഘാടനം ചെയ്തു.



എഐഎംഎസ്എസ് എറണാകുളത്ത് സംഘടിപ്പിച്ച തൊഴിലവകാശ സംരക്ഷണ കൺവൻഷൻ ഡോ.ആശ ആച്ചി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

അന്ന സെബാസ്റ്റ്യൻ എന്ന 26 വയസുള്ള ഐ.ടി പ്രൊഫഷണൽ ഏണസ്റ്റ്&യങ് കോർപ്പറേറ്റ് കമ്പനിയിലെ ജോലിഭാരം താങ്ങാനാകാതെ കുഴഞ്ഞു വീണ മരിച്ച സംഭവവും ആർജികർ മെഡിക്കൽ കോളേജിൽ 36 മണിക്കൂർ നീണ്ട ഡ്യൂട്ടിക്കുശേഷം വിശ്രമിക്കാൻ പോയ വനിതാ ഡോക്ടറെ കൂട്ട ബലാത്സംഗത്തിനിരയാക്കി കൊലപ്പെടുത്തിയതും കേരളത്തിൽ ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുകൊണ്ടുവന്ന വാർത്തകളും തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ഗുരുതരമായ തൊഴിൽചൂഷണവും വിവേചനങ്ങളും ലൈംഗികഅതിക്രമങ്ങളും വെളിപ്പെടുത്തുന്നു. സർക്കാർ മേഖലയിലായാലും അസംഘടിത മേഖലയിലയാലും സ്ത്രീകൾക്ക് മിനിമം കൂലി പോലും ഉറപ്പാക്കപ്പെടുന്നില്ല. അംഗൻവാടി ആശാ വർക്കർമാർ, ഹരിത കർമ്മ സേനാംഗങ്ങൾ, പീലിങ് തൊഴിലാളികൾ, കടകൾ, പെട്രോൾ പമ്പുകൾ, സ്വകാര്യസ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ എല്ലാ മേഖലകളിലും ഇതാണ് സ്ഥിതി. സിനിമ മേഖലയിൽ സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങൾ എത്ര ഗൗരവമേറിയതാണെന്ന് ഹേമക്കമ്മറ്റി റിപ്പോർട്ട് വെളിച്ചത്ത് കൊണ്ടുവന്നിരിക്കുകയാണ്. കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന തൊഴിലാളിവിരുദ്ധ നയങ്ങൾ സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയാണ്.

സിനിമരംഗം, ആരോഗ്യ മേഖല, ബാങ്കിംഗ് മേഖല, കെഎസ്ആർടിസി, ഐടി മേഖല, സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങൾ തുടങ്ങി സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ മേഖലയിലുമായി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ കൺവൻഷനിൽ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെട്ടു. വിവിധ മേഖലകളെ പ്രതിനിധീകരിച്ച് വനിതകൾ കൺവൻഷനിൽ പങ്കെടുത്തു.

അഖിലേന്ത്യാമഹിളാ സാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് എസ്.സൗഭാഗ്യകുമാരി അധ്യക്ഷതവഹിച്ചു. പി.ഇ.ഉഷ(അൽത്തീയ വനിതാ കൂട്ടായ്മ), എസ്. പിങ്കി(എഐബിഇഎ സംസ്ഥാന അസി.സെക്രട്ടറി), ഷൈല കെ.ജോൺ (എഐഎംഎസ്എസ് അഖിലേന്ത്യാ വൈസ് പ്രസിഡന്റ്), മിനി ബോബി (യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ), കെ.എം. ബീവി (എഐഎംഎസ്എസ്, സംസ്ഥാന സെക്രട്ടറി) കെ.എസ്.ഹരികുമാർ (മുൻ സേഫ്റ്റി ഓഫീസർ, എഫ്എസിറ്റി), എം.എ.ബിന്ദു (സ്കീം വർക്കേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ), ഡോ.തുഷാര തോമസ് (സംസ്ഥാന സെക്രട്ടറി, മെഡിക്കൽ സർവ്വീസ് സെന്റർ) ജയപ്രഭ (കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ), എ.റജീന (സംസ്ഥാന സെക്രട്ടേറിയറ്റംഗം, എഐഎംഎസ്എസ്) എന്നിവർ പ്രസംഗിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് കെ.കെ.ശോഭ സ്വാഗതവും സംസ്ഥാന സെക്രട്ടേറിയറ്റംഗം എം.കെ.ഉഷ നന്ദിയും രേഖപ്പെടുത്തി. ■


സമ്മേളന സദസ്സ് ഒരു ദൃശ്യം.

Volume: 51 No: 8 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.